# അയനങ്ങൾ

ഇ. ഹരികുമാർ



അയനങ്ങൾ

ഇ. ഹരികുമാർ
(മലയാളം: നോവൽ)

© 2026, E. Harikumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XƎTEX from TEXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Loneliness, a painting by Felix Nussbaum (1904–1944). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


അയനങ്ങൾ . . . . . . . . . . . . . . . 4

ഒന്ന് . . . . . . . . . . . . . . . . . . . . . 5

രണ്ട് . . . . . . . . . . . . . . . . . . . . . 6

മൂന്ന് . . . . . . . . . . . . . . . . . . . . . 7

നാല് . . . . . . . . . . . . . . . . . . . . 8

അഞ്ച് . . . . . . . . . . . . . . . . . . . . 9

ആറ് . . . . . . . . . . . . . . . . . . . . . 10

ഏഴ് . . . . . . . . . . . . . . . . . . . . . 11

എട്ട് . . . . . . . . . . . . . . . . . . . . . 12

ഒമ്പത് . . . . . . . . . . . . . . . . . . . . 13

പത്ത് . . . . . . . . . . . . . . . . . . . . 14

പതിനൊന്ന് . . . . . . . . . . . . . . . 15

പന്ത്രണ്ട് . . . . . . . . . . . . . . . . . . 16

പതിമൂന്ന് . . . . . . . . . . . . . . . . . 17

പതിനാല് . . . . . . . . . . . . . . . . . 18

പതിനഞ്ച് . . . . . . . . . . . . . . . . . 19

പതിനാറ് . . . . . . . . . . . . . . . . . . 20

പതിനേഴ് . . . . . . . . . . . . . . . . . . 21

പതിനെട്ട് . . . . . . . . . . . . . . . . . 22

പത്തൊമ്പത് . . . . . . . . . . . . . . . 23

ഇരുപത് . . . . . . . . . . . . . . . . . . 24

ഇരുപത്തിയൊന്ന് . . . . . . . . . . 25

# അയനങ്ങൾ

എഴുപതുകളുടെ തുടക്കം. ബോംബെ നഗരത്തിൽ ഏറ്റവും കൂടുതൽ നടീനടന്മാരും സിനിമയുമായി ബന്ധപ്പെട്ടവരും താമസിക്കുന്ന ജൂഹു വില്ലേ പാർലെ സ്കീം. രാവിലെ വെറുതെ നിരത്തുകളിലൂടെ നടക്കാനിറങ്ങിയാൽ കാണുക റിഫ്ളക്ടേഴ്സ് പിടിച്ച് നിൽക്കുന്ന ലൈറ്റ് ബോയ്സ് ആണ്. നടീനടന്മാർ, കാമറ, ജനറേറ്റർ വാൻ, ഗാർഡൻ കുടക്കീഴിലിരിക്കുന്ന ഡയറക്ടർ... തെരുവിൽ വച്ച് കാണുമ്പോൾ അന്യോന്യം ഉപചാരവാക്കായി പറയുന്നത് 'എവിടെയാണ് ഇന്ന് ഷൂട്ടിങ്ങ്' എന്നാണ്. സാങ്കേതികവിദ്യ കലാപരതയെ വല്ലാതെ ആക്രമിക്കാൻ തുടങ്ങിയിട്ടില്ലാത്ത കാലം. നന്മയുടെ അംശങ്ങൾ അപ്പോഴും വിട്ടു പോകാത്ത ആ അന്തരീക്ഷത്തിലാണ് ഞാൻ നോവലിലെ കഥാപാത്രങ്ങളെ കണ്ടുമുട്ടുന്നത്. അവരുടെ ഓർമ്മയ്ക്കായി ഞാൻ ഈ നോവൽ സമർപ്പിക്കുന്നു.

# ഒന്ന്

കുതിരകളെത്തേടിയുള്ള യാത്രയിൽ എത്തുന്നത് ബീച്ചിലാണ്. അവിടെ എപ്പോഴും കുതിരകളുണ്ടാവും. രണ്ടു വാതിലുള്ള മഞ്ഞ നിറം കയറിയ വെള്ള ഹെരാൾഡിൽ നിന്ന് സുനിൽ പുറത്തിറങ്ങി. വാതിൽ പൂട്ടാൻ മെനക്കെടാതെ അയാൾ ബീച്ചിലേയ്ക്കു നടന്നു. ബീച്ചിലേയ്ക്കിറങ്ങുന്നതിനു മുമ്പ് അയാൾ ഒരു സിംഹാവലോകനത്തിനു വേണ്ടി നിന്നു. ആറടി ഒരിഞ്ച് ഉയരമുള്ള അയാളുടെ ദേഹം ഹോളിഡേ ഇൻ ഹോട്ടലിന്റെ പാർശ്വത്തിൽ ഒറ്റപ്പെട്ടു നിൽക്കുന്നത് ബീച്ചിൽ കുതിരകളുടെ കടിഞ്ഞാണും പിടിച്ചു നിൽക്കുന്ന പയ്യന്മാരുടെ കണ്ണിൽ പെട്ടു. സുനിലിന് അതു മനസ്സിലായി. ‘ഫിലിമി സേട്ടു വന്നു’വെന്ന് കുതിരക്കാർ തമ്മിൽ പറയുന്നുണ്ടെന്ന് അതു കേട്ടില്ലെങ്കിലും അയാൾക്ക് മനസ്സിലായി. അയാൾ ബീച്ചിലേയ്ക്ക് ഇറങ്ങി നടന്നു.

വേലിയിറക്കമായതുകൊണ്ട് നുരയുണ്ടാക്കുന്ന കടൽ അകലത്താണ്. കുതിരകളും ഒട്ടകങ്ങളും നിൽക്കുന്നതിനും അപ്പുറത്ത് രണ്ടു പയ്യന്മാർ കസർത്തെടുക്കുകയാണ്. ബാസു ദത്തിന്റെ ഗാങ്ങാണതെന്ന് അയാൾക്ക് മനസ്സിലായി. ഒരു ട്രൗസർമാത്രം ധരിച്ച്, ഉരുക്കുപോലെ ശരീരമുള്ള ബാസു ദത്ത് മേൽനോട്ടം വഹിച്ചിരുന്നു. സുനിൽ അടുത്തെത്തുമ്പോഴേയ്ക്ക് കുതിരക്കാരെല്ലാം അയാളുടെ ചുറ്റും വളഞ്ഞു. അയാൾ മുഖം ചുളിച്ചുകൊണ്ട് കുതിരകളെ നോക്കി. ഒരു വെള്ള കുതിരയും മിനുത്ത തവിട്ടു നിറമുള്ള കുതിരയുമൊഴിച്ചാൽ ബാക്കിയെല്ലാം ചാവാളിക്കുതിരകളാണ്. ഒരു കസ്റ്റമർ വേശ്യാലയത്തിൽ പ്രവേശിച്ച ഉടനെ അവരവരുടെ അവയവങ്ങളെ മുഴപ്പിച്ച് കാണിച്ച് വശീകരിക്കുന്ന വേശ്യകളെപ്പോലെ പയ്യന്മാർ അവരവരുടെ കുതിരകളെ സുനിലിന്റെ മുമ്പിൽ നിരത്തി. ആ പയ്യന്മാരുടെ ശോഷിച്ച കരുവാളിച്ച മുഖങ്ങൾ നോക്കിയപ്പോൾ കുതിരകൾ ചാവാളികളാകുന്നതിൽ എന്താണദ്ഭുതമുള്ളതെന്ന് അയാൾ ആലോചിച്ചു. അയാൾ ചോദിച്ചു.

‘ലക്ഷ്മണന്റെ കുതിരയെവിടെ?’

ബീച്ചിൽ ഏറ്റവും ഉയരമുള്ള, ഭംഗിയുള്ള കുതിര ലക്ഷ്മണന്റേതായിരുന്നു.

പയ്യന്മാർ മുഖത്തോടുമുഖം നോക്കി. അതിൽ ഏറ്റവും മുതിർന്നവൻ പറഞ്ഞു.

‘ലക്ഷ്മൺ ജയിലിലാണ്.’

‘ഊം?’

‘ദാരു പീകെ ജഗഡാകിയാ, സേട്ട്.’ കള്ളു കുടിച്ച് ലഹളയുണ്ടാക്കൽ ലക്ഷ്മണന്റെ സ്ഥിരം പരിപാടിയാണ്.’

‘ഇന്ന് എല്ലാ കുതിരകളും വേണം’ സുനിൽ പറഞ്ഞു.

പയ്യന്മാരുടെ കണ്ണുകൾ വികസിച്ചു.

‘ശരി സേട്ട്, എപ്പഴാ വേണ്ടതു?’

‘ഇപ്പോൾത്തന്നെ പോണം.’

രണ്ടു പയ്യന്മാർ ഉടനെ കുതിരപ്പുറത്ത് ചാടിയിരുന്നു. അയാൾ പറഞ്ഞു.

‘ഇറങ്ങ്. നടത്തിക്കൊണ്ടു പോയാൽ മതി. അല്ലെങ്കിലേ ചാവാളിക്കുതിരകളാണ്. ഇനി അവറ്റെ ഓടിച്ച കൊണ്ടു പോയാൽ അവിടെയെത്തുമ്പോഴേയ്ക്ക് ക്ഷീണിച്ച നാശമാവും.’

ബാസു ദത്ത് ഉറക്കെ വിളിച്ചു ചോദിച്ചു.

‘സുനിൽ ഇന്നു ഷൂട്ടിങ്ങുണ്ടോ?’

‘ഉണ്ട്’ സുനിൽ കൈവീശിക്കാണിച്ചു.

ബാസു ദത്ത് ഒരിക്കൽക്കൂടി കൈവീശി, തിരിഞ്ഞ് ഒരു പയ്യനെ തലകുത്തി മറിയാൻ സഹായിച്ചു.

‘ഷൂട്ടിങ്ങ് എവിടെയാണ് സേട്ട്?’ കുതിരക്കാർ ചോദിച്ചു.

‘ടെൻത്ത് റോഡിൽ, ധീരേന്ദ്രയുടെ ബങ്ക്ളാവിനു മുമ്പിൽ.’ അയാൾ നടന്നുകൊണ്ട് പറഞ്ഞു. ‘പതുക്കെ നടത്തിക്കൊണ്ടു പോയാൽ മതി.’ അയാൾ ഒരിക്കൽക്കൂടി താക്കീതു കൊടുത്തു.

അയാൾ കാർ സ്റ്റാർട്ടാക്കി കണ്ണാടിയിൽക്കൂടി നോക്കിയപ്പോൾ കുതിരകൾ ഒരു വരിയായി നടന്നു വരുന്നുണ്ട്. മെലിഞ്ഞുണങ്ങിയ കുതിരക്കാർ കടിഞ്ഞാണമേന്തി അവരവരുടെ കുതിരകൾക്കൊപ്പം നടക്കുന്നു.

ടെൻത്ത് റോഡിൽ ധീരേന്ദ്രയുടെ ബങ്ക്ളാവിനു മുമ്പിൽ ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. റിഫ്ളക്റ്ററുകളും ജനറേറ്റർ വാനും കാമറകളും എല്ലാം എത്തിയിരുന്നു. ഡയറക്ടറും കാമറാമാനും കൂടി പശ്ചാത്തലത്തെപ്പറ്റി ചർച്ചയാണ്. മഴവില്ലിന്റെ നിറമുള്ള വലിയ കുടയ്ക്കുതാഴെ ഇട്ടിരിക്കുന്നത് ഡയറക്ടർക്കുള്ള കസേലയാണ്. റോഡിന്റെ മറുവശത്ത് വേറൊരു കുടയ്ക്കു കീഴിൽ പുരാതനമായ തന്റെ ടേപ്പ് റെക്കോർഡറും മുമ്പിൽവച്ച് ഇരിക്കുന്നത് അരവിന്ദ് പൈ ആണ്. ഡയറക്ടർ വിനോദ് മുഖമുയർത്തി ചോദ്യപൂർവ്വം സുനിലിനെ നോക്കി. കുതിരകളെപ്പറ്റിയാണ്.

സുനിൽ തലയാട്ടി. അപ്പോൾത്തന്നെ ടെൻത്ത് റോഡിന്റെ തിരിവിൽ നിന്ന് കുതിരകളെ ഓരോന്നോരോന്നായി നടത്തി കുതിരക്കാർ നടന്നു വരുന്നതു കണ്ടു. പന്നികൾ. സുനിൽ വിചാരിച്ചു. തന്റെ കാർ കാഴ്ചയിൽ നിന്നു മറഞ്ഞപ്പോൾ അവർ കുതിരപ്പുറത്തുകയറി ഓടിച്ചുവന്നതാണെന്നു വ്യക്തം. റോഡിന്റെ തിരിവിനു കുറച്ചുമുമ്പേ അവർ കുതിരപ്പുറത്തു നിന്നിറങ്ങി നല്ല കുട്ടികളായി വരികയാണ്.

വില്ലൻ ജയറാം ഭട്ട് കസേലയിലിരുന്ന് ബീയർ കുപ്പിയിൽനിന്ന് നേരിട്ടു കുടിക്കുകയാണ്. ചുറ്റും അയാളുടെ ഗാങ്ങും.

‘എത്രാമത്തെ കുപ്പിയാണ് ജയറാം?’ സുനിൽ അന്വേഷിച്ചു.

‘നാലാമത്തെ.’

ഭട്ടിന്റെ മൂത്രാശയത്തിന്റെ വലുപ്പം എത്രയുണ്ടാകുമെന്ന് അയാൾ അദ്ഭുതപ്പെട്ടു. ഷൂട്ടിങ്ങിനിടയിൽ അയാൾ മൂത്രമൊഴിക്കുന്നത് കണ്ടിട്ടേയില്ല.

അവസാനം എത്തിയത് കുതിരകളാണെന്നു തോന്നുന്നു. കാരണം കുതിരകൾ എത്തിയപ്പോഴേയ്ക്കും രംഗം സജീവമായി. ഡയറക്ടർ ഓടിനടന്ന് കല്പിക്കുന്നു. കാമറാമാൻ, കാമറയ്ക്കു പിന്നിൽ ഒരു സ്റ്റൂളിന്മേൽ കയറിനിന്നു. ജനറേറ്റർവാൻ പ്രവർത്തിപ്പിച്ചു. റിഫ്ളക്ടേഴ്സുമായി ലൈറ്റ്ബോയ് തയ്യാറായി നിന്നു. അരവിന്ദ് പൈ ടേപ് റെക്കോർഡറിനു പിന്നിൽ പടിഞ്ഞിരുന്നു. വെള്ളക്കുതിര മുമ്പിലും മറ്റുള്ള കുതിരകൾ പിന്നിലുമായി നിർത്തി കുതിരക്കാർ കയറിയിരുന്നു. കാമറമാൻ പറഞ്ഞു. ‘റെഡി.’ കുതിരക്കാർ മുന്നോട്ടു കുതിച്ചു, കാമറയ്ക്കു മുമ്പിലെത്തി നിന്നു. കുതിരക്കാർ കുതിരപ്പുറത്തുനിന്നിറങ്ങാതെ കുതിരകളെ പിന്നോക്കം നയിച്ചു. ഡയറക്ടർ വീണ്ടും നിർദ്ദേശങ്ങൾ കൊടുത്തു. കാമറാമാൻ ഫ്രെയ്മ് ശരിയാക്കി. കുതിരക്കാർ വീണ്ടും കുതിരയുമായി മുന്നോട്ടു കുതിക്കുമ്പോൾ അരവിന്ദ് പൈ റെക്കോർഡർ ഓണാക്കി. ഒരട്ടഹാസത്തോടെ തുടങ്ങുന്ന പാട്ട് മുഴങ്ങി. ഡയറക്ടർ സൈഡ് കാമറാമാന് നിർദ്ദേശങ്ങൾ കൊടുക്കുകയായിരുന്നു. അയാൾ അരവിന്ദ് പൈയ്ക്കു നേരെ കൈകാണിച്ച് പാട്ടു നിർത്താനാവശ്യപ്പെട്ടു. കുതിരകളുടെ നീക്കം ശ്രദ്ധിക്കുകയായിരുന്ന പൈ ഡയറക്ടർ ആവശ്യപ്പെട്ടത് കേട്ടില്ല. ഡയറക്ടർ അട്ടഹസിച്ചു.

‘അരവിന്ദ് സ്റ്റോപ്പ് യുവർ ലൗസി മ്യൂസിക്.’

അരവിന്ദ് പൈ റെക്കോർഡർ നിർത്തി കൈകൊണ്ട് സ്പൂൾ പിന്നോക്കം തിരിച്ചു. കുതിരക്കാർ കുതിരകളെ വീണ്ടും തുടങ്ങിയ സ്ഥലത്തു കൊണ്ടുവന്നു നിർത്തി. ജയറാം ഭട്ട് വെള്ളക്കുതിരയുടെ മുകളിൽ കയറി തലയുയർത്തി ഇരുന്നു. അയാളുടെ ഗാങ്ങിലുള്ളവർ മറ്റു കുതിരകൾക്കു മേലെ ആസനസ്ഥരായി. ഒരാൾ ജയറാമിനു മുമ്പിൽ ക്ലാപ്പടിച്ച പിൻമാറി. സംഗീതം തുടങ്ങിയിരുന്നു.

ഷൂട്ടിങ്ങ് പുരോഗമിച്ചുകൊണ്ടിരിക്കേ ക്രമേണ സുനിലിന് സ്വയം അന്യത്വം അനുഭവപ്പെട്ടു. താൻ ഇതിന്റെയൊന്നും ഭാഗമല്ലെന്നും തന്റെ സാന്നിദ്ധ്യം ഒരു കണ്ണാടിമേൽ വന്നിരുന്ന ഈച്ചയെപ്പോലെ അനാവശ്യമാണെന്നും അയാൾക്കു തോന്നി. വെയിൽ നല്ലവണ്ണം മൂത്തിരുന്നു. അയാൾ സൂര്യനു താഴെ സ്വന്തം പ്രവർത്തികളിൽ മുഴുകിയിരിക്കുന്ന ആൾക്കാരെ നോക്കി. ശ്രദ്ധയോടെ റിഫ്ളക്ടേഴ്സ് പിടിക്കുന്ന ലൈറ്റ് ബോയ്സ്, കാമറയ്ക്കു പിന്നിൽ വിയർത്തു നിൽക്കുന്ന കാമറാമാൻ, ഡയറക്ടർ ആംഗ്യം കാണിക്കുമ്പോൾ ടേപ്പ് റെക്കോർഡറിന്റെ സ്പൂൾ കൈകൊണ്ട് തിരിക്കുന്ന അരവിന്ദ് പൈ, കുതിരപ്പുറത്ത് തോക്കുകൾ കൈയ്യിലേന്തി ജേതാക്കളെപ്പോലെ നിൽക്കുന്ന വില്ലനും ഗാങ്ങും, മഴവിൽനിറമുള്ള കുടയ്ക്കു കീഴിൽ കസേലയിലിരുന്ന് ആജ്ഞാപിക്കുന്ന ഡയറക്ടർ. ഷൂട്ടിങ്ങ് കാണാനെത്തിയവർ...

അയാൾ കാറിൽ കയറി സ്റ്റാർട്ടാക്കി. ഏതാനും ദൂരം പോയപ്പോൾ വളവിനു മുമ്പ് ഒരു പെൺകുട്ടി തള്ളവിരൽ പൊക്കിക്കാണിച്ചു. അവൾ ജീൻസും ടീഷർട്ടുമാണ് ധരിച്ചിരുന്നത്. ഷർട്ടിനു മുമ്പിൽ മാറിൽ ഇരു വശത്തുമായി ശരമേറ്റ രണ്ടു ഹൃദയങ്ങൾ. അയാൾ കാർ നിർത്തിയില്ല, കാരണം അയാൾ പ്രൊഡ്യൂസറുടെ വീട്ടിലേയ്ക്കാണ് പോയിരുന്നത്. അതാകട്ടെ രണ്ടു നിരത്തുകൾക്കപ്പുറത്താണ്. അയാൾ കാർ നിർത്തുന്നില്ലെന്നു കണ്ടപ്പോൾ അവൾ രണ്ടു കൈകളും ഉയർത്തി അപേക്ഷാസ്വരത്തിൽ വിളിച്ചുപറഞ്ഞു. ‘പ്ലീസ്...’

പെട്ടെന്നയാൾ ഓർത്തു. ഒരുപക്ഷേ, ഹിച്ച് ഹൈക്കിങ്ങായിരിക്കില്ല അവളുടെ ആവശ്യം. ഹിച്ച് ഹൈക്കിങ്ങ് ആവശ്യപ്പെടുന്ന പെൺകുട്ടികളുടെ മുഖത്തെ ഗർവ്വം, ഞാൻ നിങ്ങൾക്ക് ഒരു ഔദാര്യം ചെയ്യു തരികയാണെന്ന ഭാവവും അവളുടെ മുഖത്തുണ്ടായിരുന്നില്ല. അവിടെ അപേക്ഷയായിരുന്നു. അതിൽ തിടുക്കമുണ്ടായിരുന്നു. അയാൾ ബ്രേയ്ക്കിട്ടു. കാർ റിവേഴ്സെടുത്ത് അവൾ നില്ക്കുന്നിടത്തേയ്ക്കു വന്നു. കാർ നിർത്തിയതു കണ്ട് ഓടിവരാൻ അവളും തയ്യാറായിരുന്നു. അയാൾ വാതിൽ തുറക്കാതെ പറഞ്ഞു.

‘ഞാൻ അധികദൂരമൊന്നും പോകുന്നില്ല.’

‘പോകുന്നത്ര കൊണ്ടുപൊയ്ക്കൂടെ.’ അവൾ ശ്വാസം വിടാതെ ചോദിച്ചു.

അയാൾ ഒന്നും പറയാതെ കാറിന്റെ വാതിൽ തുറന്നുകൊടുത്തു. അവൾ കയറിയിരുന്ന് വാതിലടച്ചു. സ്റ്റാർട്ടാക്കുമ്പോൾ അയാൾ ചോദിച്ചു.

‘നീയെന്തു പെർഫ്യൂമാണ് ഉപയോഗിക്കുന്നത്? നിന്നെ തിന്നാൻ സ്വാദുള്ള ചോക്കളേറ്റു മാതിരി വാസനിക്കുന്നു.’

അവൾ പറഞ്ഞു. ‘മദാം റോഷാ.’

അയാൾ വലത്തോട്ട് കാർ തിരിച്ചു. അവൾ പറഞ്ഞു.

‘എന്റെ പേര് അപർണ്ണ എന്നാണ്. ഞാൻ സുനിൽ സാബിനെ കഴിഞ്ഞ ഒരാഴ്ചയായി ഫോൺ ചെയ്യാൻ ശ്രമിക്കുന്നു.’

അപർണ്ണ!

അയാൾ പെട്ടെന്ന് ടെലിഫോണിനടുത്തുള്ള മെസ്സേജ് ബുക്കിൽ ഈ പേർ ദിവസവും ഹസിം എഴുതിവച്ചിരുന്നത് ഓർത്തു. പെട്ടെന്നയാളുടെ ആറാം ഇന്ദ്രിയം ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങി. താൻ ഒരു ഫിലിം സ്റ്റാറാണെന്നും തനിക്ക് ഈ അടുത്തിരിക്കുന്ന പെൺകുട്ടിയിൽ മതിപ്പുണ്ടാക്കണം എന്നും അയാൾ ഓർത്തു. അയാൾ സ്റ്റീരിയോ ഓണാക്കി.

‘രാവിലെ നിതിൻ ടെലിഫോൺ ചെയ്തിരുന്നു, കാണണം എന്നു പറഞ്ഞു. ഇപ്പോൾ ഞാനങ്ങോട്ടു പോവുകയാണ്.’ സുനിൽ പറഞ്ഞു.

‘ആരാണ് നിതിൻ?’ അവൾ ചോദിച്ചു.

അയാൾ തിരിഞ്ഞ് അവളെ അദ്ഭുതത്തോടെ നോക്കി.

‘പ്രൊഡ്യൂസർ നിതിൻ ചൈനാനി.’

‘ഓ! അയാളുടെ ഫസ്റ്റ്നെയിം നിതിൻ എന്നാണെന്ന് എനിക്കറിയില്ല.’ അപർണ്ണയുടെ കണ്ണുകളിൽ അദ്ഭുതം. ‘അവിടേയ്ക്കാണോ പോണതു?’

അപർണ്ണയിൽ മതിപ്പുണ്ടാക്കാൻ പറ്റിയെന്ന് ബോധ്യമായപ്പോൾ അയാൾ പറഞ്ഞു.

‘നീ എന്തിനാണ് എന്നെ ഫോൺ ചെയ്തിരുന്നത്? വിരോധമില്ലെങ്കിൽ നമുക്ക് സൺ ഏന്റ് സാന്റിൽ പോയിരുന്ന് സംസാരിക്കാം.’ അയാൾ ചിരിച്ചു. ‘ഓവറെ കപ്പോഫ് കോഫി. അയാം സ്റ്റാർവിങ്.’

‘ഐ ഡോണ്ട് മൈന്റ്.’

അയാൾ എയ്ത് റോഡിലേയ്ക്കു തിരിയുന്നതിനു പകരം നേരിട്ട് പോയി വലത്തോട്ട് തിരിഞ്ഞു. വീണ്ടും വലത്തോട്ട് തിരിഞ്ഞ് സൺ ഏന്റ് സാന്റിലേയ്ക്കു കുതിച്ചു.

അവർ ഫോയറിലൂടെ നടന്നു നീങ്ങുമ്പോൾ റിസപ്ഷനിലുള്ള പെൺകുട്ടി സുനിലിനെ നോക്കി കണ്ണിറുക്കി.

‘ഹായ്.’

‘ഹായ്’ സുനിൽ കൈയ്യുയർത്തി. അവർ നടന്ന് പുറത്തേയ്ക്കുള്ള വാതിൽ കടന്ന് സ്വിമ്മിങ്ങ്പൂളിന്നടുത്തെത്തി. പൂളിനടുത്ത് തണലിൽ മേശക്കിരുവശവുമായി അവർ ഇരുന്നു. നല്ല കാറ്റുണ്ടായിരുന്നു. വേലിയേറ്റം തുടങ്ങിയെന്നർത്ഥം. ഇനി ഒരു മണിക്കൂറിന്നുള്ളിൽ കടൽ കുറേക്കൂടി അടുത്തെത്തും.

അപർണ്ണ സുനിലിനെ പഠിക്കുകയായിരുന്നു. അവൾ പറഞ്ഞു.

‘യു ലുക് ലൈക് ക്ലാർക് ഗേബ്ൾ.’

അയാൾ ചിരിച്ചു. ‘അതെന്റെ മീശ കാരണമാണ്.’

അവൾ അയാളുടെ വീതിയുള്ള മീശ ശ്രദ്ധിച്ചു. ശരിയാണ്. മുകളിലത്തെ രണ്ടു ബട്ടണുകളിടാത്ത ഷർട്ടിലൂടെ കാണുന്ന വിരിഞ്ഞ മാറിൽ നിറയെ ഇടതൂർന്ന രോമങ്ങൾ. കരുത്തുറ്റ കൈകൾ. പൗരുഷം അയാളുടെ ഓരോ അണുവിലും പ്രസരിച്ചു നിന്നു.

തനിക്കു തന്ന പ്രശംസയ്ക്കു പകരം എന്തെങ്കിലും കൊടുക്കുന്നതിനെപ്പറ്റി അയാൾ ആലോചിക്കുകയായിരുന്നു.

അവളുടെ ചുണ്ടുകൾ നേരിയതാണ്. ഭംഗിയുള്ള നീണ്ട മൂക്ക്. തലമുടി നാലു ഭാഗത്തുനിന്നും മുകളിലേയ്ക്കു കയറ്റി നെറുകയിൽ കെട്ടിവച്ച കാരണം വെളുത്ത നിറമുള്ള നീണ്ട കഴുത്ത് മുഴുവൻ കാണാനുണ്ട്. കഴുത്തിനു പിന്നിലുള്ള നേരിയ ചെമ്പിച്ച രോമങ്ങൾ കാറ്റിലിളകുന്നു. അമ്പേറ്റ ഹൃദയങ്ങൾക്കു പിന്നിൽ ടീഷർട്ടിന്നടിയിലെ അസാധാരണമായ മുഴുമുഴുപ്പ് ദർശിച്ചു കൊണ്ട് അയാൾ പറഞ്ഞു.

‘യുവാർ വെരി പ്രെറ്റി.’

‘താങ്ക്യൂ.’

ദിസിസ് ദ ടൈപ്പോഫ് ഗേൾ വൺ വുഡ് ലവ് ടു ഹാവ് ഇൻ ഹിസ് ബെഡ്റൂം അറ്റ്ലീസ്റ്റ് ഫോറെ നൈറ്റ്, ബട്ട് കനോട്ട് അഫോർഡ്.

സുനിൽ ആലോചിക്കുകയായിരുന്നു, പലവിധ സാധ്യതകളെപ്പറ്റി. നിതിൻ ചൈനാനി കാണാൻ പറഞ്ഞത് എന്തിനാണെന്ന് അയാൾക്കറിയാം. കുതിരകൾ തന്നെ. പെൺകുതിരകൾ. ചൈനാനി അയാളുടെ സ്വതസിദ്ധമായ നയ വൈദഗ്ദ്ധ്യത്തോടെ പറഞ്ഞിരുന്നു.

‘സുനിൽ ഞാനൊരു പുതിയ നായികയെ അന്വേഷിക്കുകയാണ്. എന്റെ പുതിയ മൾട്ടിമില്ല്യൻ പ്രൊഡക്ഷനു വേണ്ടി. വല്ല പുതിയ പെൺകുട്ടികളെയും അറിയുമെങ്കിൽ കൊണ്ടുവരൂ. ഫ്രെഷായാലും കുഴപ്പമില്ല. വിനോദ് വേണ്ടത്ര പരിശീലനം കൊടുത്തു കൊള്ളും.’

അതിനർത്ഥം പ്രൊഡ്യൂസർ ഇപ്പോൾ കൊണ്ടുനടക്കുന്ന, സോഫിയാ ലോറനെപ്പോലെ വലിയ മുലകളുള്ള പെണ്ണിനെ ഉപേക്ഷിക്കുകയാണെന്നാണ്. ഒന്നുകിൽ അയാൾക്ക് അവളെ മടുത്തിട്ടുണ്ടാവും, അല്ലെങ്കിൽ മറിച്ചുമാവാം. എന്തായാലും മുമ്പിൽ ഇപ്പോൾ കടൽക്കാറ്റിൽ കഴുത്തിനു പിന്നിലെ നനുത്ത രോമരാജികൾ പറപ്പിച്ചുകൊണ്ട് ഇരിക്കുന്ന ഉയരമുള്ള പെൺകുട്ടി ഒരു സ്വർണ്ണ ഖനിതന്നെയാണെന്ന് അയാൾ മനസ്സിലാക്കി.

‘ഗുഡ് മോർണിങ് മി. മൽഹോത്ര.’

സ്റ്റുവാർഡ് വന്ന് തലകുനിച്ച് മെനു കാർഡ് രണ്ടുപേരുടെയും മുമ്പിൽ വച്ചു.

‘ഗുഡ് മോർണിങ്.’ തിരിഞ്ഞു പോകാൻ നിന്ന സ്റ്റുവാർഡിനെ അയാൾ വിളിച്ചു.

‘ഇപ്പോൾത്തന്നെ പറയാം.’ തിരിഞ്ഞ് അവളോട് ചോദിച്ചു. ‘വാട്ട് വിൽ യു ഹാവ്?’

‘കോഫി.’

‘കോഫി.’ അയാൾ പറഞ്ഞു. ‘എനിക്കു കുറച്ച് എഗ്ഗ് സാന്റ്വിച്ച് കൊണ്ടുവരൂ. അപർണ്ണ ഒന്നും കഴിക്കുന്നില്ലെന്ന് തീർച്ച?’

അവൾ ചുമൽ കുലുക്കി. എന്തിനാണ് തന്നെ ഫോൺ ചെയ്തിരുന്നതെന്ന് സുനിൽ ചോദിച്ചില്ല. അയാൾക്കറിയാവുന്ന കാര്യമാണത്. ഫോൺ ചെയ്യുന്ന എല്ലാ പെൺകുട്ടികൾക്കും ഒന്നുതന്നെയാണാവശ്യം. അയാൾ സ്വിമ്മിങ്ങ് പൂളിൽ നീന്തുന്ന ഒരു യൂറോപ്യൻ സ്ത്രീയെ ശ്രദ്ധിച്ചു. വെള്ളത്തിനടിയിൽ നീല പശ്ചാത്തലത്തിൽ അവരുടെ നിറം ഉദിച്ചുകണ്ടു. അവർ മലർന്നു കിടന്ന് നീന്തുകയാണ്. അയാൾ മുമ്പിലിരിക്കുന്ന പെൺകുട്ടിയെ ഒരു ബിക്നിയിൽ സങ്കല്പിച്ചു. അവളുടെ അവയവങ്ങൾക്ക് നല്ല ആകൃതിയുണ്ട്. അവൾ തീർച്ചയായും ഈ മദാമ്മയേക്കാൾ ഭംഗിയുമുണ്ട്. നിറവും ആ സ്ത്രീയുടെ ശ്രുഭനിറത്തേക്കൾ ആകർഷണീയമാണ്. ഇവൾ സിനിമയിൽ ഒരു വൻവിജയമായിരിക്കുമെന്ന് അയാൾക്കു തോന്നി. സുനിൽ ചോദിച്ചു.

‘എന്റെ നമ്പർ എങ്ങിനെയാണ് കിട്ടിയതു?’

അവൾ ചിരിച്ചു. ‘ഞാൻ കുറച്ചു റിസേർച്ച് നടത്തി. ഒന്നു രണ്ട് ഫിലിം മാഗസിനുകളുടെ ഓഫീസുകൾ കയറിയിറങ്ങി.’

വലിയ സിനിമാതാരങ്ങളെ അനുകരിച്ച് സുനിൽ മൽഹോത്രയും അയാളുടെ പേർ ടെലിഫോൺ ഡയറക്ടറിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

‘സുനിൽസാബിന് ചൈനാനിയുമായി വളരെ അടുത്ത ബന്ധമുണ്ടെന്ന് കേട്ടതു ശരിയാണോ?’

‘കാൾ മി സുനിൽ... നീ എന്താണ് ഉദ്ദേശിക്കുന്നതു?’

‘അല്ലാ, ഞാനുദ്ദേശിക്കുന്നത്...’

അവൾ വാക്കുകൾ കിട്ടാതെ വിഷമിക്കുമ്പോൾ സുനിൽ അവളെ സഹായിച്ചു.

‘നിന്നെ പരിചയപ്പെടുത്തി, അദ്ദേഹത്തിന്റെ ഫിലിമിൽ ഒരവസരം മേടിച്ചുതരാൻ മാത്രം പരിചയമുണ്ടെന്നോ?’

അവൾ ഒന്നും പറഞ്ഞില്ല. അയാൾ സാന്റ്വിച്ച് രണ്ടു കൈ കൊണ്ടും പിടിച്ച് കടിച്ചു തിന്നു.

‘ഷാലൈ മേക് കോഫി ഫോർ യു?’ അവൾ ചോദിച്ചു.

‘പ്ലീസ്...’

അപർണ്ണ രണ്ടു കപ്പുകളിൽ കാപ്പി കൂട്ടുന്നതയാൾ നോക്കി.

‘പഞ്ചസാര ഒരു ക്യൂബുകൂടി ഇടട്ടെ?’

‘യെസ് പ്ലീസ്.’

‘ചൈനാനിയുടെ യൂനിറ്റ് ഷൂട്ടിങ്ങിനു വന്നപ്പോൾ മുതൽ ഞാൻ കാത്തുനിൽക്കുകയായിരുന്നു. നിങ്ങളുവിടെ വരുമെന്ന് ഞാനൂഹിച്ചു. അങ്ങിനെയാണ് ഇന്നു കാണാൻ പറ്റിയത്.’

അവളുടെ മുഖത്ത് ധീരസാഹസികതയുണ്ടായിരുന്നു.

‘ഞാൻ ചൈനാനിയെ പരിചയപ്പെടുത്തിത്തരാം. നാളെ വീട്ടിലേയ്ക്കു വരൂ. ഇപ്പോൾ അയാളെ കാണാൻ വേണ്ടിത്തന്നെയാണ് ഞാൻ പോകുന്നത്. നിന്റെ കാര്യം ഞാൻ സൂചിപ്പിക്കാം. നാളെ എനിക്ക് ഫോൺ ചെയ്ത ശേഷം വരൂ. എന്റെ അഡ്രസ്സ് അറിയില്ലേ?’

‘ങാ, അറിയാം. താങ്ക്യു വെരിമച്ച്.’

പൂളിന്നരികിൽ നിവർത്തിയിട്ട കൗച്ചുകളിൽ കിടന്ന് സൺബാത്തെടുക്കുന്ന മദാമ്മമാർക്ക് സൺടാനുപകരം സൺബേൺ ആണ് കിട്ടുക എന്നയാൾ ഓർത്തു. വെറും കരിവാളിപ്പ മാത്രം.

‘അപർണ്ണ എവിടെയാണ് താമസിക്കുന്നതു?’

‘സാന്താക്രൂസിൽ.’

‘ഞാൻ ഡ്രോപ്പ ചെയ്യാം.’

‘വേണ്ട, നന്ദി ഞാൻ ടാക്സി പിടിച്ചു പൊയ്ക്കോളാം.’

# രണ്ട്

അപർണ്ണ എഴുന്നേറ്റ് തലമുടി കെട്ടിയ സ്കാർഫ് അഴിഞ്ഞു പോയത് വീണ്ടും കെട്ടി ബാൽക്കണിയിലേയ്ക്ക് നടന്നു. ബാൽക്കണിയുടെ റെയിലിങ്ങിൽ ചാരിനിന്നുകൊണ്ട് അവൾ മുമ്പിൽ കിടക്കുന്ന ചതുപ്പ നിലങ്ങളിലേയ്ക്കു നോക്കി. വിമൻസ് യൂനിവേഴ്സിറ്റിയുടെ നിർമ്മാണം അവിരാമമായി നടന്നു കൊണ്ടിരിക്കുന്നു. മുകളിൽ ഭയങ്കര ശബ്ദത്തോടു കൂടി ബോയിങ് 707 പറന്നു. അതിന്റെ ചക്രങ്ങൾ വിമാനത്തിന്റെ ഉള്ളിലേയ്ക്ക് വലിഞ്ഞുകയറി വാതിലടയുന്നത് അവൾ നോക്കി. കടലിൽ നിന്നു വരുന്ന കാറ്റിന് തണുപ്പുണ്ടായിരുന്നു. അതവളുടെ നേരിയ നൈറ്റിക്കുള്ളിൽ കടന്നുചെന്ന് കുളിരണിയിച്ചു. രാവിലെ കിടക്കയിൽ നിന്നെഴുന്നേറ്റ ആ നിമിഷങ്ങളിലേ ഇങ്ങിനെ ബാൽക്കണിയിൽ പോയി നിൽക്കാൻ അവൾക്ക് ധൈര്യം വരൂ. അപ്പോൾ അവൾക്ക് മേക്കപ്പ് വേണ്ട, ആരെങ്കിലും തന്നെ കാണുമെന്ന ഭയവുമില്ല. വെയിൽ മൂക്കുന്നതോടു കൂടി ഈ ആത്മധൈര്യത്തിന് ഇളക്കം തട്ടുന്നു. അവൾ കണ്ണാടിയുടെ മുമ്പിലേയ്ക്ക് ഓടുന്നു, കാണുന്ന പ്രതിഛായ വളരെ മനോഹരമാണെങ്കിലും തനിക്ക് അംഗീകാരത്തിനു വേണ്ട ആ പ്ലസ് ഇല്ലെ എന്ന ഭയം. കണ്ണാടിയിൽ നോക്കിക്കൊണ്ട് അവൾ മൃദുലമായ കവിളുകളിൽ തലോടി. ഇന്നു ചൈനാനിയുമായി ഇന്റർവ്യൂ ഉണ്ടെങ്കിൽ ഒരു ഫേഷ്യലും ഹെയർഡ്രൂവും വേണമെന്നവൾ തീർച്ചയാക്കി. നേരിയ നൈറ്റിയിൽക്കൂടി കാണുന്ന രൂപം അവൾ കണ്ണാടിയിൽ ദർശിച്ചു. നൈറ്റി മാറിനുതാഴെ കുറച്ച് വലിച്ചുപിടിച്ച് അവൾ ഒരുവശം തിരിഞ്ഞുനിന്നു. കണ്ണാടിയിൽ കണ്ട രൂപം ആശാവഹമായിരുന്നു. തനിക്കൊരു പീറ്റർ പാനിന്റെ ആവശ്യമില്ലെന്ന് അവൾ അഹങ്കാരത്തോടെ ഓർത്തു. രേണു ചായട്രേയുമായി വന്നു. ചായ കൂട്ടുമ്പോൾ അവൾ പറഞ്ഞു.

'ബ്രേയ്ക്ക് ഫാസ്റ്റിന് സേട്ടിനെ കാക്കേണ്ടെന്നു പറഞ്ഞു.'

'ഊം?'

'ജൂഹുവിൽ പോയിരിക്കയാണ്.'

'ഈ അങ്കിൾ!' അവൾ തലയിൽ കൈവച്ചു പറഞ്ഞു. ബ്രേയ്ക്ക് ഫാസ്റ്റുകൂടി കഴിക്കാതെ ഹരേകൃഷ്ണയിൽ എത്താനായിരുന്നു ധൃതി.

'അങ്കിൾ എത്ര മണിക്കാണ് പോയതു?'

'ഏഴര മണിക്ക്.'

'ഏഴര മണി? അപ്പോൾ സമയമെത്രയായി ഇപ്പോൾ?'

'എട്ടരയായി ദീദി...' രേണു ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഓ, ഞാനിന്നു വളരെ നേരം ഉറങ്ങി അല്ലെ?'

അവൾ സുനിൽ മൽഹോത്രയെ ഓർത്തു. അയാൾ ചൈനാനിയുമായി സംസാരിച്ചിട്ടുണ്ടാകും എന്നും ഇന്നു തന്നെ ഇന്റർവ്യൂ തരമാക്കുമെന്നും അവൾ ആശിച്ചു. അവൾ പറഞ്ഞു.

'ഞാൻ താഴത്തു പോയി ഒന്നു ഫോൺ ചെയ്തു വരാം.'

അവൾ നൈറ്റി അഴിച്ചുവെച്ച് മാക്സി എടുത്തിട്ടു. ചുവട്ടിൽ മിസ്സിസ്സ് പാണ്ഡെയാണ് വാതിൽ തുറന്നത്...

'ആന്റി ഒന്ന് ഫോൺ ചെയ്യണം.'

'ആർക്കാണ് ഇത്ര രാവിലെത്തന്നെ?'

'ഒരു ഫ്രണ്ടിനാണ് ആന്റീ.'

അവൾ ഡയൽ ചെയ്തു. അപ്പുറത്ത് ടെലിഫോൺ എടുത്തത് ഹസിം ആയിരുന്നു.

'സാബ് ഹെ?'

'സാബ് ഉറങ്ങുകയാണ്. കോനെ?'

'അപർണ്ണ.' അവൾ പറഞ്ഞു. 'സുനിൽ ഇനിയും എണീറ്റില്ലെ?'

'ഇല്ല.'

'ഒന്നു വിളിക്കാമോ?'

'ശ്രമിച്ചു നോക്കട്ടെ.'

'ശരി.' അവൾ ടെലിഫോൺ ചെവിയിലമർത്തി കാത്തു നിൽക്കുമ്പോൾ മിസ്സിസ്സ് പാണ്ഡേ അടുത്തുവന്നു.

'ബേട്ടീ, ഇന്ന് ബ്രേയ്ക്ക്ഫാസ്റ്റിന് നാളികേരച്ചട്ടിണി അരച്ചിട്ടുണ്ടോ?'

'അറിയില്ല ആന്റീ.'

സുനിൽ ഫോണിൽ വരുമ്പോഴേയ്ക്ക് ആന്റിയെ അവിടെനിന്ന് ഒഴിവാക്കണമെന്നവൾ ആലോചിച്ചു. അവൾ പറഞ്ഞു. 'അരച്ചിട്ടുണ്ടെങ്കിൽ രേണുവിന്റെ കയ്യിൽ കൊടുത്തയക്കാം.'

'മറക്കരുത് കെട്ടോ.'

ഫോണിൽ സുനിലിന്റെ ശബ്ദം കേട്ടു.

'ഗുഡ് മോണിങ്. അപർണ്ണ ഹിയർ.'

'മോണിങ് എന്നൊക്കെ പറയാൻമാത്രം നേരം പുലർന്നോ?'

'സോറി, ഉറങ്ങുകയായിരുന്നു അല്ലെ?'

അപ്പുറത്തുനിന്ന് ഉറക്കച്ചടവു വിടാത്ത ശബ്ദം.

'ഇന്നലെ നിതിന്റെ വീട്ടിൽ പാർട്ടിയുണ്ടായിരുന്നു. കാര്യം പറയൂ.'

അവളുടെ ആവേശം പെട്ടെന്നു തണുത്തു. അപ്പോൾ സുനിൽ തന്റെ കാര്യം ചൈനാനിയോട് പറയാൻ മറന്നെന്നു തോന്നുന്നു. തന്റെ കാര്യം തന്നെ മറന്നെന്ന മട്ടാണ്. അവൾ നിരുന്മേഷയായി പറഞ്ഞു.

'ചൈനാനിയുമായി സംസാരിക്കാൻ പറ്റിയില്ല അല്ലേ?'

'തീർച്ചയായും. ഇന്നു വൈകുന്നേരം ചെല്ലാമെന്നു പറഞ്ഞിട്ടുണ്ട്. ആറു മണിക്ക്. നിനക്ക് അഞ്ചര മണിക്ക് എന്റെ വീട്ടിൽ വരാമോ?'

'വരാം. താങ്ക്യൂ വെരി മച്ച് സുനിൽ. ബൈ...'

അവൾ ഫോൺ വച്ച് മിസ്സിസ്സ് പാണ്ഡെയോട് നന്ദികൂടി പയറാൻ നിൽക്കാതെ പുറത്തു കടന്ന് കോണിപ്പടികൾ ചാടിക്കയറി ബെല്ലടിച്ചു.

രേണു വാതിൽ തുറന്നു.

'രേണു എനിക്ക് ബ്രേയ്ക്ക് ഫാസ്റ്റ് വേഗം വേണം.'

'കൊണ്ടുവരാം.'

അപർണ്ണ വാഷ്ബേസിനടുത്തുപോയി പല്ലു തേച്ചു വന്നു. തനിക്ക് വളരെ കുറച്ചു സമയത്തിനുള്ളിൽ കുറേയധികം കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് ബ്രേയ്ക്ക്ഫാസ്റ്റ് കഴിക്കുമ്പോൾ അവൾ ആലോചിച്ചു.

സാധാരണ മുറമുറത്തു മാത്രം കഴിക്കുന്ന ബ്രെഡ്ടോസ്റ്റും ബുൾസൈയും ഇന്നവൾ വളരെ സ്വാദോടുകൂടി കഴിച്ചു.

ചൈനീസ് ബ്യൂട്ടിപാർലറിൽ അവൾക്കിഷ്ടമില്ലാത്ത നാറ്റമുണ്ടായിരുന്നു. ഒരു തടിച്ച സ്ത്രീയുടെ പുരികം ആകൃതിപ്പെടുത്തുകയായിരുന്ന വയസ്സായ ചൈനക്കാരി അവളെ നോക്കി ചിരിച്ചുകൊണ്ട് ചോദിച്ചു.

'ഹല്ലോ, വാട് ഡുയു വാണ്ട്?'

'ഫേഷ്യൽ, ഹെയർഡ്രൂ, പിന്നെ പുരികവും...'

'ഒരു മിനറ്റ്... തിരക്കുണ്ടെങ്കിൽ മുകളിൽ പൊയ്ക്കോളൂ, അവിടെ സാവ്റിൻ ഉണ്ട്.'

അപർണ്ണയ്ക്ക് അവരുടെ അസിസ്റ്റന്റുകളെയൊന്നും ഇഷ്ടമായിരുന്നില്ല. മെസ്സാനിൻ ഫ്ളോറിലാണ് അവർ. നടക്കുമ്പോൾ തല മുട്ടുകയും ചെയ്യും. അതുകൊണ്ട് ചൈനക്കാരി ആ സ്ത്രീയുടെ പുരികം ആകൃതിപ്പെടുത്തി കഴിയുന്നതുവരെ അവൾ ഒരു മാസികയും കയ്യിലെടുത്ത് കാത്തിരുന്നു.

സ്വന്തം തലമുടി ചെയ്തുകൊണ്ടിരിക്കെ അവൾക്ക് ചൈനക്കാരിയുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടിവന്നു. അവർ സംസാരപ്രിയയായിരുന്നു.

'യു ഗോട്ട് ലവ്ലി ഹെയർ... ഇന്ന് പാർട്ടിയുണ്ടോ?'

'ഊം... താങ്ക് യൂ.' അവർ പ്രശംസ ചൊരിയുന്നതിൽ ഒട്ടും പിശുക്കു കാണിച്ചിരുന്നില്ല.

'എവിടെയാണ് പാർട്ടി?'

എന്തൊക്കെ അറിയണം ഇവർക്ക്? അവൾ മറുപടി പറഞ്ഞു. 'ശിവജി പാർക്കിൽ ഒരു വെഡ്ഡിങ് പാർട്ടിയാണ്.'

എല്ലാം കഴിഞ്ഞ് തിരിച്ചു വീട്ടിൽ വന്നപ്പോൾ സമയം ഒരു മണിയായിട്ടേ ഉള്ളൂ. ഇനി ഭക്ഷണം കഴിഞ്ഞ് ഒരു സൗന്ദര്യ നിദ്രക്കുള്ള സമയം കൂടിയുണ്ട്.

അവൾ മൂന്നു മണിക്ക് പുറപ്പെടാൻ തുടങ്ങി. രേണു ഒരു കോണിസ്സറല്ലാത്തതു കാരണം അപർണ്ണയ്ക്ക് വസ്ത്രത്തെപ്പറ്റി അഭിപ്രായവും തീരുമാനവും സ്വന്തം എടുക്കേണ്ടിവന്നു. അഞ്ചു മണിയായപ്പോഴേയ്ക്കും ഒരു വിധം ഒരുങ്ങിക്കഴിഞ്ഞു. കണ്ണാടിയിൽ നോക്കിയപ്പോൾ സ്വന്തം സൗന്ദര്യത്തെപ്പറ്റി തീരുമാനമെടുക്കാൻ കഴിഞ്ഞില്ല.

അവൾ പുറത്തിറങ്ങുമ്പോൾ അങ്കിൾ ചോദിച്ചു.

'എങ്ങോട്ടാണ്?'

'ഇന്ന് പ്രൊഡ്യൂസറുടെ അടുത്ത് ഇന്റർവ്യൂ ഉണ്ട് അങ്കിൾ.'

'നിന്റെ പ്രാന്ത്.' അയാൾ ചിരിച്ചു.

ടാക്സിയിൽ കയറി അവൾ ജൂഹുവിലേയ്ക്കു കുതിച്ചു.

സുനിലിന്റെ വെള്ള ഹെറാൾഡ് വീട്ടിനുമുമ്പിൽ നിൽക്കുന്നു. അവൾക്ക് ആശ്വാസമായി. ഇരുപത്തൊന്നാം നമ്പർ ഫ്ളാറ്റ് ഏഴാം നിലയിലാണ്. ലിഫ്റ്റിൽനിന്നു പുറത്തു കടന്ന് ബെല്ലടിച്ച് അവൾ കാത്തുനിന്നു. വാതിൽ തുറന്നത് ഒരു ഇരുപതു വയസ്സുകാരനായിരുന്നു. ഹസിം ആയിരിക്കുമെന്നവൾ ഊഹിച്ചു.

'സുനിൽ ഹെ?'

അവൻ വാതിൽ മലർക്കെ തുറന്നു. തല കുമ്പിട്ടു കൊണ്ട് എയർ ഇന്ത്യാ മഹാരാജാവിന്റെ കൈ കൊണ്ടുള്ള ആംഗ്യം കാണിച്ചു കൊണ്ട് പറഞ്ഞു. 'ആയിയേജീ... ആയിയേ, തശ്‌രീഫ് രഖിയേ.'

അവൾ അകത്തു കടന്നിരുന്നു. മുറിക്കു നടുവിൽ ഇട്ട കാർപ്പറ്റ് ഭംഗിയുണ്ടായിരുന്നു. ഡിസ്റ്റമ്പർ തേച്ച ചുവരിൽ പ്രകൃതിദൃശ്യം കാണിക്കുന്ന വലിയ ചിത്രം. മുറിയിൽ രണ്ടു മൂലയിൽ വലിയ സ്പീക്കറുകൾ. നടുവിൽ വച്ച ഷോകേസിനു മീതെ സ്റ്റീരിയോ ആംപ്ലിഫൈർ, ടേപ് ഡെക്ക്, റെക്കോഡ് പ്ലെയർ മുതലായവ.

സുനിൽ വന്നു. അയാൾ ഒരു ടീഷർട്ടും ജീൻസുമാണ് ഇട്ടിരുന്നത്. അവളെ കണ്ട ഉടനെ അയാൾ നിന്നു. ഒരു അവലോകനത്തിനുശേഷം അയാൾ പറഞ്ഞു.

'നിതിൻ തീർച്ചയാക്കാൻ അധികം സമയമൊന്നും എടുക്കുമെന്ന് തോന്നുന്നില്ല.'

'എങ്ങിനത്തെ ആളാണ് നിതിൻ?' അവൾ ചോദിച്ചു.

സുനിൽ അവളുടെ മുമ്പിൽത്തന്നെ ഒരു തിരിയുന്ന സ്റ്റൂളിൽ സ്ഥലമുറപ്പിച്ചിരുന്നു.

'എന്താണ് നീ ഉദ്ദേശിക്കുന്നതു?'

'ഐ മീൻ... ഐ മീൻ വെതർ ഹീയീസ് വെരി ഫസ്റ്റീഡിയസ്.'

സുനിൽ കണ്ണിറുക്കി.

'നിതിൻ ചെറുപ്പക്കാരികളായ സുന്ദരികളെ ഇഷ്ടപ്പെടുന്നു. നിന്നെ ഒരു നായികയായി തെരഞ്ഞെടുക്കുമെന്നതിൽ ഒരു സംശയവുമില്ല എനിക്ക്.'

അവൾക്കാ സംസാരം ഇഷ്ടപ്പെട്ടു. പ്രൊഡ്യൂസർമാരെപ്പറ്റി അവൾ കേട്ടിട്ടുണ്ട്. ഒരു നടിയാവണമെങ്കിൽ എന്തൊക്കെ സഹിക്കണമെന്ന് അവൾ കേട്ടറിഞ്ഞിട്ടുണ്ട്. ചൈനാനിക്ക് സുന്ദരികളെ ഇഷ്ടമാണെന്ന വിവരം അവൾക്കറിയാത്തതുമല്ല. പക്ഷെ അതെത്ര മാത്രം തന്റെ വിജയത്തിന് സഹായിക്കും എന്ന് അവൾക്ക് സുനിൽ പറഞ്ഞപ്പോൾ ബോധ്യമായി. അവളുടെ ചെറുപ്പത്തെപ്പറ്റി, സൗന്ദര്യത്തെപ്പറ്റി, പുരുഷന്മാരിൽ ആസക്തിയുണ്ടാക്കാനുള്ള കഴിവിനെപ്പറ്റി അവൾക്ക് നല്ല ബോധമുണ്ടായിരുന്നു. അവളുടെ അവയവങ്ങളുടെ ഓരോ ചലനവും അതു ലാക്കാക്കിയായിരുന്നു.

ഒരു കൈയിൽ ട്രേ ബാലൻസു ചെയ്തുകൊണ്ട് ഹസിം വന്നു. അവന്റെ ചലനങ്ങളിൽ കോമാളിത്തമുണ്ടായിരുന്നു. സുനിൽ ചായ കൂട്ടുകയാണ്. അപർണ്ണ ചോദിച്ചു.

'ചൈനാനി എന്നെ എടുക്കുമെന്ന് തോന്നുന്നുണ്ടോ?'

'ഹൗ മച്ച് ഷുഗർ?'

'വൺ സ്പൂൺ, താങ്ക്യൂ.'

'നീ എന്താണ് ചോദിച്ചതു?'

'നിതിനെപ്പറ്റി. ചൈനാനി എനിക്കൊരു ചാൻസു തരുമെന്ന് തോന്നുന്നുണ്ടോ?'

സുനിൽ നിവർന്നിരുന്നു. ചായ കുടിച്ചുകൊണ്ട് അയാൾ പറഞ്ഞു. യൂവാർ ദ റൈറ്റ് ഗേൾ ഫോർ നിതിൻ. നിന്നെപ്പോലെ ഒരു പെൺകുട്ടിയെ നോക്കിയിരിക്കയാണ് അയാളുടെ പുതിയ ചിത്രത്തിനു വേണ്ടി.'

അവളുടെ കണ്ണുകൾ വിടർന്നു. ചൈനാനിയുടെ ഓരോ ചിത്രവും ഓരോ സംഭവമാണ്. അതിലൊന്നിൽ നായികയായി അവസരം കിട്ടിയാൽ പിന്നെ മറ്റു പ്രൊഡ്യൂസർമാർ അവളുടെ പടിക്കൽ കാവൽ കിടക്കും.

'നമുക്ക് പോകാം.'

ലിഫ്റ്റിൽ വച്ച് അവർ സംസാരിച്ചില്ല. താഴെ എത്തിയപ്പോൾ ഒരു അദ്ഭുതം അവളെ പ്രതീക്ഷിച്ചു നിൽക്കുന്നു. ഹസിം ഹെറാൾഡു കാറുമായി തയ്യാറായി നിൽക്കുകയാണ്. അവൻ എപ്പോഴാണ് പൈജാമ മാറ്റി യൂനിഫോമിൽ കടന്നതെന്നോ, അവളുടെ കണ്ണുവെട്ടിച്ച് എപ്പോഴാണ് താഴത്തിറങ്ങി വന്നതെന്നോ അവൾ അറിഞ്ഞില്ല. അവളുടെ അദ്ഭുതം കണ്ടപ്പോൾ സുനിൽ പറഞ്ഞു.

'ഇത് ഹസീമിന്റെ വേറൊരു ടാലന്റാണ്. അവനെ കൂടുതൽ അറിയുംതോറും അവന്റെ വിവിധ മുഖങ്ങൾ താനെ മനസ്സിലായിക്കോളും.'

ഹസിം വെള്ള യൂനിഫോമിൽ വെള്ള തൊപ്പിയുമായി കാറിന്റെ വാതിൽ തുറന്നുപിടിച്ച് നിൽക്കുകയാണ്. അവൻ ഒരു വിദഗ്ദ ഡ്രൈവറായിരുന്നു. ഒരു ഹെറാൾഡിനു പകരം അവൻ ഓടിക്കേണ്ടിയിരുന്നത് ഒരു റെനോൾട്ടോ, മെഴ്സിഡിസോ ആയിരുന്നെന്ന് അവൾക്കു തോന്നി.

ചൈനാനിയുടെ ഓഫീസിന്റെ ഗെയ്റ്റ് തുറക്കപ്പെട്ടു. ഒരു പട്ടുകുറ്റൻ കെട്ടിടം. ദർവാൻ സുനിലിനെ നോക്കി സലാം വെച്ചു. സുനിൽ അവളെ നോക്കി, തനിക്കിവിടെയെല്ലാം സ്വതന്ത്രമായ പ്രവേശനമുണ്ട് എന്നഹങ്കരിക്കുന്ന മട്ടിൽ. അപർണ്ണയെ സംബന്ധിച്ചേടത്തോളം അതു വളരെ ആശ്വാസപ്രദമായിരുന്നു. തന്റെ വിജയം, സുനിൽ, ചൈനാനിയുടെ എത്രയടുത്താണെന്നതിനെ ആശ്രയിക്കുന്നു എന്നവൾക്കു തോന്നി.

മട്ടുപ്പാവിൽ കാർ നിർത്തിയപ്പോൾ വേറൊരു ദർവാൻ വന്ന് സലാം വച്ച് കാറിന്റെ വാതിൽ തുറന്നു പിടിച്ചു. സുനിലും അപർണ്ണയും പുറത്തിറങ്ങി. സുനിൽ അകത്തേയ്ക്കു കടന്നു. എവിടെയും അയാൾക്കു മുന്നിൽ വാതിലുകൾ തുറക്കപ്പെട്ടു. ചുമർതൊട്ട് ചുമർവരെ കാർപ്പെറ്റുകൾ. ചുമരുകളിൽ വലിയ കാൻവാസുകൾ. മൂലകളിൽ നഗ്നസ്ത്രീകളുടെ ലോഹശില്പങ്ങൾ. മങ്ങിയ ഇടനാഴിക അവസാനിക്കുന്നിടത്ത് സുനിൽ നിന്നു. വാതിലിന്മേൽ പിച്ചളകൊണ്ടുള്ള സിംഹത്തല.

ഇടത്തുവശത്തെ കണ്ണാടിമുറിയിൽ ഇരിക്കുന്ന സുന്ദരി സുനിലിനെ നോക്കി ചിരിച്ചു.

'ഗുഡ് മോണിങ്.'

'ഗുഡ് മോണിങ് ഡാർലിങ്. പോകാമല്ലൊ?'

'പൊയ്ക്കോളൂ, ചൈനാനി സാബ് കാത്തിരിക്കുന്നു.'

സുനിൽ അവളെ നോക്കി കണ്ണിറുക്കി. പിന്നെ വാതിലിന്മേൽ പതുക്കെ രണ്ടു തവണ മുട്ടി.

ഏതാനും സെക്കന്റുകൾക്കുള്ളിൽ അകത്തുനിന്നൊരു ശബ്ദം കേട്ടു.

കമിൻ, എന്നായിരിക്കണം അത്. കാരണം സുനിൽ അകത്തു കടന്ന് അവൾക്കു വേണ്ടി വാതിൽ തുറന്നു പിടിച്ചു. അപർണ്ണ അകത്തു കടന്നു. ഇരുണ്ട ഇടനാഴികയിലൂടെയുള്ള നടത്തം കാരണം അവളുടെ കണ്ണുകൾ മുറിയിലെ മങ്ങിയ വെളിച്ചവുമായി പഴകാൻ താമസം വേണ്ടിവന്നില്ല. വിശാലമായ മുറിയുടെ മറു ഭാഗത്ത് ഇട്ട വലിയ മേശയ്ക്കു പിന്നിലെ റിവോൾവിങ് ചെയറിൽ നിന്ന് തലമുടി നരച്ച ഒരു മനുഷ്യൻ എഴുന്നേൽക്കുന്നതവൾ കണ്ടു. അയാൾ മേശ ചുറ്റി വന്ന് അവളുടെ കൈ പിടിച്ച് കലുക്കി.

'അപർണ്ണ.'

സുനിൽ പരിചയപ്പെടുത്തി. 'മിസ്റ്റർ നിതിൻ ചൈനാനി.'

'നൈസ് മീറ്റിങ് യൂ.' വീണ്ടും ഒരിക്കൽക്കൂടി അവളുടെ കൈ പിടിച്ചു കലുക്കിയ ശേഷം അയാൾ മേശക്കു മുമ്പിലുള്ള മൂന്നു കസേലകളിൽ നടുവിലത്തേത് നീക്കി അവളോട് ഇരിക്കാൻ ആവശ്യപ്പെട്ടു. ചൈനാനി തിരിച്ച് മേശയ്ക്കു പിന്നിൽ ഇട്ട രാജകീയമായ റിവോൾവിങ് ചെയറിൽ ഇരുന്നു.

'കുടിക്കാൻ എന്താണ് വേണ്ടതു? ടീ, കോഫി, ഓർ എനിതിങ് കോൾഡ്?'

'തണുത്തതെന്തെങ്കിലും മതി.' അവൾ പറഞ്ഞു.

'വാട്ടെബൗട്ട് യൂ.' ചൈനാനി സുനിലിനോട് ചോദിച്ചു.

'എനിക്കും അതു മതി.'

ചൈനാനി ഇന്റർകോമിന്റെ ബട്ടൻ അമർത്തി. ഇന്റർ കോമിന്റെ പാനലിൽ ചുവപ്പു വെളിച്ചം.

'കുടിക്കാനെന്തെങ്കിലും തണുത്തത് കൊണ്ടുവരൂ.'

അപർണ്ണ ചൈനാനിയെ പഠിക്കുകയായിരുന്നു. നരച്ച തലമുടി. ചെവിക്കു മുമ്പിലുള്ള സൈഡ് ബേൺ കട്ടിയില്ലുണ്ട്. അതും മുഴുവൻ നരച്ചതാണ്. തിളങ്ങുന്ന കണ്ണുകൾ അതിന്റെ ഉടമസ്ഥന്റെ ബുദ്ധിശക്തി കാണിച്ചു. അയാളുടെ നോട്ടം വളരെ മൃദുവായിരുന്നു. തുളച്ചു കയറുന്ന നോട്ടമില്ല. മര്യാദയോടു കൂടിയ പെരുമാറ്റം. ഇദ്ദേഹം ഒരു സ്ത്രീ ലമ്പടനാണെന്ന് തോന്നുകയേ ഇല്ല. പത്രങ്ങൾ പ്രചരിപ്പിക്കുന്ന ഗോസ്സിപ്പുകളിൽ ഒന്നായിരിക്കണം അത്. വളരെ കൂടുതൽ മര്യാദക്കാരൻ ആവുന്നതിലും തനിക്ക് അവസരങ്ങൾ കിട്ടുക ചൈനാനിക്ക് എന്തെങ്കിലും ദൗർബ്ബല്യങ്ങളുണ്ടെങ്കിലായിരിക്കും എന്നവൾ ഓർത്തു. സിനിമാലോകത്തെ ചില യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാൻ അപർണ്ണ സ്വന്തം മനസ്സിനെ ഒരുക്കിയിരുന്നു. അല്ലറചില്ലറ സൗജന്യങ്ങൾ, വിട്ടുവീഴ്ചകൾ. ഇതെല്ലാം സിനിമാ ലോകത്ത് എത്തുവാനും അവിടെ പിടിച്ചു നിൽക്കാനും ആവശ്യമാണെന്നവൾ മനസ്സിലാക്കിയിരുന്നു. പത്ര മാസികകൾ കൊടുക്കുന്ന ഗോസ്സിപ്പ് കോളങ്ങൾ അവളെ ഈ കാര്യത്തിൽ വളരെ സഹായിച്ചിരുന്നു.

'സിനിമയിൽ വരുന്നതിനെപ്പറ്റി നല്ലവണ്ണം ആലോചിച്ചിട്ടുണ്ടോ?' ചൈനാനി ചോദിച്ചു.

ഉവ്വെന്ന് അവൾ തലയാട്ടി.

'സിനിമ എന്നത് ഒരദ്ഭുതലോകമാണ്.' ചൈനാനി തുടർന്നു. 'അതിലേയ്ക്ക് കടന്നുവരിക എളുപ്പമല്ല. കടന്നു വന്നതുകൊണ്ടു മാത്രമായില്ല. ഉയർന്നുവരികയും വേണം. അതിന് വളരെയധികം അധ്വാനം ആവശ്യമാണ്. വളരെയധികം ത്യാഗം സഹിക്കണം. മത്സര ബുദ്ധിക്കോ അഹന്തയ്ക്കോ ഇവിടെ സ്ഥാനമില്ല. അവസാനം എല്ലാവർക്കും അവരവർ അർഹിക്കുന്ന സ്ഥാനം കിട്ടും. ക്ഷമ വേണം. ഒരു ദിവസംകൊണ്ട് ഒരു നായികയെ ഉണ്ടാക്കാൻ പറ്റില്ല.

ബോർഡറുള്ള പച്ചസിൽക്കുസാരിയും ബ്ലൗസും ധരിച്ച ഒരു പെൺകുട്ടി ട്രെയുമായി അകത്തു വന്ന് സ്ട്രോ ഇട്ട ഗ്ലാസ്സുകൾ അവരുടെ മുമ്പിൽ വച്ചു. നല്ല ഭംഗിയുള്ള പെൺകുട്ടിയായിരുന്നു അവൾ. വെളുത്ത നിറം. സിൽക്കു പോലത്തെ ഇളംചെമ്പിച്ച മുടി പച്ച നിറത്തിലുള്ള സിൽക്ക് സ്കാർഫ് കൊണ്ട് മറച്ചിരിക്കുന്നു.

'ഈ കാരിയറിന് രണ്ടു വശങ്ങളുണ്ട്. ഞാൻ പറയാം.' ചൈനാനി തുടർന്നു. 'ചീത്ത വശം ഇതാണ്. നമുക്ക് പലതും സഹിക്കേണ്ടി വരും. ഓരോ മൂവികളിൽ ഓരോ നായകന്മാരുടെ കൈവലയത്തിൽ പ്രത്യക്ഷപ്പെടേണ്ട നായികയ്ക്ക് ചാരിത്ര്യശുദ്ധിയുടെ ഇമേജൊന്നും അവകാശപ്പെടാൻ പറ്റില്ല. പിന്നീട് വിവാഹാലോചന വരുമ്പോൾ അതൊക്കെ പ്രശ്നമായെന്നു വരും. അതെല്ലാം നമ്മൾ എങ്ങിനെ നോക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. പിന്നെ വളരെ, വളരെയധികം അദ്ധ്വാനിക്കേണ്ടി വരും. രാവുപകലില്ലാത്ത ജോലി. രാത്രി പത്തുമണിക്ക് കാൾ ഷീറ്റ് കിട്ടുകയാണെങ്കിൽ അപ്പോൾ എനിക്കുറങ്ങേണ്ട സമയമാണ്, പറ്റില്ലെന്നു പറയാൻ കഴിയില്ല. ഇതൊരു ടീം വർക്കാണ്. അതിൽ 'ഞാൻ' 'നീ' എന്ന വാക്കുകളില്ല. 'നമ്മൾ' എന്നു മാത്രം. പിന്നെയുള്ളത് പേരിന്റെ പ്രശ്നമാണ്. നല്ല പേരു കിട്ടാൻ സാധ്യതയുണ്ട് ഈ കാരിയറിൽ. മറിച്ചുമാവാം. പേർ ചെളിക്കുണ്ടിലെത്തിയെന്നും വരാം. പലപ്പോഴും നല്ല പേരിന്റെ പിന്നിൽ നിറയെ ചെളിയായിരിക്കാനും സാധ്യതയുണ്ട്.'

'ഇനി നല്ല വശം. ധാരാളം പണമുണ്ടാക്കാം. നല്ല ബങ്ക്ളാവുകൾ വിലക്കെടുക്കാം. ഫോറിൻ കാറുകൾ വാങ്ങാം. വളരെ ആഢംബരമുള്ള ഒരു ജീവിതം നയിക്കാം. ഒരു പത്തുകൊല്ലം ജോലിയെടുത്താൽ നാലു തലമുറയ്ക്ക് കഴിയാനുള്ള പണമുണ്ടാക്കാം. നിങ്ങൾ ബുദ്ധിപൂർവ്വം പണം ഇൻവെസ്റ്റ് ചെയ്യണമെന്നു മാത്രം.'

ചൈനാനി നിവർന്നിരുന്നു. മേശമേൽനിന്ന് പഴച്ചാറിന്റെ ഗ്ലാസ്സെടുത്ത് സ്ട്രോവിൽക്കൂടി വലിച്ചു കുടിക്കാൻ തുടങ്ങി, ഒപ്പം അവരോടും കുടിക്കാൻ ആംഗ്യം കാണിച്ചു.

അപർണ്ണ ഗ്ലാസ്സെടുത്ത് കുടിക്കാൻ തുടങ്ങി. കോക്ടെയിൽ ജ്യൂസാണ്. അവൾ ചൈനാനി പറഞ്ഞതിനെപ്പറ്റി ആലോചിക്കുകയായിരുന്നു. ഫിലിം കാരിയറിനെപ്പറ്റി ഇത്രയും വ്യക്തമായി വളരെ കുറച്ചു വാക്കുകളിൽ അയാൾ പറഞ്ഞത് അവളെ അദ്ഭുതപ്പെടുത്തി. അവളുടെ മനസ്സിലുണ്ടായിരുന്ന ചിത്രത്തിന് അയാൾ മിഴിവു കൂട്ടിയെന്നേയുള്ളൂ. ഇതെല്ലാം അവൾക്ക് അറിയാവുന്നതാണ്. ഇതിനെല്ലാം തയ്യാറായിട്ടാണ് അവൾ വന്നത്. ഇനി ആലോചിക്കാനൊന്നുമില്ല. ഇതിനെല്ലാം പുറമെ ചൈനാനി പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം കൂടിയുണ്ട്. അത് കണക്കു കൂട്ടലുകളാണ്. ഏറ്റവും മുകളിലേയ്ക്കെത്താനുള്ള ഏണിപ്പടികളുടെ കണക്കുകൂട്ടലുകൾ. അത് പിഴക്കാതിരുന്നാൽ മതി. അവൾ വീണ്ടുവിചാരമുള്ളവളായിരുന്നു. ഈയൊരു അവസരത്തിനുവേണ്ടി അവൾ ഒരു കൊല്ലം ആസൂത്രണം ചെയ്തതാണ്.

ചൈനാനി സുനിൽ മൽഹോത്രയുമായി സംസാരം തുടങ്ങി. പുതിയ ചിത്രത്തിന്റെ ചിത്രീകരണത്തെപ്പറ്റിയാണ്.

സെറ്റുണ്ടാക്കുന്ന ഒരു കോൺട്രാക്ടറെപ്പറ്റിയാണ് ചൈനാനി പറഞ്ഞിരുന്നത്. കേൾക്കുന്നില്ലെന്ന മട്ടിലിരുന്നെങ്കിലും അപർണ്ണ അവരുടെ സംഭാഷണം ശ്രദ്ധിക്കുകയായിരുന്നു. കത്തി നശിക്കാനുള്ള ഒരു കൊട്ടാരത്തിന്റെ മോക്കപ്പ് ഉണ്ടാക്കുന്ന കോൺട്രാക്ടർ ചൈനാനിയെ കബളിപ്പിച്ചതാണ് വിഷയം.

'അയാൾക്ക് പ്രാരാബ്ധങ്ങളുണ്ടാവും. അതായിരിക്കണം അയാൾ പണവുംകൊണ്ട് പോയത്.' ചൈനാനി പറഞ്ഞു. 'അയാൾ എവിടെയാണെന്നെനിക്കറിയാം. എനിക്കു വേണമെങ്കിൽ അയാളെ പിടിക്കാം, പോലീസിലേൽപ്പിക്കാം, കാരണം ഞാൻ കൊടുത്ത അമ്പതിന്റെ രേഖകൾ ഉണ്ട് എന്റെ കയ്യിൽ. അതുമല്ലെങ്കിൽ എനിക്കയാളെ നശിപ്പിക്കാം. പക്ഷേ, അതുകൊണ്ട് എന്തു കാര്യം. ഒരു മനുഷ്യനെ നശിപ്പിക്കാൻ എളുപ്പം കഴിയും. അയാളെ അയാളാക്കാൻ എന്തു പാടുപെടണം? ഈ ചിത്രത്തിന് എന്റെ ഒരു ദിവസത്തെ കലക്ഷൻ ഉണ്ടായില്ലെന്നു മാത്രം കരുതിയാൽ മതി. ഈ അമ്പതിനായിരമല്ല എന്നെ വിഷമിപ്പിക്കുന്നത്. എന്റെ സമയം. ഒരു മാസം നഷ്ടമായി. അതെനിക്ക് തിരിച്ചുകിട്ടില്ല. അയാൾ വിഡ്ഢിത്തം കാട്ടിയതാണ്. ഒരു ലക്ഷത്തിന്റെ കോൺട്രാക്റ്റാണ്. അതിൽ ഞാൻ കണക്കാക്കിയിടത്തോളം മുപ്പത് അയാളുടെ ലാഭമാണ്. അതുകൊണ്ട് സംതൃപ്തിയടയേണ്ടതാണയാൾ. ഇപ്പോൾ കണ്ടില്ലേ ഒരു കള്ളനെ പ്പോലെ ഒളിച്ചു നടക്കേണ്ടി വരുന്നു. ഞാനിപ്പോഴും വിശ്വസിക്കുന്നു, അയാൾക്കെന്തെങ്കിലും പ്രശ്നങ്ങളുണ്ടാവും പാവം.

അപർണ്ണയുടെ മനസ്സിൽ ചൈനാനിയെപ്പറ്റിയുള്ള മതിപ്പ് കൂടിക്കൂടി വരികയായിരുന്നു. വെറും ഒരു മര്യാദക്കാരൻ മാത്രമല്ല അയാൾ. ഉദാര മനസ്കനുമാണ്. പത്രക്കാർ ഇദ്ദേഹത്തെപ്പറ്റി പറയുന്നതെല്ലാം ശുദ്ധ അസംബന്ധമാണ്.

ചൈനാനി അപർണ്ണയുടെ നേരെ തിരിഞ്ഞു.

'അപ്പോൾ അതാണ് ഞാൻ പറഞ്ഞത്. ജോലിയോട് ആത്മാർത്ഥത പുലർത്താനും, മറ്റു പലതും സഹിക്കാനും തയ്യാറുണ്ടെങ്കിൽ നിങ്ങൾക്ക് ജോലിയെടുക്കാം. തുടക്കത്തിൽ വരുമാനത്തെപ്പറ്റി അധികം ആലോചിക്കരുത്. ഞാൻ മാസം രണ്ടായിരം വീതം ശമ്പളം തരാം. ഇതൊരു അലവൻസായി കണക്കാക്കിയാൽ മതി. നമ്മൾ ഷോബിസിനസ്സിലാണ്. അതുകൊണ്ട് നാം മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥമായി ജീവിക്കണം, വ്യത്യസ്ഥമായി വസ്ത്രധാരണം ചെയ്യണം. മനസ്സിലായോ. സമ്മതമാണെങ്കിൽ ദേവിനോട് സ്ക്രീൻ ടെസ്റ്റെടുക്കാൻ പറയാം.'

'ഞാൻ റെഡിയാണ്.' മനസ്സിലുള്ള ആഹ്ലാദത്തള്ളിച്ച കഴിവതും പുറത്തു കാണാതിരിക്കാൻ പണിപ്പെട്ടുകൊണ്ടാണ് അപർണ്ണ അതു പറഞ്ഞത്. പറഞ്ഞ ഉടനെ അതു പറയേണ്ടിയിരുന്നില്ലാ എന്നു തോന്നി. ആലോചിച്ചു പറയാമെന്നോ മറ്റോ പറയാമായിരുന്നു. തന്റെ തിടുക്കം ചൈനാനി മനസ്സിലാക്കിയോ ആവോ?

'ഗുഡ്' പതുക്കെ പറഞ്ഞുകൊണ്ട് ചൈനാനി എഴുന്നേറ്റു.

സുനിലും എഴുന്നേറ്റു. അപർണ്ണ എഴുന്നേറ്റു സാരി നേരെയാക്കി. ചൈനാനി മേശ ചുറ്റിവന്ന് വാതിൽ തുറന്നു പിടിച്ചു. അപർണ്ണയുടെ കൈപിടിച്ചു കലുക്കി കുറച്ചു കുനിഞ്ഞുകൊണ്ട് പറഞ്ഞു.

'ആൾ ദ ബെസ്റ്റ്.'

സുനിലിനും അതുപോലെ കൈകൊടുത്തു. അവർ പുറത്തു കടന്നപ്പോൾ വാതിൽ പതുക്കെ അടഞ്ഞു.

വീണ്ടും മൃദുവായ പരവതാനികൾ വിരിച്ച ഇടനാഴികകളിലൂടെ പുറത്തേയ്ക്കു നടക്കുമ്പോൾ അവൾ വിചാരിച്ചു. എന്തൊരു നല്ല മനുഷ്യൻ!

# മൂന്ന്

ഓരോ അണുവിലും ചൈനാനി ഒരു മാന്യനായിരുന്നു. അയാളുടെ പെരുമാറ്റവും പ്രവർത്തികളും കുറ്റമറ്റവയാണ്. വളരെയധികം മിനുക്കപ്പെട്ടവയാണ്. ഏറ്റവും താഴ്ന്ന ജോലിക്കാരോടുകൂടി അയാൾ നിങ്ങൾ എന്നേ പറയാറുള്ളു. ആപ് എന്നു മാത്രം. തു, അല്ലെങ്കിൽ തും എന്ന വാക്കുകൾ ചൈനാനിയുടെ നിഘണ്ടുവിലില്ല. അതുപോലെ ഏറ്റവും നികൃഷ്ടമായ ഒരു കാര്യം ചെയ്യുകയാണെങ്കിൽപ്പോലും അതു വളരെ മയപ്പെടുത്തിയോ, അല്ലെങ്കിൽ തികച്ചും ആകസ്മികമായ ഒന്നാക്കിയോ ആണ് ചെയ്യുക. തനിക്കിതിൽ യാതൊരു പങ്കുമില്ലെന്ന മട്ടിൽ. അഞ്ചു കൊല്ലത്തെ പരിചയംകൊണ്ട് സുനന്ദയ്ക്ക് അതറിയാമായിരുന്നു. അതു കൊണ്ട് അവൾ ചൈനാനിയോട് അതേമട്ടിൽ മാന്യമായി പെരുമാറി. അത്ര മാന്യമല്ലാത്ത നിമിഷങ്ങൾ പങ്കിടുമ്പോൾ അത് താനും ചൈനാനിയുമല്ല, വേറെ രണ്ടുപേരാണെന്നവൾ സങ്കല്പിച്ചു. അഞ്ചു കൊല്ലത്തിനുള്ളിൽ പത്തു സൂപ്പർ മൂവിയുടെ നായികയായി അവൾ. എല്ലാം ചൈനാനി ഫിലിംസിന്റെ ബാനറിലുള്ളവ. മറ്റു പ്രൊഡ്യൂസർമാരുടെ ഓഫറുകൾ അവൾ കാറ്റിൽ പറത്തി. ചൈനാനി കൊടുക്കുന്ന പ്രതിഫലം കൊടുക്കുവാൻ മറ്റൊരു പ്രൊഡ്യൂസർക്കും കഴിയില്ല. അതായിരുന്നു ചൈനാനിയുടെ വിജയരഹസ്യം. ഒരാളെ ജോലിക്കു വയ്ക്കുമ്പോൾ അയാൾക്ക് മറ്റൊരിടത്തും കിട്ടാൻ സാധ്യതയില്ലാത്ത വലിയ ശമ്പളം കൊടുക്കുക കാരണം എല്ലാ തുറകളിലും ഏറ്റവും വൈദഗ്ദ്യമുള്ള ആളുകളെ ചൈനാനിക്കു കിട്ടി. ഏറ്റവും നല്ല സംവിധായകൻ, ഏറ്റവും നല്ല നടീനടന്മാർ, എറ്റവും നല്ല കാമറാമാൻ. മറ്റു കമ്പനികളിൽനിന്ന് ടാലന്റുകൾ ചൈനാനിയിലേയ്ക്ക് ഒഴുകി. മറ്റു പ്രൊഡ്യൂസർമാരുടെ നഷ്ടം ചൈനാനിയുടെ നേട്ടമായിരുന്നു.

ഇതെല്ലാം സുനന്ദയ്ക്കറിയാം. അതുകൊണ്ടുതന്നെ ഏറ്റവും അധികം പ്രതിഫലം കിട്ടുന്ന നടി എന്ന ഗർവ്വുണ്ടെങ്കിലും, ചൈനാനിയുടെ അടുത്ത് അവൾ വളരെ മര്യാദക്കാരിയായി. പരിതസ്ഥിതികൾ പെട്ടെന്ന് മാറിയേക്കാമെന്ന് അവൾക്കറിയാം. രാവിലെ ഡ്രസ്സിങ് ടേബ്ളിലെ നീലക്കണ്ണാടിയിൽ നോക്കുമ്പോൾ അവൾക്കു മനസ്സിലാവുന്നുണ്ട്, അഞ്ചു കൊല്ലം മുമ്പ് സിനിമയിൽ കടക്കുമ്പോഴുണ്ടായിരുന്ന ദേഹമല്ല ഇപ്പോൾ. കൂടുതൽ മാംസളമായിരിക്കുന്നു. യുവത്വം തോന്നിക്കുന്ന ദേഹത്തിന്റെ ആകാരവടിവിനെ പുതുതായി താമസം തുടങ്ങിയ അമിതഭാരം ഭീഷണിപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. തന്റെ മൂവികൾ വന്നാൽ ആളുകൾ ഇപ്പോഴും ഹാളിൽ ഇരച്ചു കയറുന്നു. ചൈനാനിയുടെ ഖജനാവിൽ നാണ്യങ്ങൾ കിലുകിലെ വീഴുന്നു. അതെല്ലാം ശരി. ഇനി എത്ര കാലം തനിക്ക് പിടിച്ചുനിൽക്കാൻ പറ്റും.

പോരാത്തതിന് രാവിലെ ഫോണിൽ കിട്ടിയ വാർത്തയും തീരെ സുഖമുള്ളതായിരുന്നില്ല. ചൈനാനി ഒരു പുതിയ പെൺകുട്ടിയെ നിയമിച്ചിട്ടുണ്ട്. ഇന്നാണ് സ്ക്രീൻ ടെസ്റ്റ്.

ചൈനാനിയുടെ ഉദ്ദേശ്യം പുതിയ പ്രൊഡക്ഷനിൽ ഇടാനാണെന്ന് അവൾക്കറിയാം. അതിന്റെ ജോലി നടന്നു കൊണ്ടിരിക്കുന്നു. ആ വിചാരം വളരെ അസ്വാസ്ഥ്യജനകമാണ്. മൾട്ടിസ്റ്റാറർ മൂവികളിലും തനിക്ക് മിഴിവുള്ള റോളുകൾ തന്ന് തന്നെ ഉയർത്തിക്കാട്ടുകയേ ചൈനാനി ചെയ്തിട്ടുള്ളു. പക്ഷേ, അവയിലെല്ലാം മറ്റു നായികമാർ സ്ഥിരം രണ്ടാംതരം, അല്ലെങ്കിൽ ഒന്നാംതരം തന്നെ പടങ്ങളിലഭിനയിക്കുന്ന നായികമാരാണ്. പക്ഷേ, ഈ പെൺകുട്ടി ചൈനാനിയുടെതന്നെ കണ്ടുപിടുത്തമാണ്. അതുകൊണ്ട് സൂക്ഷിക്കണം.

ഫോൺ ശബ്ദിച്ചു.

'ഹല്ലോ...'

'സുനന്ദയല്ലേ?' ചൈനാനിയുടെ ശബ്ദം.

'അതേ നിതിൻജി.'

'ഇപ്പോൾ സ്റ്റുഡിയോവിലേയ്ക്കു വരാൻ പറ്റുമോ? വരാൻ സൗകര്യമാണെങ്കിൽ ഞാൻ അരമണിക്കൂറിനുള്ളിൽ കാർ കൊടുത്തയക്കാം.'

ചൈനാനി എപ്പോഴും അങ്ങിനെയാണ്. സൗകര്യമെങ്കിൽ ഒന്ന് വരാമോ. അത്രമാത്രം. ഒരു നിർബ്ബന്ധവും കാണിക്കില്ല. അധികാരത്തിന്റെ സ്വരമില്ല. പക്ഷേ, ചൈനാനിയുടെ ഓരോ വാക്കുകളും മാനിക്കപ്പെട്ടു. ഒരു ആജ്ഞപോലെ.

'വേണ്ട നിതിൻജി ഞാൻ എന്റെ കാറിൽ വന്നു കൊള്ളാം.'

'ശരി താങ്ക്സ്.'

സ്റ്റുഡിയോവിൽ ചൈനാനിയുടെ ഓഫീസ് പ്രധാന കെട്ടിടത്തിൽ ഒന്നാം നിലയിലായിരുന്നു. തന്റെ ചാരനിറത്തിലുള്ള റെനോൾട്ട് കാർ സുനന്ദ പോർച്ചിൽ നിർത്തി. യൂനിഫോമിട്ട വാച്ച്മാൻ വന്ന് വാതിൽ തുറന്നു. അവൾ ഹാന്റ് ബാഗുമെടുത്ത് പുറത്തിറങ്ങി. വാച്ച്മാൻ കാറിൽക്കയറി കാർ സ്റ്റാർട്ടാക്കി പാർക്കിങ് ലോട്ടിലേയ്ക്കു കൊണ്ടുപോയി.

തുറന്നുപിടിച്ച വാതിലിലൂടെ സുനന്ദ അകത്തെ തണുപ്പിലേയ്ക്കു കടന്നു. ചവുട്ടിയാൽ പതുങ്ങിപ്പോകുന്ന പരവതാനികൾ ഒന്നാം നിലയിൽ ലിഫ്റ്റിനു മുമ്പിൽനിന്നു തുടങ്ങുന്നു. റിസപ്ഷനിലെത്തിയപ്പോൾ ഇളം പച്ച സാരിയുടുത്ത റിസപ്ഷനിസ്റ്റ് എഴുന്നേറ്റു നിന്നു.

'നമസ്തെ സുനന്ദാജി. ചൈനാനി സാബ് കാത്തിരിക്കുന്നുണ്ട്.'

'നമസ്തെ.' സുനന്ദ നിൽക്കാതെ നടന്നുനീങ്ങി. കൊത്തുപണികളുള്ള വാതിലിൽ അവൾ പതുക്കെ മുട്ടി.

'കമിൻ.'

വാതിൽ തുറന്നപ്പോൾ ചൈനാനി മേശ ചുറ്റി വന്ന് അവളുടെ കൈപിടിച്ചു കുലുക്കി, കസേല നീക്കി അവളോട് ഇരിക്കാൻ പറഞ്ഞ ശേഷം തിരിച്ച് മേശയ്ക്കു പിന്നിൽ കസേലയിൽ ഇരുന്നു.

മുറി താരതമ്യേന ഇരുണ്ടിട്ടായിരുന്നു. ഒന്നുരണ്ടു കൊച്ചു സ്പോട്ട്ലൈറ്റുകളല്ലാതെ മറ്റു വിളക്കുകളൊന്നും കൊളുത്തിയിട്ടുണ്ടായിരുന്നില്ല. പുറത്തേയ്ക്കുള്ള ജനലാകട്ടെ കർട്ടൻകൊണ്ട് മറച്ചിട്ടുമുണ്ട്. ചൈനാനി വളരെ തെളിഞ്ഞ വെളിച്ചം ഇഷ്ടപ്പെട്ടിരുന്നില്ല. തീക്ഷ്ണമായതൊന്നും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. സംഗീതം പോലും അദ്ദേഹം ആസ്വദിച്ചിരുന്നത് വളരെ താഴ്ന്ന ശബ്ദത്തിലായിരുന്നു. മുറിയിലിരുന്ന് കുറച്ചു കഴിഞ്ഞാലേ സംഗീതമുണ്ടെന്ന് മനസ്സിലാവുക തന്നെയുള്ളൂ. ഒരിക്കൽ മനസ്സിലായി അതു നമ്മുടെ മനസ്സിന് ഒരു താളം കൊടുത്തുകഴിഞ്ഞാൽ അതു വളരെ ആനന്ദപ്രദമാണ്.

സ്റ്റീരിയോവിന്റെ മറച്ചുവച്ച സ്പീക്കറുകളിൽക്കൂടി കേൾക്കുന്നത് ഒരു ഇൻസ്ട്രുമെന്റലാണ്. വയലിന്റേയും ചെല്ലോവിന്റെയും ശബ്ദം ശ്രദ്ധിച്ചു കൊണ്ട് സുനന്ദ ചോദിച്ചു. 'ഹെൻറി മാൻസീനി?'

'റൈറ്റ് ഗെസ്സ്.' ചൈനാനി ചിരിച്ചുകൊണ്ട് പറഞ്ഞു. ഊഹം ശരിയായതിന് ഒരു പൂച്ചെണ്ട്.'

'ഒരു ഊഹംകൂടി പറയാം. ഇപ്പോൾ പ്ലേ ചെയ്യുന്നത് ഡോക്ടർ ഷിവാഗോവിലെ തീം മ്യൂസിക്കാണ്. സംവേർ മൈ ലവ്.'

'യു ആർ ഗ്രെയ്റ്റ്.' ചെനാനി അദ്ഭുതത്തോടെ അവളെ നോക്കി. അയാൾ എഴുന്നേറ്റ് ഇടത്തു വശത്തുവച്ച ഷോകേസിലെ പൂച്ചെണ്ടുകളിൽ നല്ലതൊരെണ്ണം തെരഞ്ഞെടുത്ത് സുനന്ദയ്ക്കു കൊടുത്തു.

'റോസാപ്പൂക്കൾ.' വാസനിച്ചുകൊണ്ട് സുനന്ദ പറഞ്ഞു.

'താങ്ക്യൂ നിതിൻജി, എത്ര ഭംഗിയുള്ള പൂക്കൾ.'

'വെൽക്കം.'

'പുതിയ പ്രൊഡക്ഷന്റെ ജോലി ഏതു വരെയായി?'

ചൈനാനി ചാരിയിരുന്ന റിവോൾവിങ് ചെയർ പതുക്കെ ആട്ടിക്കൊണ്ട് പറഞ്ഞു.

'ഒരുകെട്ടു കടലാസ്സിനുള്ളിൽ ഒരു വലിയ കഥ, അത്ര മാത്രം.' മേശമേൽ ഒരുകിൽ വച്ച കടലാസ്സുകെട്ട് അയാൾ ചൂണ്ടിക്കാട്ടി. 'വളരെയേറെ കഥാപാത്രങ്ങൾ, വളരെ ബൃഹത്തായ കഥ, കൂറ്റൻ സെറ്റിങ്ങുകൾ വേണം. ഇതിന്റെ ഒക്കെക്കൂടി വില ഒരു കോടിയിലധികം. എവിടെനിന്നാണ് ഞാൻ ഇത്രയും പണം ഉണ്ടാക്കേണ്ടതു? ഞാൻ അത്ര പണക്കാരനൊന്നുമല്ല.'

'ഹൗ സാഡ്.' സുനന്ദ ചിരിച്ചുകൊണ്ട് പറഞ്ഞു.

'ഭാഗ്യത്തിന് ഒരു നായികയേ ഉള്ളൂ. മൂന്ന് നായകന്മാരും.'

മനസ്സ് പ്രക്ഷുബ്ധമാകുന്നത് സുനന്ദ അറിഞ്ഞു. ഒരു നായികയേ ഉള്ളൂ. പെട്ടെന്ന് അവൾക്ക് ആത്മവിശ്വാസം നശിച്ചതുപോലെ തോന്നി. ഒരു സാധാരണക്കാരിയെ പെട്ടെന്ന് ഒരു ദിവസം നായികയാക്കാനുള്ള ടെക്നിക് ചൈനാനിയുടെയും അയാളുടെ പെറ്റ് ഡയറക്ടർ വിനോദ് ചന്ദാനിയുടെയും കൈയ്യിലുണ്ട്. പുതുതായി വന്ന പെൺകുട്ടി തനിക്കൊരു ഭീഷണിയാണ് എന്നോർത്തപ്പോൾ അവൾ പെട്ടെന്ന് തളർന്നു.

'എന്താണ് കുടിക്കുന്നതു?'

'നിതിൻജി പറഞ്ഞാൽ മതി.'

'ഡ്രൈമാർട്ടിനിയായാലോ?'

'ശരി.'

അയാൾ മുറിയുടെ മൂലയിൽ പ്രതിഷ്ഠിച്ച ബാറിലേയ്ക്കു നടന്നു. രണ്ടു ഗ്ലാസ്സുകളിൽ ജിൻ പകർന്നു, ഏതാനും തുള്ളി വെർമോത്ത് ഒഴിച്ചു. ഗ്ലാസ്സിന്റെ വക്കിൽ ഒരു നാരങ്ങ വട്ടത്തിൽ ചെത്തിയതു കോർത്തുവച്ച് കൊണ്ടുവന്നു. ബാറിൽ കോക്ടെയിലുകൾ കൂട്ടുന്നത് ചൈനാനി ഇഷ്ടപ്പെട്ടു. താനൊരു ബാർമാൻ ആവേണ്ടതായിരുന്നെന്ന് അയാൾ പറയാറുണ്ട്.

സുനന്ദ നിശ്ശബ്ദയായി ആലോചിക്കുകയായിരുന്നു. തന്റെ ബുദ്ധി ഉപയോഗിക്കേണ്ട ഒരു സന്ദർഭം വന്നുചേർന്നിരിക്കുന്നു. ചൈനാനിയുടെ മനസ്സിൽ എന്താണെന്നറിയില്ല. ഏതെങ്കിലും ജോലിക്കാർ അയാളുടെ അപ്രീതിയ്ക്കു പാത്രമായാൽ അയാളെ തട്ടാൻ വളരെ നവീനമായ മാർഗ്ഗങ്ങളാണ് ചൈനാനി സ്വീകരിക്കാറ്. ഒന്നുകിൽ ആ ഉദ്യോഗസ്ഥന്ന് ജോലി നിയോഗിക്കുന്നതു ഒരു ദിവസം നിർത്തും. ജോലിയെല്ലാം അയാളുടെ കീഴുദ്യോഗസ്ഥന്മാർക്കു നേരിട്ടു കൊടുക്കും. ആ ഉദ്യോഗസ്ഥൻ ജോലിയില്ലാതെ അയാളുടെ വലിയ കാബിനിൽ വെറുതെയിരിക്കും. പതുക്കെ പതുക്കെ അയാളുടെ ഓരോ സൗകര്യങ്ങൾ അപ്രത്യക്ഷമാകും. കാബിനിലെ ഷെൽഫുകൾ, അലമാറ, ഫയലുകൾ. ഒടുക്കം അയാളും മേശയും കസേലകളും മാത്രമാകും. വരുന്ന സന്ദർശകരെയെല്ലാം സ്വീകരിക്കുക താഴ്ന്ന ഉദ്യോഗസ്ഥന്മാരോ, അല്ലെങ്കിൽ അതിനായി നിയമിച്ച വേറെ വല്ലവരും ആകും. അവസാനമായി പോകുന്നത് എയർ കണ്ടീഷണറാണ്. ഫാനില്ലാത്ത മുറിയിൽ അയാൾ കുറച്ചു കാലം കൂടി അപമാനവും വിയർപ്പും സഹിച്ച് തൂങ്ങിയിരിക്കും. ശമ്പളം മാത്രം നിർത്തില്ല. അങ്ങിനെയിരിക്കെ ഒരു പ്രഭാതത്തിൽ അയാൾ ഓഫീസിൽ വരവു നിർത്തും.

അത്രയും ക്രൂരമല്ലാത്ത വേറൊരു മാർഗ്ഗവുമുണ്ട് ചൈനാനിക്ക്. ഒരു ഉദ്യോഗസ്ഥൻ അയാളുടെ കണ്ണിൽ ചീത്തയായാൽ അയാളുടെ ഫേയർവെൽ പാർട്ടിയെന്ന പേരിൽ ഒരു പാർട്ടി ഒരുക്കും. ഗംഭീര പാർട്ടി. അതിൽ വച്ച് ആ ഉദ്യോഗസ്ഥൻ വേറെ നല്ല ജോലി കിട്ടി പോകുന്നതിൽ തനിക്കുള്ള സന്തോഷത്തെപ്പറ്റിയും ഇത്രയും നല്ല ഒരുദ്യോഗസ്ഥൻ നഷ്ടപ്പെടുന്നതിൽ തനിക്കുള്ള ഖേദത്തെപ്പറ്റിയും ചൈനാനി പ്രസംഗിക്കും. പാവം ആ ഉദ്യാഗസ്ഥനു മാത്രമേ ചിലപ്പോൾ സത്യാവസ്ഥ അറിയൂ. മാനമായി ഒഴിവാവണമെങ്കിൽ വായ തുറക്കാതിരിക്കുകയും വേണം.

തന്നെയും അങ്ങിനെ ആചാരപൂർവ്വം നായിക സ്ഥാനത്തു നിന്ന് ഒഴിവാക്കാനുള്ള ശ്രമമാണോ?

ചൈനാനി ഗ്ലാസ്സ് ഉയർത്തിക്കാട്ടി. 'ചീയേഴ്സ്.'

ചൈനാനി മേശയുടെ വലിപ്പുതുറന്ന് ഏതാനും ഫോട്ടോഗ്രാഫുകൾ എടുത്ത് സുനന്ദയുടെ മുമ്പിലേയ്ക്കിട്ടു കൊണ്ട് പറഞ്ഞു.

'എങ്ങിനെയുണ്ടെന്നു പറയൂ.'

കാബിനറ്റ് സൈസിലുള്ള ചിത്രങ്ങൾ. അപ്പോൾ ഡവലപ്പ് ചെയ്തിട്ടേയുള്ളുവെന്നു തോന്നുന്നു. അവൾ വിറക്കുന്ന കൈ കൊണ്ട് അവയെടുത്തു നോക്കി. ഒരു സുന്ദരിയായ പെൺകുട്ടിയുടെ വിവിധ പോസുകളിലുള്ള ഫോട്ടോകൾ. സുനന്ദ ചോദ്യത്തോടെ ചൈനാനിയെ നോക്കി.

'ഇതാണെന്റെ പുതിയ റിക്രൂട്ട്. അപർണ്ണ.'

അപ്പോൾ ഇതാണല്ലെ തനിക്ക് ഭീഷണിയായി വന്ന ബ്യൂട്ടി ക്വീൻ. അവൾ ഗ്ലാസ്സിൽ നിന്ന് ഒരു വലിയ കവിൾ കുടിച്ചു വീണ്ടും ആ ഫോട്ടോകൾ നോക്കി. മുഖത്ത് അസ്വാസ്ഥ്യമോ ആശങ്കയോ നിഴലിച്ചു കാണാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു. ചൈനാനിയുടെ കണ്ണുകൾ അവളുടെ മുഖത്താണെന്നറിയാം. ആവുന്നത്ര ധൈര്യം സംഭരിച്ച് മുഖമുയർത്തിക്കൊണ്ട് അവൾ പറഞ്ഞു.

'നല്ല കുട്ടി.' അവൾ വീണ്ടും ഗ്ലാസ്സെടുത്ത് ഒരു കവിൾ കുടിച്ചു, പിന്നെ ഗ്ലാസ്സ് കൈവിടാൻ മടിച്ചുകൊണ്ട് കൈയ്യിൽത്തന്നെ വച്ചു.

'എല്ലാം അവൾക്ക് എത്രത്തോളം അഭിനയിക്കാൻ കഴിയുമെന്നതിനെ ആശ്രയിക്കും. സൗന്ദര്യം പകുതി മാത്രമേ ആകുന്നുള്ളു, ബാക്കി പകുതി കഴിവാണ്.'

'ഈ കുട്ടിയ്ക്കു പുതിയ പ്രൊഡക്ഷനിൽ അവസരം കൊടുക്കുന്നുണ്ടോ?' തന്റെ ശബ്ദത്തിൽ അല്പം വിറയലുണ്ടായോ?

'കൊടുക്കണോ?' ചൈനാനി മറുചോദ്യം ചോദിക്കയാണ്.

# നാല്

സുനിൽ അപർണ്ണയെ വീണ്ടും വീണ്ടും അദ്ഭുതപ്പെടുത്തി. ചൈനാനിയുടെ സ്റ്റുഡിയോവിൽ സ്ക്രീൻടെസ്റ്റിനു പോയപ്പോൾ സുനിൽ വളരെ ഉപകരിച്ചു. സ്റ്റുഡിയോവിൽ എല്ലാവരേയും സുനിലിന് പരിചയമാണ്. അതും പ്രതീക്ഷിച്ചതാണ്. എല്ലാവരുടെയും തോളിൽ കൈയ്യിട്ടു സംസാരിക്കുന്നു. സ്റ്റിൽ ഫോട്ടോഗ്രാഫർ ദേവ് സ്റ്റുഡിയോവിൽ എത്തിയപ്പോൾ അയാൾ പരിചയപ്പെടുത്തി.

'ഇതാണ് അപർണ്ണ. ചൈനാനി പുതുതായി എടുത്ത കുട്ടിയാണ്. ഒരുപക്ഷേ, അടുത്ത ചിത്രത്തിലെ നായികയാവാനും മതി. നല്ല ഒരു ടെസ്റ്റെടുക്കൂ.'

അയാൾ കണ്ണിറുക്കിക്കാട്ടി. അതിൽ ദുരുദ്ദേശ്യമൊന്നുമില്ല. വെറും സൗഹാർദ്ദം മാത്രം. അവളെ സഹായിക്കാനുള്ള ഉത്സാഹവും. അത് അപർണ്ണക്കു മനസ്സിലായി.

'ഇത് ദേവേന്ദ്ര ഭട്ടചാര്യ. ചൈനാനിയുടെ ഫേവറിറ്റ് ബോയ്. ഒരു പക്ഷേ, ഇന്ത്യയിലെതന്നെ ഏറ്റവും വലിയ കാമറാമാൻ. പാരീസിൽ ഒരു ഇന്റർനാഷനൽ അവാർഡെല്ലാം കിട്ടിയിട്ടുണ്ട്.'

'വരൂ.' ദേവ് അവളെ സ്റ്റുഡിയോവിലേയ്ക്കു നയിച്ചു. അയാളുടെ പെരുമാറ്റം വളരെ പതമുള്ളതായിരുന്നു. സ്നേഹവും മാന്യതയുമുള്ളതായിരുന്നു. അധികം ഉയരമില്ലാതെ മെലിഞ്ഞ ഒരു മനുഷ്യനായിരുന്നു ദേവ്. ഒരു ഫ്രെഞ്ച്താടി അയാളുടെ മുഖത്തിനു നീളംകൂട്ടി.

'എത്ര സമയം എടുക്കും?'

'ഏകദേശം ഒരു മണിക്കൂർ.' ദേവ് പറഞ്ഞു.

'ഞാനൊന്ന് ചുറ്റി വരാം. കുറച്ച് അത്യാവശ്യകാര്യങ്ങൾ. അപർണ്ണാ, ഐ വിൽ പിക്യു അപ് അറ്റ് ട്വൽവ്.'

'ഓകെ, താങ്ക്സ്.' അവൾ തലയാട്ടി.

സുനിൽ വാതിൽ കടന്ന് പോയി. അവളോട് വിവിധ പോസുകളിൽ നിൽക്കാൻ പറഞ്ഞശേഷം ദേവ് കാമറയ്ക്കു പിന്നിൽ പോയി. വിളക്കുകൾ തെളിഞ്ഞു. കാമറയുടെ ക്ലിക് ശബ്ദം ഫ്ളാഷുകൾ. ദേവ് ഇടയ്ക്കു വന്ന് അവളുടെ പോസുകളിൽ മാറ്റം വരുത്തി. വളരെ വികലമെന്ന് തോന്നുന്ന പോസുകൾ. അയാളുടെ പെരുമാറ്റം വളരെ മാന്യമായിരുന്നു. അനാവശ്യമായി ഒരു സ്പർശം പോലുമുണ്ടായില്ല. അത്യാവശ്യം പോസുകൾ മാറ്റുമ്പോൾ അയാൾ അവളുടെ കൈകളിൽ വളരെ മൃദുവായി തൊടുക മാത്രം ചെയ്തു. അയാളുടെ കണ്ണുകൾ അവളെ ഒരു കലാവസ്തുവെപ്പോലെ ആരാധനാഭാവത്തോടെ നോക്കി.

ഒരുപക്ഷേ, താൻ സിനിമാലോകത്തെപ്പറ്റി കേട്ടതെല്ലാം തെറ്റായിരിക്കാം. അപർണ്ണ വിചാരിച്ചു. ഇതുവരെ പരിചയപ്പെട്ടവരെല്ലാം വളരെ മര്യാദക്കാർതന്നെ. സുനിൽ, ചൈനാനി, ദേവ്. ആരും അവളെ മര്യാദയില്ലാതെ നോക്കുക പോലും ചെയ്തിട്ടില്ല. ഒരു പക്ഷേ, തനിക്ക് മര്യാദയോടും മാനത്തോടും കൂടി സിനിമാലോകത്തിൽ കടന്നുകൂടാനും ജോലിയെടുക്കാനും കഴിഞ്ഞേക്കും.

പെട്ടെന്ന് ദേവ് കാമറ നിർത്തി. മേശമേലുള്ള സ്വിച്ചുകളമർത്തി ഫ്ളഡ് ലൈറ്റുകൾ കെടുത്തി. മുറി ചൂടായിരുന്നു.

'ഇനി നമുക്ക് ബിക്നിയിൽ കുറച്ചു ഫോട്ടോകൾ എടുക്കണം.' ദേവ് പറഞ്ഞു അയാൾ മേശവലിപ്പിൽനിന്ന് ഒരു പ്ലാസ്റ്റിക് സഞ്ചിയെടുത്ത് അവൾക്കു കൊടുത്തു. വലത്തു വശത്തുള്ള ചുമരിലെ വാതിലിലേയ്ക്കു ചൂണ്ടിക്കാട്ടി പറഞ്ഞു. 'അത് ഡ്രസ്സിങ്റൂമാണ്. വിഷമമാവില്ലെങ്കിൽ ഈ ബിക്നിയിലേയ്ക്ക് മാറി വരൂ.'

അപർണ്ണ സഞ്ചി തുറന്നു നോക്കി. അതിലൊരു പുതിയ ടൂപീസ് ബിക്നിയുണ്ടായിരുന്നു. അവൾ മടിക്കാതെ ഡ്രെസ്സിങ്റൂമിലേയ്ക്കു നടന്നു.

ഡ്രസ്സിങ് റൂമിന്റെ വലുപ്പം അവളെ അദ്ഭുതപ്പെടുത്തി. പത്തടിയോളം നീളവും അത്രതന്നെ വീതിയുമുണ്ടാവും. നിലത്ത് പരവതാനി. അതിലെ ചിത്രം സ്റ്റുഡിയോവിലെ പരവതാനിയിൽ നിന്ന് വ്യത്യസ്ഥമാണ്. നിലം തൊട്ട് മുകളിൽ ഫാൾസ്സീലിങ് വരെ വിലപിടിച്ച കണ്ണാടി. കറുത്ത ഗ്ലാസ്സുകളാണ്. ഫാൾസ് സീലിങ്ങിൽ നിന്നു വരുന്ന വെളിച്ചം മുറിയെ അതി ദീപ്തമാക്കിയിരുന്നു. ചൈനാനി ചെയ്യുന്നതിലെല്ലാം ഒരു ക്ലാസ്സുണ്ടെന്ന് അവൾക്കു സമ്മതിക്കേണ്ടി വന്നു.

അവൾ ടോപ്പിന്റെ ഹുക്കുകളഴിക്കാൻ തുടങ്ങി. കണ്ണാടിയിൽ അവളുടെ രൂപം നേരെയും എതിരായും നിരന്നു കിടക്കുന്നു. ഒരു വലിയ അമ്പലത്തിലെ ശ്രീകോവിലിലേയ്ക്കുള്ള നട പോലെ അത് അനന്തമായി നീണ്ടു കിടക്കുകയാണ്. അവൾ വസ്ത്രങ്ങൾ ഓരോന്നോരോന്നായി അഴിച്ചു മാറ്റി. ഒരു കർമ്മം അനുഷ്ഠിക്കുന്ന പോലെ, സാവധാനത്തിൽ, അഴിച്ചു കളയുന്ന മേനിഭാഗത്തെ നഗ്നത സ്വയം ആസ്വദിച്ചു കൊണ്ട്.

പെട്ടെന്നവൾ ഓർത്തു. താൻ നിൽക്കുന്ന മുറി എത്രത്തോളം സ്വകാര്യമാണ്? ആർക്കെങ്കിലും കണ്ണാടിയിലൂടെ കാണാൻ കഴിയുമോ? ഇല്ലായിരിക്കാം, ഉണ്ടായിരിക്കാം. അവൾ പെട്ടെന്ന് ബിക്നിയെടുത്തുടുത്തു. ബിക്നി വളരെ വീതി കുറഞ്ഞതായിരുന്നു. പക്ഷേ, അവൾ കൂസിയില്ല. ക്ലബ്ബിലെ സ്വിമ്മിങ് പൂളിൽ ബിക്നി ധരിച്ച് അവൾ നീന്താറുണ്ട്. അതു പക്ഷേ, വൺപീസ് ബിക്നിയാണ് അവളുടെ മുൻഭാഗം മുഴുവനും പിൻഭാഗം മുക്കാലും മറയ്ക്കാറുണ്ട്. ഇപ്പോൾ ഇട്ടിരിക്കുന്നത് ശരിക്കും ചെറുതു തന്നെയാണ്. അവളുടെ മാറിടം അസാധാരണ വലുപ്പം തോന്നിച്ചു. കണ്ണാടിയിൽ അവൾ വളരെ സെക്സിയായി തോന്നി. നല്ലതു്. എത്രത്തോളം സെക്സിയാവുന്നുവോ അത്രയും സിനിമയിൽ കടന്നു കൂടാനുള്ള അവസരവും കൂടിവരുന്നു.

അവൾ പുറത്തുകടന്നു.

ദേവ് മേശമേൽ ചാരിനിന്ന് സിഗരറ്റ് വലിക്കുകയാണ്. എയർ കണ്ടീഷൻ ചെയ്ത സ്റ്റുഡിയോവിൽ സിഗരറ്റിന്റെ മണം ചൂഴ്ന്നുനിന്നു. അയാൾ ജീൻസാണ് ഇട്ടിരിക്കുന്നതെന്ന് അവൾ അപ്പോഴെ ശ്രദ്ധിച്ചുള്ളൂ. ഖദറിന്റെ ഒരു കുർത്തയും. അപർണ്ണയെ കണ്ടപ്പോൾ അയാൾ സിഗരറ്റ് കുത്തിക്കെടുത്തി. ഫ്ളഡ് ലൈറ്റുകൾ കത്തി. ക്യാമറ ഫോക്കസ് ചെയ്തു. വീണ്ടും പോസുകൾ. കൈകൾ ഉയർത്തു. അതെ അങ്ങിനെ, കാലുകൾ മടക്കി, അല്പം കുമ്പിട്ട്...

ദേവ് യാന്ത്രികമായി പറഞ്ഞു കൊണ്ടിരുന്നു. അയാളുടെ മുഖം നിർവ്വികാരമായിരുന്നു. അതവളെ അദ്ഭുതപ്പെടുത്തി. തന്റെ ദേഹത്തിന്റെ നഗ്നഭാഗങ്ങൾ അയാളിൽ യാതൊരു വികാരവും ഉണർത്തുന്നില്ലെന്നത് ആശ്വാസജനകവും അതേ സമയം നിരാശാവഹവുമായിരുന്നു.

ഇപ്പോൾ അയാൾ ഒരു മൂവി കാമറയിൽ അവളുടെ ചലനങ്ങൾ പകർത്തുകയായിരുന്നു. പെട്ടെന്നയാൾ നിർത്തി. കാമറ മാറ്റി വച്ച് അയാൾ അവളെ നോക്കി. അവൾ എഴുന്നേറ്റുനിന്നു, ചോദ്യപൂർവ്വം അയാളെ നോക്കി.

'നിങ്ങളുടെ മുഖത്തുനിന്ന് ചിരി തീരെ മാഞ്ഞു പോയിരിക്കുന്നു.'

തന്റെ മുഖത്തു കുറച്ചുനേരമായി പടർന്നുവന്ന നീരസവും ടെൻഷനും അവൾ അപ്പോഴാണ് മനസ്സിലാക്കുന്നത്. അവൾ ചിരിച്ചു.

ദേവ് ഒരു സിഗരറ്റ് കൊളുത്തി.

'ഞാനൊരു പരമബോറനാണല്ലേ?' അയാൾ ചോദിച്ചു.

അവൾക്ക് കുറ്റബോധം തോന്നി.

'അതല്ല...' അവൾ ക്ഷമാപണത്തോടെ പറഞ്ഞു. 'ഞാൻ പെട്ടെന്ന് എന്നിലേയ്ക്കുതന്നെ തിരിച്ചു പോയി.'

'ഒമി ജാനീ.' എനിക്കറിയാം. ദേവ് പറഞ്ഞു. 'നമ്മുടെ ഉള്ളിലെ വൈരുദ്ധ്യങ്ങളിലേയ്ക്ക് ഒരു തീർത്ഥയാത്ര, അല്ലെ? ഞാനും ചെയ്യാറുണ്ടു്. ജീവിതം ഒരു വലിയ പ്രശ്നം തന്നെയാണല്ലേ? അപർണ്ണാജി ആലോചിക്കുന്നതെന്താണ് എന്നെനിക്കറിയാം. ടെസ്റ്റിന്റെ ഫലത്തെക്കുറിച്ച്. അതു കഴിഞ്ഞാൽ സിനിമയിൽ ഒരു നല്ല റോൾ കിട്ടുന്നതിനെക്കുറിച്ച്. ആദ്യത്തെ മൂവി ഹിറ്റാവുന്നതിനെപ്പറ്റി, പരാജയഭീതി. ഇതെല്ലാം ഭയാശങ്കകൾ ഉണ്ടാക്കുന്നതാണ്.'

അപർണ്ണ ഒന്നും പറഞ്ഞില്ല. എന്താണ് പറയാനുള്ളതു? ദേവിനോട് കുറച്ചുകൂടി സ്നേഹപൂർവ്വം പെരുമാറാമായിരുന്നു. ഇംഗ്ലീഷിനു പകരം ബംഗാളിയിൽ സംസാരിക്കാമായിരുന്നു. എന്തോ, അയാളുടെ നിർവ്വികാരത അവളുടെ മനസ്സിനെ ബാധിക്കുകയാണ് ഉണ്ടായത്. അയാൾ തന്റെ സൗന്ദര്യം ആദരവോടെ നോക്കിയിരുന്നെങ്കിൽ ഈ നിർവ്വികാരത ഉണ്ടാവില്ലായിരുന്നു. അയാൾ കാമത്തോടെ, അല്പം അശ്ലീലമായെങ്കിലും തന്നെ നോക്കിയിരുന്നെങ്കിൽ പോലും താൻ പ്രശംസിക്കപ്പെടുമായിരുന്നു. ഇപ്പോൾ തനിക്കുണ്ടായത് തിരസ്കാരത്തിന്റെ ചുവയായിരുന്നുവെന്ന് അവൾ മനസ്സിലാക്കി. പക്ഷേ, അയാളതു് ഉദ്ദേശിച്ചിട്ടില്ലെന്നു വ്യക്തം.

'ആവശ്യമുള്ളത്ര ഷോട്ടുകൾ കിട്ടിയിട്ടുണ്ട് നമുക്ക് നിർത്താം. എന്താണ് കുടിക്കാൻ വേണ്ടതു?' ദേവ് ചോദിച്ചു.

'എനിക്ക് തണുത്തതെന്തെങ്കിലും മതി.'

'ശരി ഞാൻ ഓർഡർ ചെയ്യാം. അപർണ്ണാജി ഡ്രസ്സ ചെയ്തു കൊള്ളൂ.'

അവൾ ഡ്രസ്സിങ്റൂമിലേയ്ക്കു നടന്നു. വാതിലിന്റെ പിടിയിൽ കൈ വച്ചു തിരിഞ്ഞു നിന്നു.

'എന്നെ അപർണ്ണാജിയെന്നൊന്നും വിളിക്കേണ്ട.'

അയാൾ ചിരിച്ചു.

അവളുടെ മുഖത്തെ നീരസം അപ്പോഴും പോയിട്ടില്ലെന്ന് ഡ്രസ്സിങ് റൂമിലെ കണ്ണാടി നോക്കിയപ്പോഴാണ് അവൾക്കു മനസ്സിലായതു്. അവൾ കണ്ണാടി നോക്കി ചിരിക്കാൻ ശ്രമിച്ചു. ചിരിക്കാനുള്ള ശ്രമം ഇനി മറ്റൊരവസരത്തിലാകാം. അവൾ ഗൗരവമുള്ള മുഖത്തോടെ സ്വയം പറഞ്ഞു.

അവൾ ബിക്നി അഴിച്ചുമാറ്റി.

തിരിച്ചു പുറത്തു കടന്നപ്പോൾ ദേവ് അപ്രത്യക്ഷനായിരുന്നു. അവൾ ഒരു ചൂരൽ കസേലയിലിരുന്നു. വാതിൽ തുറന്ന് സിൽക് സാരിയുടുത്ത ഒരു പെൺകുട്ടി ട്രേയിൽ തമ്പ്സപ്പ് കൊണ്ടുവന്നു. അവ ഗ്ലാസ്സുകളിൽ ഒഴിച്ച് ഒരു ഗ്ലാസ്സ് അപർണ്ണയ്ക്കു കൊടുത്ത ശേഷം മറ്റെ ഗ്ലാസ്സ് ട്രേയോടു കൂടി മേശമേൽ വച്ചു...

'ദേവ് സാബിന്റെ ഗ്ലാസ്സ് ഇവിടെ വച്ചിട്ടുണ്ട്.'

തമ്പ്സപ്പിന്റെ കുപ്പികളുമായി ആ പെൺകുട്ടി പോയി. വാതിലടഞ്ഞു. അപർണ്ണ ആലോചിച്ചു. പച്ച സിൽക്കു സാരിയും ബ്ലൗസും തലയിൽ സിൽക്ക് സ്കാർഫും ചൈനാനിയുടെ ജോലിക്കാരികളുടെ യൂനിഫോം ആണ്. ഗ്ലാസ്സിലെ സ്ട്രോ എടുത്തുകളഞ്ഞ് നേരിട്ട് കുടിച്ചു കൊണ്ടിരിക്കെ ദേവ് പ്രത്യക്ഷപ്പെട്ടു. അയാൾ അവൾക്കെതിരെയുള്ള ചൂരൽ കസേലയിൽ വന്നിരുന്നു ഗ്ലാസ്സെടുത്ത് മൊത്തി തിരിച്ചുവച്ചു, ഒരു സിഗരറ്റെടുത്ത് കൊളുത്തി.

'അല്പം ക്ഷമിക്കാമെങ്കിൽ സ്റ്റിൽസിന്റെ പ്രിന്റുകൾ കാണാം.' ദേവ് പറഞ്ഞു. 'സുനിൽ പന്ത്രണ്ടിനു വരാമെന്നല്ലേ പറഞ്ഞിരിക്കുന്നതു?'

'അതെ'.

പിന്നെ ഡയലോഗൊന്നുമില്ല. അവൾ തണുത്ത പാനീയം കുടിച്ചു കൊണ്ടിരിക്കെ അയാൾ സിഗരറ്റു വലിച്ചു പുക വിട്ടു. പെട്ടെന്നയാൾ സിഗരറ്റിലെ ചാരം പകുതി കുടിച്ചുവച്ച ഗ്ലാസ്സിനു മുകളിലേയ്ക്കു കൊണ്ടുപോകുന്നത് അവൾ കുറച്ചൊരു പരിഭ്രമത്തോടെ നോക്കി നിന്നു. അവളുടെ നോട്ടം കണ്ടപ്പോഴാണ് അയാളും ശ്രദ്ധിച്ചതു്. പക്ഷേ, അപ്പോഴേയ്ക്ക് വൈകിയിരുന്നു. സിഗരറ്റിന്റെ ചാരം ഗ്ലാസ്സിൽ വീണു.

'ഓ! അയാം സോറി. ഞാൻ കുറച്ച് അശ്രദ്ധനായി.'

ചാരം ഗ്ലാസ്സിനടിയിൽ വീണുകിടക്കുന്നതവൾ നോക്കി. അതിന്മേൽ കുമിളകൾ കനത്തു കൂടുന്നു.

'ഞാനിപ്പോൾ വരാം...' ദേവ് ഒരു വശത്തുള്ള വാതിൽ കടന്ന് അകത്തുപോയി. അകത്ത് ചുവന്ന വെളിച്ച മുണ്ടായിരുന്നു. ദേവ് വാതിലടച്ചു. അപർണ്ണ മേശമേൽ ചിതറിക്കിടക്കുന്ന ഫിലിം മാഗസിനുകൾ ഓരോന്നെടുത്ത് വായിച്ചു തുടങ്ങി.

സമയം കുറേയായിട്ടുണ്ടാകും. ദേവ് വാതിൽ തുറന്നിട്ടു. അയാൾ ഒരു വെളുത്ത ട്രെയിൽനിന്ന് വെള്ളമിറ്റുവീഴുന്ന ചിത്രങ്ങൾ ഒരു ചരടിൽ തൂക്കിയിടുന്നത് പകുതി തുറന്ന വാതിലിലൂടെ അവൾ കണ്ടു. അയാൾ മുറിയിൽ ലൈറ്റിട്ട് അവളെ വിളിച്ചു. വിവിധ പോസുകളിലുള്ള ചിത്രങ്ങൾ വളരെ തെളിമയോടെ കാബിനറ്റ് സൈസിൽ വലുതാക്കി എടുത്തിരിക്കുന്നു. നിരവധി ചിത്രങ്ങൾ. താൻ വളരെ അർത്ഥശൂന്യമെന്നു കരുതിയിരുന്ന പല പോസുകളും വളരെ മിഴിവുറ്റതായി വന്നിരിക്കുന്നു.

'നിങ്ങൾ രക്ഷപ്പെട്ടു, നിങ്ങൾ ഫോട്ടോജെനിക്കാണ്.' ദേവ് പറഞ്ഞു. 'ഇനി ഒന്നും പേടിക്കാനില്ല.'

വാതിൽക്കൽ ഒരു ചെറിയ മുട്ട്. വാതിൽ തുറന്ന് സുനിൽ മൽഹോത്ര അകത്തു കടന്നു.

'ദേവ്, എങ്ങിനെയുണ്ട് അപർണ്ണയുടെ ചിത്രങ്ങൾ?'

'അതിഗംഭീരം.' ദേവ് പറഞ്ഞു. അയാൾ അപ്പോഴും ബാക്കി ഫോട്ടോകൾ തൂക്കിയിടുന്ന തിരക്കിലായിരുന്നു. സുനിൽ അടുത്തു വന്ന് ചിത്രങ്ങൾ നോക്കി.

'റിയലി എക്സലന്റ്.' സുനിൽ അഭിപ്രായപ്പെട്ടു. 'അപർണ്ണാ യുവാർ ഹൈർഡ്. ഞാൻ ഇപ്പോൾത്തന്നെ ഭാവനയിൽ കാണുന്നു, നിന്റെ ചിത്രം വെള്ളിത്തിരയിൽ നിറഞ്ഞു നിൽക്കുന്നതു്. യു വിൽബി എ ഗ്രേയ്റ്റ് ഹിറ്റ് ഓൺ ദ ബിഗ് സ്ക്രീൻ.'

അപർണ്ണ അതുതന്നെയായിരുന്നു ഭാവനയിൽ കണ്ടിരുന്നതു്. നായകന്റെ മാറിൽ തല ചായ്ച്ച് വികാരാവേശത്തോടെ കണ്ണു പാതിയടച്ച് നിൽക്കുന്ന നായിക.

സുനിൽ ഇന്റർകോമെടുത്ത് ബട്ടനുകൾ അമർത്തി.

'ചൈനാനിസാബ് ഫ്രീയാണോ എന്നു നോക്കാമോ?'

'ബിസിയാണോ? ശരി ഡാർലിങ്. പിന്നെ നീ പറഞ്ഞ കാര്യം എന്റെ മനസ്സിലുണ്ട്. ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. നീ ഉദ്ദേശിച്ച നിറം കിട്ടാനാണ് വിഷമം... നോ നോ, നിനക്കു വേണ്ടി അതും അതിലപ്പുറവും ഞാൻ ചെയ്യില്ലേ ഡാർലിങ്...'

സുനിൽ ഇന്റർകോമിന്റെ റിസീവർ താഴെ വെച്ചു.

'എന്താണ് മേംസാബിന് വേണ്ടതു?' ദേവ് ചോദിച്ചു.

'മേംസാബിന് വേണ്ടതു് ഒരു സ്കാർഫാണ്. സിൽക് സ്കാർഫ്. അതിന്റെ നിറം മഴവില്ലിൽക്കൂടിയില്ലാത്തതാണ്. ഒരു സാമ്പ്ൾ പീസും കൊണ്ട് ഞാൻ നടക്കുകയാണ്.'

'നിതിന്റെ പി. എ. ആണ്.' സുനിൽ അപർണ്ണയോടു പറഞ്ഞു. 'എ നൈസ് ഗേൾ.'

കാർ പാർക്കു ചെയ്തിടത്തേയ്ക്ക് വെയിൽ വന്നിരുന്നു.

ദക്ഷിണായനമാണ്. അപർണ്ണ മനസ്സിൽ കരുതി. പന്ത്രണ്ടര മണിയായിട്ടും സൂര്യരശ്മികൾ ചെരിഞ്ഞാണ് വീണിരുന്നതു്. ഇവിടെ ബോംബെയിൽ ഇത്രയേ വരൂ. കൽക്കത്തയിൽ ഇനിയും നീളുന്ന നിഴലുകൾ ഹിമാലയസാനുക്കളിൽ നിന്ന് തണുപ്പ് കൊണ്ടുവരുന്നു. നട്ടുച്ചയ്ക്കും വെയിലിന് ചൂടുണ്ടാവില്ല. തണുപ്പുകാലം. അവൾ ഗൃഹാതുരയോടെ ഓർത്തു.

# അഞ്ച്

മുമ്പിൽ ചിതറിക്കിടക്കുന്ന ഫോട്ടോകൾ ഒരിക്കൽക്കൂടി സുനന്ദ നോക്കി. പുതിയ പെൺകുട്ടിയുടെ ശരീരം വടിവൊത്തതായിരുന്നു. ബിക്നിയിലുള്ള ചിത്രങ്ങൾ അത് വിളിച്ചുപറഞ്ഞു. തന്റെ ദേഹത്തേക്കാൾ മെച്ചപ്പെട്ടതാണ് ആ ഇളം ശരീരമെന്ന് അവൾ കണ്ടു. തന്റെ മാറിടം കുറേക്കൂടി കനത്തതാണ്. പക്ഷേ, ദേഹത്തെ മറ്റ ഭാഗങ്ങളും അനുപാതം തെറ്റി വലുതായിരിക്കുന്നു. യോഗാസനങ്ങൾക്കും മറ്റ് കസർത്തുകൾക്കും ആ വളർച്ചയെ ചെറുത്തുനിൽക്കാൻ ആവുന്നില്ല. പെൺകുട്ടിയുടെ മുഖവും ഷെറൂബിക് എന്നു പറയുന്ന തരത്തിൽ നിഷ്കളങ്കമാണ്. ഒരു നായികയ്ക്ക് അത്യാവശ്യം വേണ്ട ഗുണം.

ചൈനാനി തനിക്ക് ഒരു ഭീഷണി കാണിച്ചുതരികയാണോ? തന്റെ വില കുറയ്ക്കാൻ വേണ്ടി? തന്നെ സാവധാനത്തിൽ തമസ്കരിക്കുമെന്ന് തന്റേതായ രീതിയിൽ ചൈനാനി അറിയിക്കുകയാണോ?

ചൈനാനി തന്റെ പിന്നിൽ വന്നു നിന്നത് അവൾ അറിഞ്ഞില്ല. അതുകൊണ്ട് അയാൾ ചുമലിൽ കൈ വച്ചപ്പോൾ അവൾ ഞെട്ടി.

'നീ എന്താണ് ഞെട്ടിയതു?' ചൈനാനി ചോദിച്ചു. അവൾ ഒന്നും പറയാതെ ചുമൽ കുലുക്കുക മാത്രം ചെയ്തു. അവളുടെ ഗ്ലാസ്സ് ഒഴിഞ്ഞിരുന്നു.

'ഞാൻ കുറച്ചു സ്കോച്ച് എടുക്കട്ടെ?'

അവൾ തലയാട്ടി. തനിക്കതു് ആവശ്യമാണ്. ഇപ്പോൾ പ്രത്യേകിച്ചും. ജിൻ അവൾക്ക് ഒരു അയവും കൊടുത്തില്ല. വിസ്കി എടുക്കട്ടെ എന്ന ചോദ്യത്തിനു പിന്നിലെ ഉദ്ദേശ്യം അവൾക്ക് വ്യക്തമായിരുന്നു. എപ്പോഴും അങ്ങിനെയാണ്. സുനന്ദയുടെ ദൗർബ്ബല്യം ചൈനാനിക്കറിയാം. തന്റെ ഇഷ്ടപ്രകാരം അവളെ കിട്ടണമെങ്കിൽ രണ്ടു പെഗ്ഗ് വിസ്കി കൊടുക്കുകയാണ് നല്ലതെന്ന് അയാൾ മനസ്സിലാക്കിയിരുന്നു. വിസ്കി കഴിക്കാനുള്ള അവളുടെ കഴിവ് അയാളെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. മയക്കത്തിനോടടുത്ത ഒരു ലഹരി സുനന്ദയെ സുനന്ദയല്ലാതാക്കുന്നു. പിന്നെ ചൈനാനി എന്ന ബോസ്സ് ഇല്ല, പകരം തനിക്കൊപ്പം നിൽക്കുന്ന ഒരു പങ്കാളി മാത്രം. അയാളുടെ ഇഷ്ടാനിഷ്ടങ്ങൾ മാത്രം ശ്രദ്ധിച്ച് കിടക്ക പങ്കിടുന്ന ചെറുപ്പക്കാരി.

ഒഴിഞ്ഞ ഗ്ലാസ്സുകളെടുത്ത് ചൈനാനി ബാറിലേയ്ക്കു നടന്നു. ഗ്ലാസ്സുകൾ മാറ്റിവച്ച് ഷെൽഫിൽ നിന്ന് പുതിയവ എടുത്തു. റാക്കിൽ നിന്ന് ഹെയ്ഗിന്റെ പുതിയ കുപ്പി തുറന്ന് രണ്ടു ഗ്ലാസ്സുകളിൽ ഒഴിച്ചു. ഫ്രിഡ്ജിൽ നിന്ന് ഐസ് ക്യൂബുകൾ എടുത്തിട്ടു.

'സോഡ?'

'യെസ് പ്ലീസ്, ഫിൽ ദ ഗ്ലാസ്സ്.'

ഓൺ ദ റോക്ക് തട്ടി കുടൽ കരിക്കാൻ സുനന്ദയെ കിട്ടില്ല. ധാരാളം സോഡ ചേർത്ത് അല്ലെങ്കിൽ വെള്ളം ചേർത്തു മാത്രം. അതും വളരെ സാവധാനത്തിൽ, ഓരോ ഇറക്കിലും ലഹരിയുടെ ആരോഹണസ്പന്ദനങ്ങൾ അനുഭവിച്ചറിഞ്ഞ്. ചൈനാനി അങ്ങിനെയല്ല. സോഡയില്ല, വെറും ഐസ്ക്യൂബുകൾ മാത്രം. അവ സാവധാനത്തിൽ അലിഞ്ഞുണ്ടാകുന്ന ദ്രവീകരണം മാത്രം. അതിനപ്പുറത്തൊരു മായം ചേർക്കൽ അദ്ദേഹത്തിന് ഇഷ്ടമല്ല.

'ചീയേഴ്സ്.'

'ചീയേഴ്സ്.'

അവർ ഗ്ലാസ്സുമെടുത്ത് ചൈനാനിയുടെ വിശ്രമമുറിയിലേയ്ക്കു കടന്നു. വിശ്രമമുറിയിലേയ്ക്കുള്ള വാതിൽ തിരിച്ചറിയാൻ പറ്റാത്ത വിധമാണ് ഉണ്ടാക്കിയിരിക്കുന്നത്. നിരവധി കമാനങ്ങളിലൊന്ന് വാതിലാണ്. വാതിൽ തുറന്നടച്ചാൽ അതു വീണ്ടും ഒരു കമാനം മാത്രമാകുന്നു. ചൈനാനി ഇരിക്കുന്ന മുറിയുടെ വാതിലിനു പുറത്ത് ചുവപ്പു വെളിച്ചം കത്തിനിൽക്കുന്നിടത്തോളം ആർക്കും പ്രവേശിക്കാൻ പറ്റില്ല. ഇതെല്ലാം സുനന്ദയ്ക്കറിയാം. അതുകൊണ്ട് അവൾക്ക് യാതൊരു വിധത്തിലുള്ള ആശങ്കയുമില്ല, പ്രത്യേകിച്ച് അകത്തെ വിശ്രമമുറിയിലേയ്ക്കു കടന്നാൽ. പക്ഷേ, അവളുടെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു. വിശാലമായ മുറിയിൽ ഒരു ചെറിയ സ്വർഗ്ഗം സൃഷ്ടിച്ചിരിക്കയാണ് ചൈനാനി. കഷ്മീരിൽ നിന്നു വരുത്തിയ പരവതാനി നഗ്നമായ കാൽപാദങ്ങളെ ഒരു പോമറേനിയന്റെ കൊച്ചുനാവുപോലെ നക്കുന്നു. വിലപിടിച്ച പെർഫ്യൂമിന്റെ വാസന അന്തരീക്ഷത്തിൽ. നടുവിലിട്ട കട്ടിലിൽ പതുപതുത്ത കിടക്ക. ചുവരിൽ ഒരുവശത്ത് മുഴുവൻ നിലം തൊടുന്ന കർട്ടൻ. മറ്റു ചുവരുകളിൽ വലിയ കാൻവാസ്സുകളിൽ ഒറിജിനൽ പെയ്ന്റിങ്ങുകൾ. മറ്റേ മുറിയിലുണ്ടായിരുന്ന സംഗീതം ഈ മുറിയിലുമുണ്ടായിരുന്നു. കുറച്ചുനേരമായി അവൾ അതു ശ്രദ്ധിച്ചിരുന്നില്ല.

അവൾ ഒരൊറ്റ വായയ്ക്ക് പകുതി ഗ്ലാസ്സും കുടിച്ചുതീർത്തു.

ചൈനാനി അവളെ അദ്ഭുതത്തോടെ നോക്കുകയായിരുന്നു. 'ഇന്ന് നിനക്കെന്തു പറ്റീ?'

അവൾക്ക് ഉറക്കെ കരയണമെന്നു തോന്നി. ഒരു പക്ഷേ, താൻ കരുതുന്നപോലെ ഒന്നുമായിരിക്കില്ല കാര്യങ്ങൾ. ചൈനാനിയ്ക്ക് തന്നെ ഒഴിവാക്കാനുള്ള ഉദ്ദേശ്യമൊന്നുമുണ്ടാവില്ല. പക്ഷേ, അവൾക്ക് ഒരുറപ്പ് വേണം. അതാകട്ടെ ചൈനാനിയിൽനിന്ന് വരുന്നുമില്ല. ചൈനാനി അങ്ങിനെയാണ് പെട്ടെന്നൊന്നും ഉരുകുകയില്ല. അയാൾ അവളുടെ അരക്കെട്ടിലൂടെ പിടിച്ച് അടുപ്പിച്ചു. 'ഇന്ന് നിനക്ക് എന്തോ പറ്റിയിട്ടുണ്ട്.'

അവൾ വീണ്ടും കുടിക്കുകയാണ്. ഗ്ലാസ്സ് തീരാറായി. അവൾ ഒരു വലിക്ക് ഗ്ലാസ്സ് കാലിയാക്കി ഒരു ടീപോയിമേൽ വച്ച് ചൈനാനിയുടെ തോളിലൂടെ രണ്ടു കൈയ്യുമിട്ടു. താൻ ചെയ്യുന്നതിന്റെ അർത്ഥശൂന്യത ഒരു നിമിഷം അവളെ ഗ്രസിച്ചു. തന്റെ ഏതെങ്കിലും ഒരു സിനിമയിലെ രംഗമാണതെന്നവൾ കരുതി. ഡയറക്ടർ കട്ട് പറയുന്ന നിമിഷം അവൾ കാത്തിരുന്നു. ഫ്ളഡ് ലൈറ്റുകളില്ല, കാമറയില്ല, പിന്നിൽ കട്ട് പറയാൻ ഡയറക്ടറുമില്ല. അവൾ ഒറ്റയ്ക്ക്. ചുറ്റും തണുത്തുറയുന്ന ഏകാന്തത മാത്രം.

ചൈനാനി അവളെ കിടയ്ക്കയിലേയ്ക്കു നയിച്ചു.

# ആറ്

അയനങ്ങളെപ്പറ്റിത്തന്നെയാണ് ഡയറക്ടർ വിനോദ് ചന്ദാനിയും പറഞ്ഞിരുന്നത്. അയാൾ കാറിൽ കയറി ഇടത്തു വശത്തെ ഡോർ അപർണ്ണയ്ക്കു കയറാൻ തുറന്നുകൊടുത്തു. പിന്നെ കാർ സ്റ്റാർട്ടാക്കി ഗെയ്റ്റു കടക്കുമ്പോൾ പറഞ്ഞു.

‘അപർണ്ണ സൂര്യന്റെ അയനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? മാസങ്ങൾ മാറുന്നതിനനുസരിച്ച് വഴിമാറി നടക്കുന്ന സൂര്യന്റെ പഥം?’ ദക്ഷിണായനമാണിപ്പോൾ. എന്തോ മറന്നു വച്ച പോലെയാണ് സൂര്യൻ.’

അപർണ്ണ വിനോദിനെ ശ്രദ്ധിച്ചു. ഇത്രയും നന്നായി സംസാരിക്കുന്ന ഒരാളെ നടാടെയാണവൾ കാണുന്നത്. വിനോദ് ഒരു കവിയാവേണ്ടതായിരുന്നു. ഒരുപക്ഷേ, അയാൾ അഭ്രത്തിൽ കവിത രചിക്കുകയായിരിക്കും. സൂര്യന്റെ ഗതിവ്യത്യാസങ്ങൾ അവൾ ശ്രദ്ധിക്കാറുണ്ട്, പ്രത്യേകിച്ചും കൽക്കത്തയിലായിരുന്നപ്പോൾ. കൽക്കത്തയിൽ ഋതുഭേദങ്ങൾ വളരെ പ്രകടമായിരുന്നു. ഓരോ ഋതുക്കൾക്കും അതിന്റേതായ ഗന്ധങ്ങളുണ്ടായിരുന്നു, നിറങ്ങളുണ്ടായിരുന്നു. ഇവിടെ ബോംബെയിൽ അങ്ങിനെയൊന്നുമില്ല.

വിനോദിന്റെ ഒപ്പം നടക്കാൻ അവൾ ഇഷ്ടപ്പെട്ടതും അയാളുടെ സംസാരം കാരണമായിരുന്നു. താൻ ചൈനാനിയുടെ ജോലിയിലാണ്. പക്ഷേ, എന്താണ് തന്റെ ജോലിയെന്ന് അവൾക്കിതുവരെ മനസ്സിലായിട്ടില്ല. പുതിയ ഫിലിമിന്റെ ഷൂട്ടിങ് എന്നാണ് തുടങ്ങുകയെന്ന് ആർക്കും അറിയില്ല. സുനിലിനു പോലും. പക്ഷേ, എല്ലാവരും അതിനെപ്പറ്റി തന്നെയാണ് സംസാരിക്കുന്നത്. മാധ്യമങ്ങൾ സ്കൂപ്പുകൾ എഴുതിയുണ്ടാക്കുന്നു. അതിലെ നായകന്മാരെപ്പറ്റി, നായികയാരാണെന്നതിനെപ്പറ്റി. ഒരു മാസം മുമ്പു വരെ നായിക ആരായിരിക്കുമെന്നതിനെപ്പറ്റി സംശയമേയുണ്ടായിരുന്നില്ല. സുനന്ദ ഒരു സ്വീകരിക്കപ്പെട്ട യാഥാർത്ഥ്യമായിരുന്നു. പക്ഷേ, ഇന്ന് പത്രങ്ങൾ അപർണ്ണയുടെ പേർ കൂടി ഒപ്പം ചേർക്കുന്നു. അവളുമായി ഇന്റർവ്യൂ നടത്തുന്നു. ചിലപ്പോൾ അവൾക്കു തോന്നാറുണ്ട് തന്നെ പെട്ടെന്നൊരു ദിവസം നായികയാക്കാൻ ചൈനാനി തയ്യാറെടുക്കുകയാണെന്ന്. പത്രങ്ങളിലുള്ള വാർത്തകളും അഭിമുഖങ്ങളും എല്ലാം അദ്ദേഹം പണം ചെലവാക്കി ചെയ്യിക്കുന്നതാണെന്ന്. ഒരു ദിവസം കൊണ്ട് ഒരു നായികയെ സൃഷ്ടിക്കാൻ കഴിവുള്ള ആളാണ് നിതിൻ ചൈനാനി.

‘നമുക്ക് എന്തെങ്കിലും കഴിച്ചാലോ?’ വിനോദ് ചോദിച്ചു.

‘ശരി’. അവൾ പറഞ്ഞു. അവൾക്കു ശരിക്കും വിശക്കുന്നുണ്ടായിരുന്നു. ഷൂട്ടിങ് സമയത്തു മുഴുവൻ അവൾ അയാളെ കാത്തുനിൽക്കുകയായിരുന്നു. സുനന്ദ ഉണ്ടായിരുന്നില്ല. സുനന്ദയുടെ ഷൂട്ടിങ് നാളെയാണ്. ജൂഹു ബീച്ചിൽ. എന്തായാലും പോകണം. അവരുമായി ഒരു നേരിടൽ ഇതുവരെ ഉണ്ടായിട്ടില്ല. ദൂരെനിന്നു കാണും. അവർ വളരെ തിരക്കു പിടിച്ച നടിയാണ്. പോരാത്തതിന് സുനന്ദ, തന്നെ ഒഴിവാക്കാൻ ശ്രമിക്കയാണെന്ന് അവൾക്കു തോന്നുകയും ചെയ്തിരുന്നു. പത്രങ്ങളാണ് ഉത്തരവാദികൾ. തന്റെയും സുനന്ദയുടെയും പേരുകൾ ചേർത്ത് സ്കൂപ്പുണ്ടാക്കുന്നവർ. ചൈനാനിയുടെ പുതിയ പെൺകുട്ടിയെന്ന പദവി അവരാണ് തനിക്കു നൽകിയത്.

വിനോദ് കാർ നിർത്തി. ലിങ്ക് റോഡിലെ റെസ്റ്റോറണ്ടിൽ തിരക്കു കുറവായിരുന്നു.

ചെമ്മീൻ കട്‌ലറ്റും കാപ്പിയും ഓർഡർ ചെയ്ത് വിനോദ് ചാഞ്ഞിരുന്നു.

‘ഒരു തിരക്കുമില്ല.’ അയാൾ പറഞ്ഞു. ‘എനിക്കീ സ്ഥലമിഷ്ടമാവാൻ കാരണമതാണ്. ഒരു പെൺകുട്ടിയെ കൊണ്ടു വരാൻ പറ്റിയ സ്ഥലം.’

‘ശരിയാണ്.’ അവൾ പറഞ്ഞു. പക്ഷേ, അവൾ ആലോചിക്കുകയായിരുന്നു. ഒരു സാധാരണക്കാരന് പക്ഷേ, ബില്ല് കൊടുക്കണമെങ്കിൽ പെൺകുട്ടിയെ അവിടെ വിൽക്കേണ്ടിവരും. കഴുത്തറുക്കുന്ന സ്ഥലം.

‘ഞാനൊന്ന് ചോദിക്കട്ടെ?’

ചോദിച്ചുകൊള്ളൂ എന്ന മട്ടിൽ വിനോദ് ഇരുന്നു. അയാൾ സിഗരറ്റ് വലിക്കില്ലെന്നത് ആശ്വാസകരമായി തോന്നി അവൾക്ക്. ഫോട്ടോഗ്രാഫറുടെ ഒപ്പം സ്റ്റുഡിയോവിൽ ഒരു മണിക്കൂർ ചെലവാക്കിയതിന് അവൾ ഒരാഴ്ച കഷ്ടപ്പെട്ടിരുന്നു. തൊണ്ട വേദനയും പനിയും. സുനിൽ വല്ലപ്പോഴുമേ സിഗരറ്റു വലിക്കാറുള്ളൂ.

‘ചൈനാനിയുടെ പുതിയ പ്രൊഡക്ഷനിൽ എത്ര നായികമാരുണ്ട്?’

‘നായികമാരോ? നിതിൻ എന്നോട്ട് പുതിയ പ്രൊഡക്ഷന്റെ കാര്യം ഡിസ്ക്കസ്സ് ചെയ്തിട്ടേയില്ല.’

നുണ. അപർണ്ണ മനസ്സിൽ കരുതി. വിനോദിനോട് സംസാരിക്കാതെ ചൈനാനി സിനിമയുമായി ബന്ധപ്പെട്ട ഒരു കാര്യവും ചെയ്യില്ല. ഇയ്യാൾ ഒരു കുട്ടിയാണ്. എന്തെങ്കിലും കാര്യങ്ങൾ അയാളിൽനിന്ന് കിട്ടണമെങ്കിൽ കുറച്ചദ്ധ്വാനിക്കണം.

‘അപ്പോൾ പത്രങ്ങൾ എഴുതിക്കൂട്ടുന്നതോ? എവിടുന്നാണ് അവർക്ക് ഈ വിവരങ്ങൾ കിട്ടുന്നതു?’

‘പത്രങ്ങൾക്ക് എന്തൊക്കെയാണ് എഴുതാൻ വയ്യാത്തതു?’

ശരിയാണ്. പത്രങ്ങൾ എഴുതുന്നതൊക്കെ ശരിയാണെങ്കിൽ സിനിമാ ലോകം കാൽകുത്താൻ കൊള്ളാത്ത ഒരിടമാകണം. അങ്ങിനെയല്ല എന്നാണവളുടെ ഇതുവരെയുള്ള അനുഭവം.

ചെമ്മീൻ കട്‌ലറ്റ് നന്നായിരുന്നു. നല്ല സാധനങ്ങൾക്ക് നല്ല വിലയും കൊടുക്കണം. അവൾ കരുതി. പക്ഷേ, ഗുണമേന്മയും വിലയുമായി അവശ്യം വേണ്ട അനുപാതമല്ലാ ഈ റസ്റ്റോറണ്ടിൽ. കാപ്പി കുടിച്ചുകൊണ്ടിരിക്കെ വിനോദ് ചോദിച്ചു.

‘ആർ യു ഫ്രീ ദിസ് വീക്കെന്റ്?’

‘ഈ ശനിയാഴ്ചയോ?’

‘അതെ…’

‘അങ്കിൾ എന്തെങ്കിലും പ്ലാൻ ചെയ്തിട്ടുണ്ടോ എന്നറിയില്ല. ഉണ്ടെങ്കിൽത്തന്നെ അതു മാറ്റാം. അങ്കിൾ വളരെ ഫ്ളെക്സിബ്ൾ ആണ്… എന്തേ?’

‘നമുക്ക് ടാജിൽ ഡിന്നറിനു പോകാം.’

‘ടാജിൽ?’ പെട്ടെന്നവളുടെ ശബ്ദം ഉയർന്നതു അവളെത്തന്നെ വിഷമിപ്പിച്ചു. അതവൾ പ്രതീക്ഷിച്ചതല്ല. സിനിമാ ലോകത്ത് അദ്ഭുതങ്ങളൊന്നുമില്ലെന്നും അതുകൊണ്ട് എന്തുതന്നെ കണ്ടാലും കേട്ടാലും അദ്ഭുതം നടിക്കരുതെന്നും അവൾ മനസ്സിലാക്കിയിരുന്നു. ഒരുപക്ഷേ, തന്റെ ശബ്ദത്തിലെ ഉത്തേജനം വിനോദ് മനസ്സിലാക്കിയിരിക്കണം. അയാൾ പറഞ്ഞു.

‘അതെ, ടാജിൽത്തന്നെ.’

‘എനിക്കൊന്ന് ആലോചിക്കണം.’ അവൾ പറഞ്ഞു.

‘ശരി പത്തു സെക്കന്റ് തന്നിരിക്കുന്നു.’ വിനോദ് വാച്ചു നോക്കിക്കൊണ്ട് പറഞ്ഞു. അയാൾ ധരിച്ചിരിക്കുന്നതു ഒരു റാഡോ വാച്ചായിരുന്നു.

‘യു ഹാവെ റാഡോ ഓൺ യുവർ റിസ്റ്റ്.’

വിനോദ് ചിരിച്ചു. അയാൾ എണ്ണുകയായിരുന്നു. ‘നാലു്, മൂന്ന്, രണ്ട്…’

അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. ‘ശരി, സമ്മതിച്ചു.’

‘ഞാൻ നിന്നെ വീട്ടിൽനിന്ന് ഏഴുമണിക്ക് പിക്കപ്പ ചെയ്യാം.’

അയാൾ കൈയ്യുയർത്തി വെയ്റ്ററെ വിളിച്ചുകൊണ്ട് പറഞ്ഞു. ‘ചെക്…’

അയാൾ ഒരു നൂറിന്റെ നോട്ട് ബില്ലിന്റെ ഒപ്പം വെച്ചുകൊണ്ട് എഴുന്നേറ്റു. ‘കീപ് ദ ചേയ്ഞ്ച്.’

# ഏഴ്

ചൈനാനിയെ കാണണമെന്ന സന്ദേശം കിട്ടിയപ്പോൾ അപർണ്ണ പരിഭ്രമിച്ചു. അദ്ദേഹം നേരിട്ട് വിളിക്കുകയല്ല ചെയ്തത്. അദ്ദേഹത്തിന്റെ പി. എ. ആണ് വിളിച്ചത്. 'ചൈനാനി സാബിനെ നാളെ രാവിലെ കാണണമെന്നു പറഞ്ഞു. കൃത്യം പത്തു മണിക്ക്.'

തന്നെ ജോലിക്കു നിയമിച്ചശേഷം ആദ്യമായാണ് ചൈനാനി വിളിക്കുന്നത്. അവൾ രണ്ടുതവണ ഓഫീസിൽ പോയെങ്കിലും അദ്ദേഹത്തെ കാണാൻ പറ്റിയില്ല. പുതിയ പ്രൊഡക്ഷന്റെ ജോലി തുടങ്ങിയാൽ വിളിക്കാമെന്നും, അതുടനെത്തന്നെ ഉണ്ടാവുമെന്നും പറഞ്ഞു. അതിനിടയ്ക്ക് ഷൂട്ടിങ് നടക്കുന്നിടത്ത് പോയി ഒരു പരിചയമുണ്ടാക്കുവാനും നിർദ്ദേശം തന്നു. അങ്ങിനെയാണ് ഡയറക്ടർ വിനോദിനെ പരിചയപ്പെടുന്നത്. പരിചയപ്പെടുത്തിയത് സുനിൽതന്നെയായിരുന്നു. അതു നന്നായെന്ന് അവൾ ഓർത്തു. ഇപ്പോൾ ഷൂട്ടിങ്ങിന്റെ പ്രശ്നങ്ങളെന്തെല്ലാമാണെന്ന് അവൾക്കറിയാം. ഒരവസരം കിട്ടുമ്പോൾ വിഷമമില്ലാതെ തുടങ്ങുകയും ചെയ്യാം.

ടാക്സി ഡ്രൈവറോട് കാത്തുനിൽക്കാൻ പറഞ്ഞ് അപർണ്ണ ഓഫീസിലേയ്ക്കു നടന്നു. അവളുടെ ഹൃദയം വല്ലാതെ മിടിക്കുന്നുണ്ടായിരുന്നു. ചൈനാനിയുടെ മുറിയുടെ വാതിലിന്റെ ഇടത്തു വശത്തുള്ള ചില്ലിട്ട മുറിയിൽ അദ്ദേഹത്തിന്റെ പി. എ. ഇരിക്കുന്നുണ്ടായിരുന്നു. കുറച്ചു വയസ്സായിട്ടുണ്ടാകുമെങ്കിലും സുന്ദരിയാണ് അവർ. നാല്പത് നാൽപത്തഞ്ചു വയസ്സു പ്രായമായിട്ടുണ്ടാവും. ചൈനാനിയുടെ സ്വകാര്യ ജീവിതത്തിന്റെ സൂക്ഷിപ്പുകാരിയാണെന്നാണ് അവരെപ്പറ്റി പറയാറെന്ന് സുനിൽ സൂചിപ്പിച്ചിരുന്നു. അപർണ്ണയെ കണ്ടപ്പോൾ അവൾ എഴുന്നേറ്റു.

'അപർണ്ണാജി, ഒരു മിനിറ്റ് ഇരിക്കൂ, ഞാൻ നിതിൻ സാബിനെ അറിയിക്കാം.'

എതിർവശത്തിട്ട സോഫയിൽ അപർണ്ണ ഇരുന്നു. റിസപ്ഷ്നിസ്റ്റ് ഇന്റർകോമിൽ ചൈനാനിയുമായി സംസാരിക്കുകയാണ്. ഫോൺ വച്ച് അവൾ അപർണ്ണയോട് പറഞ്ഞു.

'അപർണ്ണാജി, നിതിൻ സാബ് കാത്തിരിക്കുന്നുണ്ട്.'

അപർണ്ണ എഴുന്നേറ്റു പുറത്തു കടന്നു, നേരെ പോയി ചൈനാനിയുടെ വാതിലിന്മേൽ മുട്ടി.

'കമിൻ.'

മുറിയുടെ വാതിലിന്റെ ഉരുണ്ട പിടിയിൽ അമർത്തുന്ന കൈ വിറയ്ക്കുന്നുന്നതവൾ അറിഞ്ഞു.

ചൈനാനി എഴുന്നേറ്റു വന്നു അവൾക്ക് കൈകൊടുത്തു, ഇരിക്കാനുള്ള കസേല നീക്കിയിട്ടു.

'ഇരിക്കൂ.'

അവൾ ഇരുന്ന് അവളുടെ ഹാന്റ്ബാഗ് അടുത്ത കസേലയിൽ വച്ചു.

'സിനിമയെടുക്കുന്നതിനെപ്പറ്റി ഒരു ഏകദേശരൂപം കിട്ടിയോ?'

'ഞാൻ ഷൂട്ടിങ്ങിന് പോകാറുണ്ട്. ഇറ്റീസ് വെരി ഇന്ററസ്റ്റിങ്.'

'ഞാൻ ഒരു കാര്യം പറയാനാണ് വിളിച്ചത്. സിനിമയിൽ അത് വളരെ പ്രധാനമാണ്. നിന്റെ കാരിയറിനെ സംബന്ധിക്കുന്നതാണ്. നിനക്ക് സിനിമാലോകത്ത് ഉയർന്നൊരു സ്ഥാനമാണ് കിട്ടേണ്ടതെങ്കിൽ അത് പെട്ടെന്നുണ്ടാക്കുകയാണ് വേണ്ടത്. സ്റ്റാർട്ട് വിഥെ ബിഗ് ബാങ്. അതിനുള്ള കാര്യങ്ങൾ ഞാൻ നോക്കുന്നുണ്ട്. പിന്നെ നീ നാലു സിനിമാ മാസികകൾക്ക് ഇന്റർവ്യൂ കൊടുത്തതായി അറിയുന്നു. അതു വേണ്ട. ഇന്റർവ്യൂവിന്റെ കാര്യങ്ങളെല്ലാം നോക്കാൻ എനിക്കൊരു പബ്ലിക് റിലേഷൻസ് ഓഫീസർ ഉണ്ട്. മദൻ സിങ്ങ്.'

ചൈനാനി ഇന്റർകോം അമർത്തി.

'ആസ്ക് മദൻ ടു മീറ്റ് മി.'

'യെസ്സേർ...' ഇന്റർകോമിൽ റിസപ്ഷനിസ്റ്റിന്റെ പതിഞ്ഞ ശബ്ദം കേട്ടു.

ഈ കാര്യത്തിൽ മദൻ നിന്നെ സഹായിക്കും. അയാൾ പറയുന്ന റിപ്പോർട്ടർമാർക്കുമാത്രം ഇന്റർവ്യൂ കൊടുത്താൽ മതി. സംസാരിക്കേണ്ട കാര്യങ്ങളും മദൻ പറഞ്ഞുതരും. ഒരു കാര്യം നീ മനസ്സിലാക്കണം, ഇതെല്ലാം പബ്ലിസിറ്റിയുടെ ഭാഗമാണ്. നീ എന്തു പറയുന്നു, എന്തു ചെയ്യുന്നു എന്നതെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. ഒരു താരത്തെ ഉണ്ടാക്കിയെടുക്കുകയാണ്. അതിന്റെ ഭാഗമാണ് ഇതെല്ലാം.

വാതിൽക്കൽ മുട്ട്.

'കമിൻ.'

ഒരു മധ്യവയസ്കൻ അകത്തു കടന്നു. അവൾ ഒരു സർദാറിനെയാണ് പ്രതീക്ഷിച്ചത്. താടിയില്ലാത്തതുകൊണ്ട് അയാൾ യു. പി.-ക്കാരനായിരിക്കുമെന്നവൾ കരുതി.

'മോർണിങ് നിതിൻജി.'

'മോണിങ് മദൻ. ഇരിക്കൂ. ഇത് അപർണ്ണ. പുതിയ നടിയാണ്. നമ്മുടെ പുതിയ മെഗാപ്രൊഡക്ഷനിലേയ്ക്ക് എടുത്തതാണ്. പബ്ലിസിറ്റിയുടെ കാര്യം നോക്കണം. നാലഞ്ച് സ്കൂപ്പുകൾ വന്നു കഴിഞ്ഞു. ഇനി സൂക്ഷിക്കണം. പരിചയമില്ലാത്ത കുട്ടിയാണ്.'

'യെസ്സേർ.'

'ഇവളോട് വിനോദിനോടൊപ്പം നിന്ന് കാര്യങ്ങൾ പഠിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ പ്രൊഡക്ഷന്റെ വർക്ക് തുടങ്ങാൻ കുറച്ചു കൂടി താമസമുണ്ടെന്നറിയാമല്ലൊ.'

'ശരി സർ.'

'ശരി, പൊയ്ക്കോളൂ.'

മദൻ സിങ്ങ് എഴുന്നേറ്റു പോയി.

'അപർണ്ണയ്ക്ക് ഡ്രൈവിങ് അറിയാമോ?' ചൈനാനി ചോദിച്ചു.

'അറിയാം സർ.'

'ഞാൻ ഒരു ഫിയാറ്റ് കാർ ഏർപ്പാടാക്കാം. സ്വന്തം കാർ വാങ്ങാറാകുന്നവരെ അതുപയോഗിക്കാം. ഇന്റർവ്യൂവിലൂടെയും സിനിമയിലൂടെയുമല്ലാത്ത എക്സ്പോഷർ കഴിയുന്നതും കുറക്കുക. നിങ്ങൾ ഒരു ചോസൻ വൺ ആണെന്ന പ്രതീതിയുണ്ടാക്കണം. മനസ്സിലായോ.'

'മനസ്സിലായി.'

'ശരി, പൊയ്ക്കോളൂ.'

തിരിച്ച് ടാക്സിയിൽ മടങ്ങുമ്പോൾ ടാക്സിക്കാരൻ പറഞ്ഞു.

'ചൈനാനി സാബിന്റെ പുതിയ പടം വരുന്നുണ്ട്. രണ്ടു കോടിയാണത്രെ ചെലവ്. മൂന്നു ഹീറോവും. ചൈനാനി സാബിന്റെ പടം ഹിറ്റാവും.'

നോക്കിക്കോ. അപർണ്ണ വിചാരിച്ചു. പടം പുറത്തിറങ്ങുമ്പോൾ മൂന്ന് നായകന്മാരുടെ ഒപ്പം നായികയായി അഭിനയിക്കുന്നത് ഒരു ദിവസം നിന്റെ ടാക്സിയിൽ സാന്താക്രൂസിൽനിന്ന് വില്ലെ പാർലെ എയ്ത്ത് റോഡിലേയ്ക്ക് യാത്ര ചെയ്ത അപർണ്ണയെന്ന പെൺകുട്ടിയായിരിക്കും. അപ്പോൾ അയാൾ ഓർക്കുമോ ആവോ.

# എട്ട്

ചൈനാനിയോട് സംസാരിക്കാൻതന്നെ സുനന്ദ തീർച്ചയാക്കി. മാധ്യമങ്ങളിലെ കഥകൾ വളരെ വീർപ്പുമുട്ടിക്കുന്ന താണ്. അപമാനകരമാണ്. ഒന്നുകിൽ അയാൾ കാര്യം വ്യക്തമാക്കണം, അല്ലെങ്കിൽ മാധ്യമങ്ങളിൽ വേണ്ട തിരുത്തലുകൾ കൊടുക്കണം. അവൾ ചൈനാനിയുടെ നേരിട്ടുള്ള നമ്പർ ഡയൽ ചെയ്തു. സുനന്ദയടക്കം വളരെ കുറച്ചുപേരുടെ കയ്യിലേ ഈ നമ്പറുള്ളൂ.

'നിതിൻജി, ഇതു ഞാനാണ് സുനന്ദ.'

'എനിക്കു മനസ്സിലായി ഇത്ര മധുരമായ ശബ്ദം വേറെ ആർക്കാണുള്ളത്?'

'താങ്ക്സ് ഫോർ ദ കോംപ്ലിമെന്റ്സ്. എനിക്കൊന്നു കാണണമെന്നുണ്ടായിരുന്നു.'

'ശരിയാണ്.' ചൈനാനി പറഞ്ഞു. 'നമ്മൾ കണ്ടിട്ട് ഇപ്പോൾ ഒരാഴ്ച കഴിഞ്ഞു. കഴിഞ്ഞ ശനിയാഴ്ചയല്ലേ നീ വന്നത്. ശരിക്കും ഒരാഴ്ച. കാണേണ്ടത് എന്റേയും ആവശ്യമാണ്. ഇപ്പോൾ വരൂ.'

'തിരക്കിലാണോ?'

'സുനന്ദയ്ക്കുവേണ്ടി മാറ്റിവയ്ക്കാൻ പറ്റാത്ത തിരക്ക് എന്താണുള്ളത്?'

'നിങ്ങളെന്നെ പ്രശംസകൊണ്ട് ശ്വാസം മുട്ടിക്കുന്നു.'

'പ്രശംസ മാത്രം. ബാക്കിയുള്ള കാര്യങ്ങൾ നേരിൽ.'

ഈ മനുഷ്യൻ എന്തോ വലിയ കളിയിലാണ്. ഫോൺ താഴെ വച്ചു കൊണ്ട് സുനന്ദ വിചാരിച്ചു. അഭിനന്ദനങ്ങളും പ്രശംസയും പതിവാണ്. പക്ഷേ, ഈ നിലയിൽ പതിവില്ലാത്തതാണ്. അപ്പോൾ എന്തെങ്കിലും കാണും. അവൾ പുറപ്പെടാൻ തുടങ്ങി.

റിസപ്ഷനിസ്റ്റ് സുനന്ദയെ കണ്ടപ്പോൾ എഴുന്നേറ്റ്, ചിരിച്ചുകൊണ്ട് പറഞ്ഞു.

'ചൈനാനി സാബ് സുനന്ദാജിയെ കാത്തിരിക്കുന്നു.'

'താങ്ക്സ്, രഞ്ജിനി.'

ചൈനാനി സാധാരണമട്ടിലോ അതിലധികമോ തന്നോട് സ്നേഹപൂർവ്വം പെരുമാറുന്നു. വാതിൽ കടന്ന ഉടനെ കസേലയിൽ നിന്ന് എഴുന്നേറ്റു വന്ന് ചൈനാനി അവളെ അരക്കെട്ടിലൂടെ പിടിച്ചടുപ്പിച്ച് ചുംബിച്ചു. അദ്ദേഹത്തിന് ചുംബനത്തിന്റെ അവസ്ഥയിൽ എത്തണമെങ്കിൽ സാധാരണ നിലയിൽത്തന്നെ രണ്ടു പെഗ്ഗെങ്കിലും അകത്തു ചെല്ലണം. അദ്ദേഹത്തെ വിസ്കിയുടെ മണമുണ്ടായിരുന്നില്ല.

'എന്തു പറ്റീ ഇന്ന്?' സുനന്ദ അമ്പരപ്പോടെ അന്വേഷിച്ചു.

'ഇന്നു ഞാൻ സുനന്ദയെ അദ്ഭുതപ്പെടുത്തുവാൻ പോകുന്നു. എ ലിൽ ബിറ്റോഫ് സസ്പെൻസ്.'

കസേലയിൽ ഇരുന്നു കഴിഞ്ഞപ്പോൾ സുനന്ദ തന്റെ കൈസഞ്ചി തുറന്ന് ഏതാനും പേപ്പർ കട്ടിങ്ങുകൾ പുറത്തെടുത്ത് ചൈനാനിയ്ക്കു നീട്ടി.

'ഇതിനെക്കുറിച്ചൊക്കെ എന്താണഭിപ്രായം?'

ചൈനാനി ആ കട്ടിങ്ങുകൾ വാങ്ങി ഒന്നോടിച്ചു നോക്കി അവ അവളുടെ മുമ്പിലേയ്ക്കുതന്നെ ഇട്ടു.

'ട്രാഷ്.'

'എന്നുവച്ചാൽ...?'

'അവ വെറും ട്രാഷാണെന്നുതന്നെ. പുതുതായി നിയമിച്ച ഒരു പെൺകുട്ടിയല്ല കമ്പനിയുടെ പോളിസികളും പ്ലാൻസും നിർണ്ണയിക്കുന്നത്. പത്രക്കാർക്ക് അവളെക്കൊണ്ട് എന്തും പറയിക്കാം.'

'ഇതിനൊരറുതി വേണമെന്ന് നിതിൻജിക്ക് തോന്നുന്നില്ലേ?'

'ഉണ്ട്, ഉണ്ടാവുകയും ചെയ്യും. അപർണ്ണയോടു പറഞ്ഞിട്ടുണ്ട്, ഇനി മുതൽ പത്രക്കാർക്ക് ഇന്റർവ്യൂ കൊടുക്കരുതെന്ന്. കൊടുക്കുകയാണെങ്കിൽത്തന്നെ അത് മദൻ പറയുന്ന റിപ്പോർട്ടർക്കു മാത്രം. ഞാൻ മദനോടും പറഞ്ഞിട്ടുണ്ട്. ഞാനിത് നേരത്തെ പറയേണ്ടതായിരുന്നു. പക്ഷേ, അവൾ ഇത്ര പെട്ടെന്ന് ഇതിനൊക്കെ പോകുമെന്ന് ഊഹിച്ചില്ല. അവളുടെ ഉത്സാഹം കാരണമാവാം, അല്ലെങ്കിൽ പത്രക്കാരുടെ വൾഗറായിട്ടുള്ള വഴികളുണ്ടല്ലോ സ്കൂപ്പുകളുണ്ടാക്കാൻ. അതാവാം.'

'ചിലതെല്ലാം എനിക്ക് വളരെ ഡാമേജിങ് ആണ്.'

'എനിക്കറിയാം, ഐ ആം സോറി ഡിയർ. നീ എന്താണ് കുടിക്കുന്നത്. അല്ലെങ്കിൽ നമുക്ക് ലഞ്ചിന് പുറത്തു പോവാം. ഞാൻ ഇന്ന് നിനക്കു വേണ്ടി ഫ്രീയാണ്.'

'ശരി.'

'നമുക്ക് ഓരോ ബിയർ അകത്താക്കി പുറത്തിറങ്ങാം.'

'ഓകെ.'

ചൈനാനി ഇന്റർകോമിന്റെ ബട്ടൻ അമർത്തി.

'രഞ്ജിനി, രണ്ടു ബീയർ കൊണ്ടുവരാൻ പറയൂ.'

'ശരി, സർ.'

അഞ്ചു മിനുറ്റിനുള്ളിൽ ഒരു ട്രെയിൽ രണ്ടു ബീയറും രണ്ടു മഗ്ഗും ഒരു പ്ലെയ്റ്റിൽ വറുത്ത കശുവണ്ടിയുമായി യൂനിഫോമിട്ട പെൺകുട്ടി എത്തി. ബീയർ മഗ്ഗുകളിൽ ഒഴിച്ച് അവരുടെ മുമ്പിൽ വച്ച് അവൾ ഭവ്യതയോടെ മുറി വിട്ടു.

'ചീയേഴ്സ്...'

'ചീയേഴ്സ്.'

ബീയർ കുടിച്ചുകൊണ്ടിരിക്കേ പുതിയ പ്രൊഡക്ഷന്റെ കാര്യങ്ങൾ ചൈനാനി പറഞ്ഞുതുടങ്ങി. ഒരു മാസത്തിനകം ഷൂട്ടിങ് തുടങ്ങണം. വളരെ വലിയ സെറ്റുകൾ. നൂറോളം കഥാപാത്രങ്ങളുണ്ട്. 'ചിലപ്പോൾ ഞാൻ ആലോചിക്കും, എന്തിനാണ് ഇത്ര വലിയ കാൻവാസ് തെരഞ്ഞെടുക്കുന്നതെന്ന്.' ചൈനാനി തുടർന്നു. 'പക്ഷേ, ഇതു മറ്റാർക്കും ചെയ്യാൻ കഴിയാത്തതാണ്. ഒരു നിയോഗമാണ്. ഞാൻ തന്നെ ചെയ്യണം.'

ബീയർ കഴിഞ്ഞപ്പോൾ ചൈനാനി പറഞ്ഞു. 'വരൂ.'

ചൈനാനിയുടെ സ്വകാര്യ മുറിയിൽ വീണ്ടും സുനന്ദയുടെ ഭയാശങ്കകൾ ഇല്ലാതായി. പക്ഷേ, നൂറു ശതമാനവും ഇല്ലാതാക്കുന്ന പ്രകൃതക്കാരനല്ല ചൈനാനി. ഒരു പത്തു ശതമാനം അയാൾ വില പേശലിനു വേണ്ടി, ചുറ്റുപാടുകൾ തനിക്കനുകൂലമാക്കുന്നതിനു വേണ്ടി മാറ്റിവയ്ക്കാറുണ്ട്. പക്ഷേ, വളരെക്കാലത്തിനുശേഷം അവൾ തന്റെ വഴിക്ക്, തനിക്ക് വേണ്ടുന്ന വിധം ചൈനാനിയുമായുള്ള ലൈംഗികബന്ധം നേടിയെടുത്തു.

കിടക്കയിൽ അന്യോന്യം കരവലയത്തിൽ കിടക്കുമ്പോൾ ചൈനാനി പറഞ്ഞു.

'സുനന്ദ വീട്ടിൽ പോയി പുറപ്പെടൂ. പന്ത്രണ്ടു മണിക്ക് ഞാൻ വന്ന് പിക്കപ്പ് ചെയ്യാം. നമുക്ക് ഷെറട്ടനിൽ ലഞ്ച്. യു ഷുഡ് ഡ്രെസ്സ് ടു കിൽ.'

ഷെറട്ടനു മുമ്പിൽ കാറിൽനിന്നിറങ്ങി ചൈനാനിയുടെ കൈയ്യിലൂടെ തന്റെ കൈ കോർത്ത് നടക്കുമ്പോൾ പെട്ടെന്ന് ഫ്ളാഷുകൾ മിന്നി. നിറയെ കാമറകൾ. ചൈനാനി കൈവീശി, സുനന്ദയും. അപ്പോൾ അതിനാണല്ലെ കൊല്ലാനായി വസ്ത്രം ധരിക്കണമെന്നു പറഞ്ഞത്. ചൈനാനി ഇതെല്ലാം പ്ലാൻ ചെയ്തിരിക്കുന്നു. താഴത്തെ നിലയിലെ റസ്റ്റോറണ്ടിൽ എത്തിയപ്പോഴാണ് ചൈനാനിയുടെ പ്ലാനിങ്ങിന്റെ ഗൗരവം ശരിക്കും മനസ്സിലായത്. റസ്റ്റോറണ്ടിൽ എല്ലാവരും എഴുന്നേറ്റ് കൈയ്യടിച്ച് അവരെ സ്വീകരിച്ചു. ഫ്ളാഷുകൾ മിന്നിക്കൊണ്ടിരുന്നു. വീഡിയോഗ്രാഫർമാർ കാമറയുമായി ഓടുന്നു. ഒരു പ്രസ്സ് കോൺഫറൻസായിരുന്നു അത്. മദൻ സിങ്ങ് റിപ്പോർട്ടർമാരെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിച്ചു. പിന്നെ ചൈനാനി സുനന്ദയുടെ അരക്കെട്ടിലൂടെ കൈയ്യിട്ട് അടുത്ത ചിത്രത്തിന്റെ പ്രഖ്യാപനം നടത്തി. മൂന്നു നായകന്മാരുള്ള ഒരു മെഗാമൂവിയിൽ നായികയായി സുനന്ദ അഭിനയിക്കുന്നു. കൈയ്യടികൾ, ഫ്ളാഷുകൾ. ചൈനാനി കുനിഞ്ഞ് സുനന്ദയുടെ കവിളിൽ ചുംബിച്ചു.

# ഒമ്പത്

'അങ്കിൾ, ഇന്നെനിക്ക് ഒരു ഡിന്നറുണ്ട്.' അപർണ്ണ പറഞ്ഞു.

തരുൺ ബാനർജിക്ക് അഭിപ്രായമൊന്നും ഉണ്ടായിരുന്നില്ല. തന്റെ അഭിപ്രായപ്രകാരമല്ല മരുമകൾ നടക്കുന്നതെന്ന് അയാൾക്കറിയാം. അവളെ തന്നെപ്പോലെ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റാക്കണം എന്നായിരുന്നു അദ്ദേഹത്തിന്നാഗ്രഹം. അതിന്നായി അവളെ ബികോം കോഴ്സിന് ചേർത്തു. പക്ഷേ, അവൾക്കൊരു താല്പര്യവുമുണ്ടായിരുന്നില്ല. അക്കങ്ങൾ അവളെ വെറിപിടിപ്പിച്ചു. എങ്ങിനെയെങ്കിലും ഒരു ഡിഗ്രിയെടുത്ത് പഠിത്തം അവസാനിപ്പിക്കണമെന്നാണ് അവൾക്ക്. അളിയൻ മരിച്ചപ്പോൾ അപർണ്ണയ്ക്ക് തന്റെ ഒപ്പം താമസിച്ച് പഠിക്കാമെന്ന് ബാനർജി തന്നെയാണ് പെങ്ങളോട്ട് പറഞ്ഞത്. ഇപ്പോൾ അതു വേണ്ടിയിരുന്നില്ലാ എന്നായിരിക്കുന്നു. പണം അയച്ചുകൊടുത്ത് കൽക്കത്തയിൽത്തന്നെ പഠിപ്പിച്ചാൽ മതിയായിരുന്നു.

പത്രങ്ങളിൽ വരുന്ന റിപ്പോർട്ടുകളിൽ മരുമകൾ നിറഞ്ഞു നിൽക്കുന്നത് അദ്ദേഹത്തിൽ അഭിമാനമുണ്ടാക്കിയില്ല. നിറയെ ചതിക്കുഴികളുള്ള മേഖലയാണ് സിനിമ. ദൈവം കാക്കട്ടെ.

'എവിടെയാണ് ഡിന്നർ?'

'കൊളാബയിലെവിടേയോ ആണ്. എനിക്കറിയില്ല. വിനോദ് കൊണ്ടു പോകും.' ടാജ് ഹോട്ടലിലെ റാന്റവൂവിൽ ആണെന്നു പറയാൻ അവൾ മടിച്ചു. അങ്കിൾ അന്വേഷിച്ചു വരില്ലായിരിക്കാം. എങ്കിലും...

'ഞാൻ വൈകിയാൽ അന്വേഷിച്ച് ഇറങ്ങുകയൊന്നും വേണ്ട കെട്ടോ.' അവൾ പറഞ്ഞു. 'വല്ലാതെ വൈകിയാൽ ഞാൻ എന്റെ ഫ്രണ്ടിന്റെ വീട്ടിൽ പോകാം.'

'ഏത് ഫ്രണ്ട്?'

'കൊളാബയിൽ ഡെയ്സി താമസിക്കുന്നുണ്ട്.'

'ശരി.'

അവൾ മുൻകൂർ ജാമ്യമെടുത്തതാണ്. അഥവാ അവൾക്കു തിരിച്ചു വരാൻ പറ്റിയില്ലെങ്കിൽ...

വിനോദ് ആറു മണിക്കുതന്നെ എത്തി. അയാളുടെ ഫോക്സ് വാഗൺ വരുന്നതവൾ ബാൽക്കണിയിൽനിന്നു തന്നെ കണ്ടിരുന്നു. അവൾ കൈ വീശിക്കാണിച്ചു. ധൃതിയിൽ കോണിപ്പടികൾ ചാടിയിറങ്ങി.

'ബോംബെയെ സംബന്ധിച്ചേടത്തോളം ഞാൻ ഇഷ്ടപ്പെടുന്ന കാര്യം എന്താണെന്നോ?' വിനോദ് പറഞ്ഞു. അവർ ബാന്ദ്ര കോസ്‌വേയിലൂടെ പോകുകയായിരുന്നു. ഇടതുവശത്ത് വീതി കൂടിയ കനാൽ, മറുവശത്ത് കനാൽ കടലിലേയ്ക്കു യാത്രയാകുന്നു. ദൂരെ കടൽ ഒരു ഇംപ്രഷനിസ്റ്റ് പെയിന്റിങ് പോലെ കാണാം.

'കടലിന്റെ നിരന്തരമായ ഇടപെടൽ. കടൽ നിങ്ങളോടൊപ്പമുണ്ടെന്ന തോന്നലുണ്ടാക്കുന്നു. അത് ജൂഹവിലായാലും ശരി, ബാന്ദ്രയിലായാലും ശരി, ശിവജി പാർക്കിലായാലും, മറീൻ ഡ്രൈവിലായാലും ശരി. ഒരുത്തമ സ്നേഹിതനെപ്പോലെ അത് നിങ്ങളോടൊപ്പം വരുന്നു.'

അപർണ്ണയ്ക്കും അതു പലപ്പോഴും തോന്നിയിട്ടുള്ളതാണ്. പക്ഷേ, ഇത്രയും ഭംഗിയായി അതു പറയാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രം. കൽക്കത്തയിൽ ഈ കാഴ്ച ഒരിക്കലുമില്ല. കടൽ വളരെയകലെയാണ്. പിന്നെയുള്ളത് ഹൂഗ്ലിനദിയാണ്. ഹൗറാപ്പാലം കഴിഞ്ഞാൽ സ്ട്രാന്റ് റോഡിലുള്ള ഗോഡൗണുകൾ നദിയെ നമ്മിൽനിന്ന് മറയ്ക്കുന്നു. പിന്നെ വളരെ ചുരുക്കമായേ നദിതന്നെ കാണൂ.

ടാജിലെ റൂഫ്ടോപ് റെസ്റ്റോറണ്ടിൽ തിരക്കു തുടങ്ങുന്നേയുള്ളു.

'നമ്മൾ നേരത്തെയാണ്.' വിനോദ് പറഞ്ഞു. 'ഒരു എട്ടു മണി കഴിഞ്ഞാലാണ് ഇവിടെ തിരക്കു തുടങ്ങുക.'

ജനലിനടുത്തുള്ള മേശ തെരഞ്ഞെടുത്ത് അവർ ഇരുന്നു.

'ഗുഡ് ഈവനിങ് സർ.' കട്ടിയുള്ള മെനൃുപുസ്തകം രണ്ടു പേരുടെയും മുമ്പിൽ വച്ചുകൊണ്ട് സൂട്ടിട്ട സ്റ്റുവാർഡ് പറഞ്ഞു.

'ഗുഡ് ഈവനിങ്.' വിനോദ് പറഞ്ഞു. സ്റ്റുവാർഡ് പോയി.

'ഇന്ന് നിന്റെ ദിവസമാണ്. വിശുദ്ധപുസ്തകത്തിലൂടെ സഞ്ചരിച്ചാലും, നിനക്കിഷ്ടമുള്ളവ ഓർഡർ ചെയ്താലും. ചോദ്യമില്ല, നിയന്ത്രണങ്ങളൊന്നുമില്ല.'

അവൾ ചിരിച്ചുകൊണ്ട് മെന്യു തുറന്നു. ഓരോ വിഭവങ്ങൾക്കും എതിരെയെഴുതിയ വിലകൾ കണ്ടപ്പോൾ അവളുടെ ചിരി പെട്ടെന്നു മാഞ്ഞു. പക്ഷേ, പെട്ടെന്നുതന്നെ അവൾ സ്വയം വീണ്ടെടുത്തു. ഇതെല്ലാം തന്നെ സംബന്ധിച്ചേടത്തോളം വളരെ സാധാരണമാണ് എന്ന മട്ടിൽ അവൾ വായിക്കാൻ തുടങ്ങി. തന്റെ അങ്കിളിന് ഒരിക്കൽപ്പോലും തന്നെ ഇങ്ങിനത്തെ റസ്റ്റോറണ്ടിൽ കൊണ്ടുപോകാൻ കഴിയില്ലെന്ന് അവൾക്കു മനസ്സിലായി. അദ്ദേഹം ഒരു ചെറിയ സ്വകാര്യകമ്പനിയിൽ അക്കൗണ്ടണ്ടായി ജോലി നോക്കുകയാണ്.

'നിങ്ങൾ എന്താണ് കഴിക്കുന്നത്?' അവൾ ചോദിച്ചു.

'എനിക്ക് എന്റേതായി ചില ഫേവറിറ്റ് വിഭവങ്ങളുണ്ട്. അവ ഓർഡർ ചെയ്യാം. നീ നിന്റെ സെലക്ഷനും. അപ്പോൾ രണ്ടു പേർക്കും രണ്ടു പേരുടെ ടേയ്സ്റ്റിനെപ്പറ്റി അറിയാമല്ലൊ. ഞാൻ ഓർഡർ ചെയ്യുന്നത് ചിക്കൻ സൂപ്പ് വിഥ് അസ്പാരഗസ്, നീ എന്തു സൂപ്പാണ് കഴിക്കുന്നത്?'

'എനിക്കും അതു മതി.'

'ഓക്കെ, നാം തമ്മിൽ വൈകാരിക ഐക്യമുണ്ട്. ഇനി? ചൈനീസ് ഓർ കോണ്ടിനെന്റൽ ഓർ മുഗ്ലായ്. നമുക്ക് എല്ലാം ട്രൈ ചെയ്യാം അല്ലെ? നോക്കട്ടെ... പോംഫ്രെറ്റ് ഫിലെ വിഥ് മയോനീസ്. ഓക്കെ, ഇനി?...'

വിനോദുതന്നെ എല്ലാം ഓർഡർ ചെയ്യുകയാണെന്ന് ആശ്വാസത്തോടെ അവൾ മനസ്സിലാക്കി. ഒന്നുകിൽ അവളുടെ വിഷമം അയാൾ മനസ്സിലാക്കിയിട്ടുണ്ടാവും. അല്ലെങ്കിൽ തനിക്കിഷ്ടമുള്ള വിഭവങ്ങൾ അവളെക്കൊണ്ട് കഴിപ്പിക്കണമെന്നു വെച്ചിട്ടായിരിക്കാം. എന്തായാലും നന്നായി. മെന്യൂ അവളെ സംബന്ധിച്ചേടത്തോളം ഗ്രീക്കായിരുന്നു.

സൂപ്പ് കുടിച്ചുകൊണ്ടിരിക്കെ അവൾ പറഞ്ഞു. 'ഇപ്പോൾ ഓർഡർ ചെയ്തതെല്ലാം വെറുതെ ഒന്ന് ടേയ്സ്റ്റ് നോക്കിയാൽത്തന്നെ മതി ഞാൻ രണ്ടു കിലോ കൂടാൻ. ഇക്കണക്കിനു പോയാൽ ആറു മാസം കൊണ്ട് ഞാൻ സുനന്ദാജിയുടെ ഇരട്ടിയാവും.'

'സുനന്ദാജി അടുത്ത കാലത്തായി തടി വെച്ചിട്ടുണ്ട്.' വിനോദ് പറഞ്ഞു. 'ഞാൻ ഇന്ന് അവരെ കണ്ടിരുന്നു.'

'ഇന്ന് അവരുടെ ഷൂട്ടിങ്ങുണ്ടായിരുന്നോ?'

'ഇല്ല, നാളെയാണ് ഷൂട്ടിങ്. ഇന്ന് ഷെരട്ടനിൽ പാർട്ടിയുണ്ടായിരുന്നു.'

'എന്തു പാർട്ടി?'

വിനോദ് ഒന്നും പറഞ്ഞില്ല. വിഷയം മാറ്റാനായി അയാൾ ചോദിച്ചു. 'സൂപ്പ് എങ്ങിനെയുണ്ട്?'

'നന്നായിട്ടുണ്ട്.' അവൾ പറഞ്ഞു. ആദ്യത്തെ സ്പൂൺ പക്ഷേ, അവളുടെ നാവു പൊള്ളിച്ച കാര്യം അവൾ പറഞ്ഞില്ല.

'അപ്പോൾ ഇനി വരുന്ന വിഭവങ്ങളും നിനക്ക് ഇഷ്ടമാവും.'

റസ്റ്റോറണ്ടിൽ തിരക്കു വർദ്ധിച്ചു തുടങ്ങി. അധികവും ഓഫീസ് എക്സിക്യൂട്ടീവുകളാണ്. ചിലർ വിദേശികളുടെ ഒപ്പം വന്നു.

ശരിയാണ്. വിനോദിന്റെ തെരഞ്ഞെടുപ്പ് അവൾക്കിഷ്ടമായി. വിനോദു തന്നെ ഡെസ്സർട്ടും ഓർഡർ ചെയ്തു. അതുകൂടി കഴിക്കാൻ അവളുടെ വയറ്റിൽ സ്ഥലമുണ്ടായിരുന്നില്ല.

'നമുക്ക് പോകാം.' വിനോദ് പറഞ്ഞു.

'സമയമെത്രയായി?' അവൾ ചോദിച്ചു.

'ഒമ്പത്.' വിനോദ് പറഞ്ഞു. 'നിനക്കിന്ന് വീട്ടിൽ പോകണമെന്ന് നിർബ്ബന്ധമുണ്ടോ?'

അവൾ ഒന്നും പറഞ്ഞില്ല. അങ്കിളിനോട്ട് നേരം വൈകിയാൽ ഡേയ്സിയുടെ വീട്ടിൽ പോകുമെന്ന് പറഞ്ഞതോർത്തു. ഡേയ്സിയുടെ വീട്ട് അടുത്തുതന്നെയാണ്. കൊളാബയിൽ. വേണമെങ്കിൽ പോകാം.

'നിർബ്ബന്ധമില്ലെങ്കിൽ എന്റെ വീട്ടിൽ പോകാം.'

'വിനോദ് എവിടെയാണ് താമസിക്കുന്നത്?'

'ഞാൻ മലബാർ ഹില്ലിൽ. അവിടെ എട്ടാം നിലയിൽ ഒരു ഫ്ളാറ്റിൽ.'

'ആരൊക്കെയുണ്ട്?'

'ഞാനും എന്റെ ഏകാന്തതയും മാത്രം.'

'ഞാൻ വന്നാൽ നിങ്ങളുടെ റൂംമേയ്റ്റ് ഒഴിഞ്ഞുപോവില്ലെ?'

'റൂംമേയ്റ്റോ?'

'അതെ, മിസ്സ് സോളിറ്റിയൂഡ്?'

വിനോദ് പൊട്ടിച്ചിരിച്ചു. അവർ എഴുന്നേറ്റു.

ലിഫ്റ്റിൽവച്ച് അവൾക്കു വീണ്ടുവിചാരമുണ്ടായി. താൻ എന്താണ് ചെയ്യുന്നത്? പറ്റില്ലെന്ന് പറയാതിരുന്ന സ്ഥിതിയ്ക്ക് വിനോദിന്റെ ഒപ്പം പോവാൻ തയ്യാറാണെന്നു സമ്മതിക്കുകയല്ലേ ചെയ്തത്. അതു ശരിയായോ? ഒരു ഹാർഡ് ടു ഗെറ്റ് ഗെയിംകൂടിയില്ലാതെ!

താഴെ പാർക്കിങ് ലോട്ടിലെത്തിയപ്പോൾ അപർണ്ണ പറഞ്ഞു.

'എന്നെ എവിടെയെങ്കിലും ഡ്രോപ് ചെയ്താൽ മതി. ഞാൻ ടാക്സി പിടിച്ചു പോയ്ക്കോളാം.'

'ഇനി അതുണ്ടായതുതന്നെ.' കാർ സ്റ്റാർട്ടാക്കുമ്പോൾ വിനോദ് ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഒരിക്കൽ ഈ കാറിൽ കയറിയാൽ അവസാനിക്കുന്നത് എന്റെ ഫ്ളാറ്റിൽ, എന്റെ കിടപ്പറയിൽ.'

അപർണ്ണ നിശ്ശബ്ദയായി. ഇതെല്ലാം അവൾ മുൻകൂട്ടി അറിഞ്ഞതു തന്നെയാണ്. തന്റെ യാത്രകൾ അത്ര എളുപ്പമായിരിക്കില്ലെന്ന് അവൾ മുൻകൂട്ടി അറിഞ്ഞിരുന്നതല്ലെ. ചൈനാനിയെയാണ് അവൾക്കു പേടിയുണ്ടായിരുന്നത്. പക്ഷേ, അദ്ദേഹം ഇതുവരെ അങ്ങിനെയൊരു മുന്നേറ്റത്തിന് ഒരുമ്പെട്ടിട്ടില്ല. അതുപോലെത്തന്നെ സുനിലും. സുനിലിന് എത്രയോ അവസരങ്ങളുണ്ടായിരുന്നു. അയാളും അനാവശ്യമായി തന്നെ ഒന്ന് തൊട്ടിട്ടുപോലുമില്ല. എ പെർഫെക്ട് ജെന്റിൽമാൻ. ഇപ്പോൾ വിനോദാണ് ആദ്യമായി വില കൊടുക്കാൻ പറയുന്നത്. വേണമെങ്കിൽ ഇതിൽ നിന്ന് ഒഴിവായിപ്പോകാം. പക്ഷേ, അതെത്രത്തോളം ആശാസ്യമാണ്. ഒരു ടാലന്റുമില്ലാത്ത പെൺകുട്ടിയെപ്പോലും ഒരു ദിവസംകൊണ്ട് സൂപ്പർസ്റ്റാറാക്കാനുള്ള വിനോദിന്റെ കഴിവിനെപ്പറ്റി അവൾക്ക് ബോധ്യമാണ്. താനാകട്ടെ ചൈനാനിയുടെ ഏറ്റവും പുതിയ മെഗാമൂവിയിലെ നായികയായി അവരോധിക്കപ്പെട്ടിരിക്കുകയുമാണ്. വിനോദ് ഒരു വാക്ക് ചൈനാനിയുടെ അടുത്ത് പറഞ്ഞാൽ മതി. തന്റെ ഭാവി ബോംബെയിലെ ഗട്ടറുകളിലായിരിക്കും. എല്ലാറ്റിനുമുപരിയായി അവൾക്ക് വിനോദിനെ ഇഷ്ടമായിരുന്നു. വിനോദിന്റെ ഉള്ളിലെ കവിയെ.

മലബാർ ഹില്ലിലേയ്ക്കുള്ള കയറ്റമാണ്. ഇരുവശത്തുമുള്ള അംബര ചുംബികളെനോക്കി ഒരു സ്വപ്നത്തിലെന്ന പോലെ അവൾ സീറ്റിൽ ചാരിയിരുന്നു.

# പത്ത്

രാവിലെ വീട്ടിലെത്തിയപ്പോൾ 8 മണിയായി. വിനോദ് അപർണ്ണയെ ഡ്രോപ്ചെയ്തിരുന്നു. കെട്ടിടത്തിനു മുമ്പിൽ ഒരു ഫിയാറ്റ് കാറിന്നരികെ വെള്ള യൂനിഫോമിട്ട ഒരു ചെറുപ്പക്കാരൻ നിന്നിരുന്നു. അപർണ്ണയെ കണ്ടപ്പോൾ അയാൾ അടുത്തേയ്ക്കു വന്നു.

'മേംസാബ്, കാറു കൊണ്ടുവന്നിട്ടുണ്ട്.' അയാൾ താക്കോൽ നീട്ടി.

അപർണ്ണയുടെ മുഖം വികസിച്ചു. ചൈനാനി, പറഞ്ഞതുപോലെ ചെയ്തിട്ടുണ്ട്.

'സർവ്വീസിങ് കഴിഞ്ഞ ശേഷം കൊണ്ടുവരാമെന്നു കരുതിയാണ് ഇന്നലെ കൊണ്ടുവരാതിരുന്നത്. ആർ. സി. ബുക്ക് ഇതാ. ടാക്സ് ഈ ക്വാർട്ടർവരെ അടച്ചിട്ടുണ്ട്. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഓഫീസിൽ പറഞ്ഞാൽ മതി.'

'താങ്ക്യൂ...' താക്കോലും ആർ. സി. ബുക്കും വാങ്ങിക്കൊണ്ട് അവൾ പറഞ്ഞു.

'ഞാൻ പോട്ടെ മേംസാബ്?'

'ശരി.'

അവളുടെ കാലുകൾ നിലം തൊട്ടിരുന്നില്ല. അവൾ മുകളിലേയ്ക്ക്, അവളുടെ രണ്ടാം നിലയിലെ ഫ്ളാറ്റിലേയ്ക്ക് ഒഴുകുകയാണ്. അങ്ക്ൾ മേശക്കരികെ ഇരുന്നുകൊണ്ട് പ്രാതൽ കഴിക്കുന്നു. അവൾ പിന്നിലൂടെ ചെന്ന് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു.

'കീ ഹോലോ കി... എന്റെ മോൾക്ക് ഇന്ന് എന്തു പറ്റി?'

അവൾ കാറിന്റെ താക്കോലും ആർ. സി. ബുക്കും അങ്കിളിന്റെ മുമ്പിൽ ഉയർത്തിക്കാണിച്ചു.

'ഞാൻ പറഞ്ഞില്ലേ എനിക്കു കാറ് കിട്ടുമെന്ന്?'

'നിന്റെ ഭാഗ്യം, അല്ലാതെന്തു പറയാനാണ്?'

മുപ്പതു കൊല്ലമായി ജോലിയെടുക്കുന്ന മനുഷ്യനാണ്. ഇനിയും ഒരു സ്കൂട്ടർകൂടി സ്വന്തമാക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെയിതാ മരുമകൾ രണ്ടാഴ്ചകൊണ്ട് ഫിയാറ്റ് കാറുമായി നടക്കുന്നു. അവൾക്കു നല്ലതു വരട്ടെ.

കാറുംകൊണ്ട് എവിടെയൊക്കെ പോകണമെന്ന് പരിപാടിയിടുകയായിരുന്നു അപർണ്ണ. ഡെയ്സിയുടെ വീട്ടിൽ പോകണം. ഇന്ന് ഞായറാഴ്ചയായതുകൊണ്ട് അവൾ വീട്ടിലുണ്ടാവും. മറ്റു സ്നേഹിതകളുടെ അടുത്ത് കാറും കൊണ്ട് ധാടി കാണിക്കാൻ പോകാൻ അവൾക്കു തോന്നിയില്ല. അവരെല്ലാം അവളെക്കാൾ താഴ്ന്ന സ്ഥിതിയിലുള്ളവരാണ്. താൻ ചെയ്യുന്നത് ശരിയല്ല. മാത്രമല്ല ചൈനാനിയുടെ ജോലി കിട്ടിയശേഷം അപർണ്ണ അവരെയെല്ലാം ഒഴിവാക്കുകയും ചെയ്തിരുന്നു. ഒരു തരം സ്റ്റാറ്റസ് കോൺഷ്യസ് ആയിരിക്കുന്നു അവൾ. ചൈനാനിയും സൂചിപ്പിച്ചത് അതുതന്നെയായിരുന്നു. ഡെയ്സിയുടെ വീട്ടിൽ നിന്ന് ഷൂട്ടിങ് നടക്കുന്നിടത്തു പോകണം. ഇന്ന് ജുഹുബീച്ചിൽത്തന്നെയാണ് ഷൂട്ടിങ്. കുറേ സ്റ്റണ്ട് സീനുകളാണെന്ന് വിനോദ് പറഞ്ഞിരുന്നു. അതെങ്കിൽ അത്. ചൈനാനിയുടെ ടീമുമായി അടുത്ത ബന്ധമുണ്ടെന്നു കാണിക്കുന്നത് തനിക്കു നല്ലതുതന്നെയാണ്. തന്റെ ഇമേജിനെ അനുകൂലമായി ബാധിക്കുന്നതാണത്.

അവൾ ഫോൺ ചെയ്യാനായി താഴേയ്ക്കു പോയി. ഡെയ്സി വീട്ടിലില്ല. അവളുടെ അമ്മയാണ് ഫോണെടുത്തത്. മോൾ ഒരു കല്ല്യാണത്തിൽ പങ്കുകൊള്ളാനായി പോയിരിക്കയാണ്. ഇനി വൈകീട്ടേ തിരിച്ചെത്തൂ. തന്റെ ആദ്യത്തെ പരിപാടി നടക്കില്ല. അവൾക്ക് അല്പം നിരാശത തോന്നി. കാറുംകൊണ്ട് ആദ്യമായി പോകാൻ പറ്റിയ സ്ഥലമായിരുന്നു. പോട്ടെ സാരമില്ല. ഇനി ജുഹു ബീച്ചിലേയ്ക്കു പോകാം. അവൾ വിനോദിന്റെ നമ്പർ കറക്കി. ഒരു പക്ഷേ, തന്നെ ഡ്രോപ് ചെയ്തശേഷം വിനോദ് പോയതു ഷൂട്ടിങ്ങിനായിരിക്കും. അങ്ങിനെ എന്തോ പറഞ്ഞ ഒരോർമ്മ. വിനോദ് എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കാൻ പറ്റിയ ഒരു മാനസികാവസ്ഥയിലായിരുന്നില്ല അപർണ്ണ. തലേന്നു രാത്രിയിൽ ഉണ്ടായ സംഭവങ്ങൾ അവളുടെ മനസ്സിനെ മറ്റൊന്നും ചിന്തിക്കാനാവാത്തവിധം കീഴ്പ്പെടുത്തിയിരുന്നു. വിനോദ് നല്ലൊരു കാമുകനായിരുന്നു. അപർണ്ണയുടെ ആദ്യത്തെ കാമുകൻ.

ചെറിയൊരു അപാർട്മെന്റ്. ഒരു സിറ്റിങ്റൂം, അതിൽ ഒരു ത്രീപീസ് സോഫ. ഒരുകിൽ ഉയരം നന്നെ കുറഞ്ഞ ദിവാൻ. ദിവാനും സോഫയ്ക്കുമിടയിൽ കടുംചുവപ്പിൽ മഞ്ഞയും പച്ചയും നെയ്തു പിടിപ്പിച്ച ഭംഗിയുള്ള പരവതാനി. സിറ്റിങ് റൂം അവസാനിക്കുന്നത് ചെറിയൊരു അടുക്കളയിൽ. സിറ്റിങ് റൂമിനും അടുക്കളയ്ക്കുമിടയിൽ മൂന്നടി പൊക്കമുള്ള ഒരു തിണ്ണ മാത്രം. മറ്റൊരു വാതിൽ നയിക്കുന്നത് കിടപ്പറയിലേയ്ക്കാണ്. കിടപ്പറയിലെ ചുവരുകളിൽ മങ്ങിക്കത്തുന്ന ചിത്രവിളക്കുകൾ, അവയ്ക്കിടയിൽ തെളിമയുള്ള വലിയ പ്രിന്റുകൾ. അവയിൽ അങ്ഗ്രെയുടെ ടർക്കിഷ് ബാത്തുണ്ട്, റെനവറുടെ ബാത്തർ ഉണ്ട്, ബൗഷെയുടെ അവൾക്ക് പേരറിയാത്ത നഗ്നചിത്രമുണ്ട്. ഓ. മർഫിയാണോ? നല്ല അഭിരുചിയുള്ള മനുഷ്യൻ. അല്പം നഗ്നത ഇഷ്ടപ്പെടുന്നുവെന്നു മാത്രം. പക്ഷേ, കിടപ്പറയിൽ അല്പം നഗ്നതയായാൽത്തന്നെ എന്താണ് കുഴപ്പം?

വിനോദ് ഒരു ധൃതിയും കാണിച്ചില്ല. ചെന്ന ഉടനെ അയാൾ തന്റെ സ്റ്റീരിയോ ഓണാക്കി. ചൈനാനിയെപ്പോലെ വിനോദും ചെറിയ ശബ്ദത്തിൽ സംഗീതം ആസ്വദിക്കുന്നതിഷ്ടപ്പെട്ടു. അപർണ്ണയ്ക്കറിയാത്ത പാട്ടുകളായിരുന്നു അവ. അപർണ്ണ പാശ്ചാത്യഗാനങ്ങൾ അധികം കേട്ടിരുന്നില്ല. ഇനി കേട്ടു തുടങ്ങണമെന്ന് അവൾ തീരുമാനിച്ചു. താൻ സമുദായത്തിന്റെ മേൽത്തട്ടിലേയ്ക്ക് കുതിച്ചു കയറുകയാണ്. അപ്പോൾ അതിനനുസരിച്ച് തന്റെ അഭിരുചികളിലും മാറ്റമുണ്ടാവണം.

'കുടിക്കാൻ?...' അയാൾ ചോദിച്ചു.

ഒന്നും വേണ്ടെന്ന് അവൾ തലയാട്ടി. പക്ഷേ, അഞ്ചു മിനിറ്റിനുള്ളിൽ വിനോദ് രണ്ടു ഗ്ലാസ്സുമായി വന്നു. അവൾ അല്പം കുടിച്ചു നോക്കി. നേരിയ മധുരമുണ്ട്.

'വൈൻ?'

'അല്ല ജിൻടോണിക്ക്.' വിനോദ് പറഞ്ഞു. 'നല്ലതാണ് കുടിച്ചു നോക്കു. ചീയേഴ്സ്.'

അവൾ ഗ്ലാസ്സ് ചുണ്ടോടടുപ്പിച്ചു.

വിനോദ് സംസാരിക്കുകയാണ്. പിന്നെപ്പിന്നെ അയാൾ അവളുടെ കൈപിടിച്ചു സംസാരിക്കാൻ തുടങ്ങി. വളരെ സാവധാനത്തിൽ അയാൾ പുരോഗമിച്ചു. എന്തുകൊണ്ടോ തന്റെ അതിഥിയായി വന്ന പെൺകുട്ടി തീരെ അനുഭവ സമ്പന്നയല്ലെന്ന് അയാൾക്ക് തോന്നിയിരുന്നു. സ്വന്തം പരിചയക്കേട് അയാളിൽ നിന്ന് മറച്ചു വെയ്ക്കാനുള്ള അവളുടെ ശ്രമങ്ങളും അയാൾ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് അയാൾ പരമാവധി ദയാപൂർവ്വം അവളോട് പെരുമാറി.

അയാൾ നല്ലൊരു കാമുകനായിരുന്നു.

അപർണ്ണ ഒരുറക്കം കഴിഞ്ഞ് എഴുന്നേറ്റപ്പോഴും ഹാളിൽ സംഗീതമുണ്ടായിരുന്നു. 'സംതിങ്ങ്സ് ഹാപ്പെനിങ് ടു മി...' വിനോദ് തൊട്ടടുത്തുതന്നെ കിടക്കുകയാണ്. തന്റെ വസ്ത്രങ്ങൾ എവിടെപ്പോയി എന്ന് അവൾ അദ്ഭുതപ്പെട്ടു. എപ്പോൾ, എങ്ങിനെയാണവ നഷ്ടപ്പെട്ടതു? വിനോദും ഒട്ടും മെച്ചമല്ലാത്ത അവസ്ഥയിലായിരുന്നു.

ഓർമ്മയിൽ അപർണ്ണ ചിരിച്ചു. വിനോദിനെ ഫോൺ ചെയ്തിട്ട് കാര്യമില്ലെന്ന് അവൾ തീർച്ചയാക്കി. നേരിട്ടു പോവാം. ബീച്ചിൽ ഹോട്ടൽ ഹൊറൈസന്റെ മുമ്പിലാണ് ഷൂട്ടിങ് എന്നാണ് പറഞ്ഞത്. അവൾ വീട്ടിൽ പോയി കാറിന്റെ താക്കോലെടുത്ത് താഴേയ്ക്കിറങ്ങി.

കാർ നല്ല കണ്ടിഷനിലായിരുന്നു. അധികം പഴക്കമില്ല. ഏറിയാൽ രണ്ടു വർഷം. എഴുപത്തൊന്നോ എഴുപത്തി രണ്ടോ മോഡലാണ്. അവൾ ജുഹുവിലേയ്ക്കു തിരിച്ചു. ജുഹു ബീച്ചെത്തിയപ്പോൾത്തന്നെ അവൾ ദൂരെ തിരക്കു കണ്ടു. അവൾ നിർത്തിയില്ല. ഹൊറൈസനിൽ കാറ് പാർക്ക് ചെയ്തു ഹോട്ടലിലൂടെ ബീച്ചിലേയ്ക്കിറങ്ങാം.

ഷൂട്ടിങ് ശരിക്കും ഹൊറൈസന്റെ പിന്നിൽത്തന്നെ ആയിരുന്നു. അവൾ സ്വിമ്മിങ്പൂളിനരുകിലൂടെ നടന്ന് പടികൾ ഇറങ്ങി ബീച്ചിലെ മണലിലൂടെ നടന്നു. ഒരു ഹെലിക്കോപ്റ്റർ മുകളിൽ കറങ്ങുന്നുണ്ട്. വിനോദ് നടന്നുകൊണ്ട് ഹെലിക്കോപ്റ്റർ നോക്കി എന്തോ ആംഗ്യം കാണിക്കുന്നു. ഒരു മോട്ടോർ ബോട്ട് കരയിൽനിന്ന് അതിവേഗത്തിൽ പായാൻ തുടങ്ങി. പിന്നാലെ കാമറയുമായി മറ്റൊരു ബോട്ടും. മുമ്പിൽ പോയ ബോട്ടിൽ ഒരു സംഘട്ടനം നടക്കുകയാണ്. അപർണ്ണ വരുന്നത് വിനോദ് കണ്ടു. അയാൾ കൈവീശി, ഉടനെ തിരിഞ്ഞ് നിർദ്ദേശങ്ങൾ കൊടുക്കുന്ന ജോലിയിലേർപ്പെടുകയും ചെയ്തു. മുകളിൽ കറങ്ങിയിരുന്ന ഹെലിക്കോപ്റ്റർ ഇപ്പോൾ വളരെ താഴെയാണ്. അതിൽനിന്ന് ഒരാൾ താഴേയ്ക്കു ചാടാനായി ഒരുങ്ങുന്നു. ബോട്ട് ഏകദേശം അടുത്തെത്തിയിരുന്നു. പെട്ടെന്നാണതുണ്ടായത്. എന്തോ കാരണം കൊണ്ട് ഹെലിക്കോപ്റ്റർ പൊന്തുകയും ഏകദേശം അമ്പതടി ഉയരത്തിലെത്തിയപ്പോൾ ചാടാനുദ്ദേശിച്ച ആൾ പിടുത്തം വിട്ട് വീഴുകയും ചെയ്തു. അയാൾ കുത്തനെ താഴേയ്ക്ക് വീഴുകതന്നെയാണ്. സിനിമയിൽ ഉദ്ദേശിച്ച മാതിരിയല്ല സംഭവം നടന്നതെന്ന് സ്പഷ്ടം. വിനോദ് തലയിൽ കൈവെയ്ക്കുന്നത് അപർണ്ണ കണ്ടു. കരയിൽനിന്നവർ ഒന്നായി ആർക്കുകയായിരുന്നു. ബോട്ടുകൾ പെട്ടെന്ന് തിരിച്ച് അയാൾ വീണ സ്ഥലത്തേയ്ക്കു കുതിച്ചു. എന്താണ് സംഭവിക്കുന്നതെന്നു വ്യക്തമല്ല.

വിനോദ് ക്ഷോഭിക്കുകയായിരുന്നു. അയാൾ ജോലിയിൽ വേണ്ടത്ര ശ്രദ്ധിക്കാതെ അപകടമുണ്ടാക്കിയതിൽ. അയാൾ കാരണം ഷൂട്ടിങ് നിർത്തേണ്ടി വന്നതിൽ. 'ഒരു ഞായറാഴ്ചത്തെ വിശ്രമം കളഞ്ഞാണ് ഞാൻ വന്നത്. അതിങ്ങനെ നശിപ്പിക്കാനാണ്...'

ബോട്ട് ഇപ്പോൾ അയാളെയുമെടുത്ത് കരക്കെത്തിയിരുന്നു. ആൾക്കാർ കൂട്ടം കൂടുകയാണ്. അയാൾക്ക് ബോധമുണ്ടായിരുന്നില്ല. ആരൊക്കെയോകൂടി അയാളെ പൊക്കിയെടുത്ത് കരയിലേയ്ക്കു കൊണ്ടുപോകുകയാണ്. വിനോദ് അനങ്ങുന്നില്ല. അപർണ്ണ അയാളുടെ അടുത്തു ചെന്നു. അയാൾ അപ്പോഴും ശാപവചനങ്ങൾ പൊഴിക്കുകയാണ്. അവൾ അയാളെ നോക്കിക്കൊണ്ടു നിന്നു. എന്തുകൊണ്ടോ അവിടെ നിന്ന് പോകാനാണ് അപർണ്ണയ്ക്ക് തോന്നിയത്.

കാർ സ്റ്റാർട്ടാക്കിയപ്പോൾ എങ്ങോട്ടു പോകണമെന്ന് അവൾക്കു ധാരണയുണ്ടായിരുന്നില്ല. അവൾക്ക് ഒരല്പം ആശ്വാസം കിട്ടണം. തന്റെ കൺമുമ്പിൽവച്ച് ഒരു വലിയ അപകടമുണ്ടായിരിക്കുന്നു. നിസ്സഹായനായ ഒരു മനുഷ്യൻ ഇപ്പോൾ മരണത്തോട് മല്ലിടുകയാണ്. അവൾ പെട്ടെന്ന് സുനിലിനെ ഓർത്തു. അയാൾ അടുത്തു തന്നെയാണ് താമസിക്കുന്നത്. അവൾ കാർ ഇടത്തോട്ട് തിരിച്ചു.

സുനിൽ മൽഹോത്ര വീട്ടിൽത്തന്നെയുണ്ടായിരുന്നു. അപർണ്ണയെ കണ്ടപ്പോൾ പെട്ടെന്ന് അയാളുടെ മുഖത്ത് പരിഭ്രമമായി. അയാൾ വാതിൽ പിടിച്ചുകൊണ്ട് നിൽക്കുകയാണ്.

'മേ ഐ കമിൻ?'

'ഓ ഷുവർ...' സുനിൽ ചിരിച്ചുകൊണ്ട് പറഞ്ഞു. ഞാൻ വേറെ എന്തോ ആലോചിക്കുകയായിരുന്നു. 'എന്തൊക്കെയാണ് വിശേഷങ്ങൾ?'

കുറച്ചു നേരത്തെയുണ്ടായ അപകടത്തെപ്പറ്റി അവൾ സുനിലിനോട് പറഞ്ഞു. അയാൾ പെട്ടെന്ന് എഴുന്നേറ്റു കൊണ്ട് പറഞ്ഞു.

'വരൂ നമുക്ക് പോകാം.'

'എവിടേയ്ക്കാണയാളെ കൊണ്ടുപോയതെന്നറിയില്ല.'

'നാനാവതിയിലേക്കായിരിക്കും. വരൂ.'

അവർ താഴത്തിറങ്ങി.

'ഇതാണ് നിന്റെ വണ്ടി, അല്ലെ?'

'അതെ.' കാറിന്റെ വാതിൽ തുറന്നുകൊണ്ട് അവൾ പറഞ്ഞു.

'നിതിൻ എന്നോട് പറഞ്ഞിരുന്നു.' വാതിൽ തുറന്ന് മുമ്പിൽ കയറിയിരിക്കുമ്പോൾ സുനിൽ പറഞ്ഞു. അവൾക്ക് സുനിലിന്റെ ഭാരം അറിയുന്നുണ്ടായിരുന്നു. വിനോദ് അടുത്തിരിക്കുമ്പോൾ അറിയുകയേ ഇല്ല. അയാൾ 5–8 ഉയരം, കവിഞ്ഞാൽ 60 കിലോ ഉണ്ടാവും. സുനിൽ അയാളുടെ ആറടി ഒരിഞ്ച് ഉയരത്തിനനുസരിച്ചുള്ള തടി നോക്കിയാൽ 90 കിലോയെങ്കിലും കാണും.

നാനാവതിയിലെ കാഷ്വൽറ്റിയിൽ ഒരു സ്ട്രെച്ചറിൽ അയാളുടെ ശവശരീരം കിടത്തിയിരുന്നു. സുനിൽ അയാളെ മൂടിയ തുണി മാറ്റിനോക്കി. ഉടനെ മൂടുകയും ചെയ്തു.

'പാവം.'

കുറച്ചപ്പുറത്തായി മരിച്ച നടന്റെ ബന്ധുക്കൾ വിങ്ങിപ്പൊട്ടിക്കൊണ്ട് നിൽക്കുന്നുണ്ടായിരുന്നു. ചുമരിന്നരികിൽ ഒരു മെലിഞ്ഞ സ്ത്രീ കിടന്നിരുന്നു. സുനിൽ അവരുടെ അടുത്തേയ്ക്ക് ചെന്നു.

'വ്യസനമുണ്ട്. എന്താ ചെയ്യാ. ഇങ്ങിനെയൊന്നും വരുമെന്ന് ആരും കരുതീട്ടില്ലല്ലോ. സാബിനോട് പറഞ്ഞ് വേണ്ടതെല്ലാം ചെയ്യാം.'

അയാൾ പോക്കറ്റിൽ നിന്ന് രണ്ടോ മൂന്നോ നൂറിന്റെ നോട്ടുകൾ എടുത്ത് അതിലൊരാൾക്കു കൊടുത്തു.

'ഇപ്പോൾ വേണ്ടതെല്ലാം ചെയ്യൂ.'

തിരിച്ച് കാറിൽ കയറിയപ്പോൾ സുനിൽ പറഞ്ഞു.

'എന്താണ് ചെയ്യുക, പാവം. ഒരു കുടുംബം വഴിയാധാരമായി.'

അപർണ്ണ വിനോദിനെ ഓർത്തു. അയാളുടെ മനോഭാവത്തെപ്പറ്റി സുനിലിനോട് പറഞ്ഞാലോ എന്ന് ഓർത്തു. പക്ഷേ, സുനിലിന് നല്ലവണ്ണം അറിയുന്നതുതന്നെയായിരിക്കണം അത്. അവൾ ഒന്നും പറഞ്ഞില്ല.

അപർണ്ണ വീട്ടിലെത്തിയപ്പോൾ പന്ത്രണ്ടു മണി കഴിഞ്ഞു. അവൾ തളർന്നിരുന്നു. രാവിലെയുണ്ടായ സംഭവം മനസ്സിൽനിന്ന് എടുത്തു മാറ്റാൻ തോന്നുന്നില്ല. ഈ അഭ്യാസികളെല്ലാം ഡ്യൂപ്പുകളായി അഭിനയിക്കുന്നവരാണ്. നായകനും മറ്റു പ്രധാനപ്പെട്ട നടന്മാർക്കും വേണ്ടി സാഹസികമായ കാര്യങ്ങൾ ചെയ്യുക. അവരുടെ മുഖമോ, പേരോ വെള്ളിത്തിരയിൽ വരുന്നില്ല. അവരെ ആരും അറിയുന്നുമില്ല. അവർക്കു കിട്ടുന്നത് ദിവസക്കൂലിയാണ്, അല്ലെങ്കിൽ ഒരു കരാർ തുക. അതു കഴിഞ്ഞാൽ കഴിഞ്ഞു.

അവൾ കുളിച്ച് ഊണുകഴിക്കാനിരുന്നു. ഒന്നും കഴിക്കാൻ തോന്നുന്നില്ല. അങ്ക്ൾ ഓരോന്ന് ചോദിക്കുന്നുണ്ടായിരുന്നു. അവൾ അപകടത്തെപ്പറ്റി പറഞ്ഞു.

'സാരമില്ല മോളെ, അങ്ങിനെയൊക്കെയുണ്ടാവും. നീ വേവലാതിപ്പെട്ടിട്ട് എന്തു കാര്യം?'

അവൾ ഊണു കഴിച്ചെന്നു വരുത്തി പോയി കിടന്നു.

ഉറക്കമെഴുന്നേറ്റപ്പോൾ നാലു മണി. അങ്ക്ൾ ഹരേ കൃഷ്ണ ക്ഷേത്രത്തിലേയ്ക്കു പോയിരുന്നു. ചായ കുടിച്ചു കൊണ്ട് അവൾ അന്നത്തെ വർത്തമാനപത്രം നോക്കി. അന്ന് പത്രം കണ്ടിട്ടേയില്ല. രണ്ടാമത്തെ പേജ് തുറന്നതും അവൾ വാ പൊളിച്ചുകൊണ്ട് ഇരുന്നുപോയി. മുകളിൽ കൊടുത്ത ചിത്രത്തിനു താഴെ കൊടുത്ത റിപ്പോർട്ടു വായിച്ചുകൊണ്ടിരിക്കേ അവളുടെ മുഖത്തെ ചോരയോട്ടം നിന്നതായി തോന്നി. തലയുടെ പിന്നിൽനിന്ന് ശൈത്യം കയറി മുഖത്തേയ്ക്കു പടരുന്നപോലെ. അവൾ വീണ്ടും ചിത്രം നോക്കി. പത്രം വലിച്ചെറിഞ്ഞ് അവൾ മേശമേൽ തല വെച്ച് കരയാൻ തുടങ്ങി.

# പതിനൊന്ന്

രേണു പുറത്തേയ്ക്ക് പോയതായിരുന്നു. അവൾ വന്നപ്പോഴേയ്ക്കും അപർണ്ണ ഒരുമാതിരി മനസ്വാസ്ഥ്യം വീണ്ടെടുത്തു. വലിച്ചെറിഞ്ഞ പത്രം വീണ്ടുമെടുത്ത് ചിത്രം ഒരിക്കൽക്കൂടി സൂക്ഷ്മമായി നോക്കി. ചൈനാനിയുടെ കൈകൾ സുനന്ദയുടെ അരക്കെട്ടിലാണ്. തൊട്ടടുത്ത് നിൽക്കുന്നത് ഡയറക്ടർ വിനോദ് ചന്ദാനി, അതിനുമപ്പുറത്ത് സുനിൽ മൽഹോത്ര. ചൈനാനിയുടെ ഇടത്തു വശത്തായി പി. ആർ. ഒ. മദൻസിങ്ങ്, പിന്നിലായി ചൈനാനിയുടെ പേഴ്സനൽ അസിസ്റ്റന്റ് രഞ്ജിനി. താഴെ വലിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നു. ചൈനാനിയുടെ മൾട്ടിസ്റ്റാറർ മെഗമൂവിയിൽ നായിക സുനന്ദ തന്നെ.

അപ്പോൾ...അപ്പോൾ വിനോദ് ഇന്നലെത്തന്നെ അറിഞ്ഞിരിക്കുന്നു. തന്റെ ഒപ്പം ഡിന്നർ കഴിക്കുമ്പോഴും, പിന്നെ അയാളുടെ ഫ്ളാറ്റിൽ വച്ച് തന്റെ ഒപ്പം കിടക്കുമ്പോഴും ഒക്കെ വിനോദിന്റെ കൈയ്യിൽ ഈ അറിവ്, തന്നെ തിരസ്കരിച്ച വിവരം ഉണ്ടായിരുന്നു. എന്തുകൊണ്ടയാൾ അത് തന്നോട്ട് പറഞ്ഞില്ല. അതുപോലെ സുനിലും അതെ, രാവിലെ കണ്ടപ്പോൾ തന്നോട്ട് ഒന്നും പറഞ്ഞില്ല. ഇത് തന്നെ എത്രത്തോളം ബാധിക്കുന്ന കാര്യമാണെന്ന് ആരെക്കാളും നന്നായി അറിയുന്ന ആളാണ് സുനിൽ മൽഹോത്ര. ഒരുപക്ഷേ, രാവിലെയുണ്ടായ അപകടം കാരണം അയാൾ സംസാരിക്കാനുള്ള അവസ്ഥയിലായിരുന്നില്ല. സുനിലിനെ കുറ്റക്കാരനാക്കാൻ അവൾക്ക് തോന്നുന്നില്ല. മറിച്ചാണ് വിനോദിന്റെ സ്ഥിതി. അയാൾക്ക് പറയാമായിരുന്നു.

അതുപോലെ ചൈനാനിക്കും തന്നെ വിളിച്ച് സംസാരിക്കാമായിരുന്നു. എന്തെങ്കിലും കാരണം പറഞ്ഞ്, അതു കൊണ്ട് താൻ സുനന്ദയെത്തന്നെ നായികയാക്കുകയാണെന്ന് പറഞ്ഞാൽ മതിയായിരുന്നു. അങ്ങിനെയായിരുന്നെങ്കിൽ തനിക്ക് ഇപ്പോഴത്തെ അത്ര വിഷമമുണ്ടാവില്ലായിരുന്നു. ഇപ്പോൾ താൻ ശരിക്കും തഴയപ്പെട്ടപോലെ തോന്നുകയാണ്.

അവൾ പുറത്തേയ്ക്കിറങ്ങി. ഫോൺ ചെയ്യണം. മിസ്സിസ്സ് പാണ്ഡേയുടെ വീട്ടിൽ നിന്ന് ഈവക കാര്യങ്ങൾ സംസാരിക്കാൻ വയ്യ. ഏതെങ്കിലും ബൂത്തിൽത്തന്നെ പോകണം. അങ്ക്ൾ ബുക്കു ചെയ്ത ഫോൺ എപ്പോഴാണാവോ കിട്ടാൻ പോകുന്നത്.

വിനോദ് വീട്ടിലുണ്ടായിരുന്നു. അപർണ്ണയുടെ പ്രശ്നങ്ങൾ അയാൾക്ക് മനസ്സിലാവുന്നില്ല. അയാളെ ബാധിക്കുന്നില്ലെന്നു പറയുകയാവും ഭംഗി. അവൾ ചോദിച്ചു.

‘എന്തുകൊണ്ടത് തലേന്നു പറഞ്ഞില്ല?’

‘എന്തിന് നല്ലൊരു സായാഹ്നം നശിപ്പിക്കണം.’ അയാൾ മറുപടി പറഞ്ഞു. അപർണ്ണ നിശ്ശബ്ദയായി.

പുതിയ സിനിമയിൽ നായികയാവുമെന്നൊക്കെ താൻ പറഞ്ഞത് കേട്ട തലകുലുക്കിയപ്പോഴെല്ലാം അയാൾക്ക് അറിയാമായിരുന്നു അന്ന് ഉച്ചയ്ക്കുതന്നെ ഈ പെണ്ണിന്റെ വിധി നിർണ്ണയിക്കപ്പെട്ടു എന്ന്. അയാൾ ഉള്ളിന്റെ ഉള്ളിൽ ചിരിച്ചിട്ടുണ്ടാവും. അപർണ്ണ അമർഷത്തോടെ വിചാരിച്ചു.

‘ഇനി എപ്പോഴാണ് കാണുന്നത്? നാളെ ബീച്ചിൽത്തന്നെയാണ് ഷൂട്ടിങ്. വരുന്നോ?’

‘ഇല്ല.’ അവൾ ഫോൺ വെച്ചു.

അവൾ സുനിലിന്റെ നമ്പർ കറക്കി. ഭാഗ്യത്തിന് അയാൾ വീട്ടിലുണ്ടായിരുന്നു.

‘ഇതു ഞാനാണ് അപർണ്ണ.’

‘അപർണ്ണാ, എന്തു വിശേഷം, പറയൂ.’

‘എന്തു വിശേഷം. നിങ്ങളൊക്കെക്കൂടി എന്നെ തഴഞ്ഞു അല്ലെ?.’

സുനിൽ നിശ്ശബ്ദനായി. അവൾ തുടങ്ങി. തുടങ്ങിയെന്നു പറയുന്നത് വളരെ സൗമ്യമായ വാക്കായിരുന്നു. ഒരുതരം ബോംബാക്രമണമായിരുന്നു അത്. സുനിൽ എല്ലാം കേട്ടിരുന്നു. ഒരക്ഷരം ഉരിയാടലുണ്ടായില്ല. കുറേ നേരം പറഞ്ഞു കഴിഞ്ഞപ്പോൾ തന്റെ ആയുധങ്ങളെല്ലാം തീർന്നെന്ന് അപർണ്ണയ്ക്കു മനസ്സിലായി. അവൾ നിർത്തി.

‘എല്ലാം പറഞ്ഞു കഴിഞ്ഞോ.’ സുനിൽ ശാന്തനായി ചോദിച്ചു. അപർണ്ണ ഒന്നും പറയാതെ റിസീവർ പിടിച്ചുകൊണ്ട് നിന്നു. അവളുടെ കവിളിൽക്കൂടി കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു.

‘ഒരു കാര്യം അപർണ്ണ മനസ്സിലാക്കണം. എനിക്ക് നിന്നെ ഇഷ്ടമാണ്. ഈ വക ശകാരങ്ങളൊന്നും ആ സ്നേഹത്തെ ബാധിക്കില്ല. ഞാനിന്നലെ രണ്ടുവട്ടം നിന്നെ വിളിക്കാൻ ശ്രമിച്ചു. നീ ഡിന്നറിനു പോയതാണെന്നു പറഞ്ഞു. പിന്നെ ഇന്നു രാവിലെയും വിളിച്ചു. അപ്പോഴും നീ ഉണ്ടായിരുന്നില്ല. പിന്നെ നീ അറിഞ്ഞിട്ടുണ്ടാവുമെന്ന് കരുതി. കാരണം ഇന്നത്തെ പേപ്പറിൽ, ഒരുമാതിരി എല്ലാ പേപ്പറിലും ഈ വാർത്ത വളരെ വലുതായി വന്നിരുന്നു. നീ എന്റെ വീട്ടിൽ വന്നപ്പോൾ ബീച്ചിലെ അപകടമല്ലാതെ മറ്റൊരു വിഷമവും നിന്റെ മുഖത്ത് കണ്ടില്ല. അപ്പോൾ നീ സംഗതികളുമായി പൊരുത്തപ്പെട്ടിട്ടുണ്ടാവുമെന്ന് ഞാൻ കരുതി.’

അപർണ്ണ ഒന്നും പറയാതെ ഫോൺ പിടിച്ചു കൊണ്ട് നിൽക്കുക തന്നെയാണ്. സുനിൽ തുടർന്നു.

‘ഇനി നീ പറയൂ, എന്റെ തെറ്റെന്താണെന്ന്.’

ഒരു ദീർഘനിശ്വാസത്തിനുശേഷം അവൾ സംസാരിച്ചു.

‘എന്താണ് ഇങ്ങിനെയൊക്കെ വരാൻ?’

‘ആ ശവം ഇല്ലേ, സുനന്ദ, അതിന്റെ പണിയാണ്. ദാറ്റ് ബിച്ച്...’

‘ഐയാം സോറി സുനിൽ.’

‘നെവർ മൈന്റ് ഡിയർ. എല്ലാം വഴിയേ ശരിയാവും. നീ ഒരു സൂപ്പർ സ്റ്റാറാകും...’ കുറച്ചു നേരത്തെ മൗനത്തിനു ശേഷം അയാൾ തുടർന്നു. ‘നിന്നെ ഞാനൊരു സൂപ്പർസ്റ്റാറാക്കും.’

‘ഞാനൊന്ന് ചൈനാനി സാബിനെ കണ്ടാലോ?’

‘നിതിനെ ഇടയ്ക്കിടക്ക് കാണുന്നത് നല്ലതാണ്. നിതിന് അതിഷ്ടമാണ്.’

‘ഞാൻ ഒറ്റയ്ക്കു പോയാൽ മതിയോ?’ പെട്ടെന്നവൾക്ക് ധൈര്യക്ഷയമുണ്ടായി. ഇന്നലെവരെ താൻ ലോകത്തിന്റെ മുകളിലാണെന്നവൾക്കു തോന്നിയിരുന്നു. ഇന്ന് പെട്ടെന്ന് വീഴ്ച സംഭവിച്ചിരിക്കയാണ്. ആ അറിവുമായി അവൾക്ക് പൊരുത്തപ്പെടാൻ കഴിയുന്നില്ല.

‘മതി.’ സുനിൽ പറഞ്ഞു.

## പന്ത്രണ്ട്

ചൈനാനി തിരക്കിലായതുകൊണ്ട് അപർണ്ണയ്ക്ക് കാത്തു നിൽക്കേണ്ടി വന്നു. രാവിലെ പത്തു മണി കഴിഞ്ഞ് ചെല്ലാനാണ് ചൈനാനിയുടെ പി. എ.-യായ രഞ്ജിനി ഫോണിൽ പറഞ്ഞിരുന്നത്. പക്ഷേ, ഇപ്പോൾ പത്തേപത്തായിരിക്കുന്നു.

'തിരക്കിലാണ്, ഇരിക്കൂ.' അവൾക്കിരിക്കാനായി മുറിയിലിട്ട സോഫ ചൂണ്ടിക്കാട്ടി രഞ്ജിനി പറഞ്ഞു. ഒരു പത്തു മിനുറ്റ് അങ്ങിനെ ഇരുന്നപ്പോഴാണ് അപർണ്ണയ്ക്ക് ചൈനാനിയുടെ പി. എ. ആവുകയെന്നതിന്റെ വ്യാപ്തി മനസ്സിലായത്. ഒരു സെക്കന്റ് അവർക്ക് വെറുതെയിരിക്കാൻ പറ്റുന്നില്ല. ഒന്നുകിൽ വരുന്ന ഫോൺ സന്ദേശങ്ങൾ, അല്ലെങ്കിൽ അവൾ ഫോൺ കറക്കിക്കൊണ്ടിരിക്കും. സംസാരിക്കുന്നതു മുഴുവൻ ചൈനാനിയുടെ പരിപാടികളെപ്പറ്റി. അതിനിടയ്ക്ക് തിരിഞ്ഞിരുന്ന് ഇലക്ട്രിക് ടൈപ്റൈറ്ററിൽ ടൈപ്പു ചെയ്യുന്നു. അല്ലെങ്കിൽ ടെലിപ്രിന്ററിൽ സന്ദേശങ്ങൾ അയയ്ക്കുന്നു, സ്വീകരിക്കുന്നു. ഇടയ്ക്ക് ആരെങ്കിലും വന്നാൽ ഒരു ചിരിയോടെ അവരെ അഭിമുഖീകരിക്കുന്നു. വളരെ വിനയമുള്ള പെരുമാറ്റം. അപർണ്ണയ്ക്ക് ബഹുമാനം തോന്നി.

ചൈനാനിയുടെ വാതിൽ തുറന്ന് സുനന്ദ പുറത്തു വന്നു. പെട്ടെന്ന് അപർണ്ണയുടെ മുഖത്തേയ്ക്ക് ചോരയിരച്ചു കയറി. തലയുടെ പിന്നിൽ നിന്ന് ശൈത്യം മുഖത്തേയ്ക്ക് യാത്ര തുടങ്ങുന്നു. സുനന്ദ നേരെ പോകുമെന്നാണ് അവൾ കരുതിയത്. പക്ഷേ, അവർ വലത്തോട്ടു തിരിഞ്ഞ് പി. എ.-യുടെ മുറിയിലേയ്ക്ക് കടന്നു.

രഞ്ജിനി എഴുന്നേറ്റു നിന്നു.

'നമസ്തെ സുനന്ദാജീ, ക്യാ ഹാൽ ഹെ?'

'സബ് ഠീക് ഹെ.'

'തശ്രീഫ് രഖിയേ...' മുമ്പിലുള്ള കസേല ചൂണ്ടിക്കാട്ടി രഞ്ജിനി പറഞ്ഞു. പെട്ടെന്ന് ഇന്റർകോം അടിച്ചു. ചൈനാനിയുടെ ശബ്ദം പതിഞ്ഞു കേട്ടു. അവൾ എന്തോ മറുപടി പറഞ്ഞു. പിന്നെ തിരിഞ്ഞ് അപർണ്ണയോട്ട് പറഞ്ഞു.

'ചൈനാനി സാബ് വിളിക്കുന്നു.'

അപ്പോഴാണ് സോഫയിൽ ഇരിക്കുന്ന പെൺകുട്ടിയെ സുനന്ദ കാണുന്നത്. അവർ പറഞ്ഞു.

'ഹല്ലോ, ഇതല്ലെ നമ്മുടെ പുതിയ ഹീറോയിൻ?'

അപർണ്ണ എന്തോ മറുപടി കൊടുക്കാനായി ഓങ്ങി. പിന്നെ ഓർത്തു. വേണ്ട, ഇപ്പോൾ ശരിയാവില്ല. അവൾ എഴുന്നേറ്റു ചൈനാനിയുടെ മുറിയുടെ വാതിൽക്കൽ മുട്ടി. സുനന്ദയുടെ കണ്ണുകൾ തന്നെ പിൻതുടരുന്നുണ്ടെന്ന് അവൾക്കറിയാമായിരുന്നു.

ചൈനാനി സാധാരണപോലെ സ്നേഹത്തിൽ തന്നെയായിരുന്നു. മേശചുറ്റിവന്ന് അവൾക്ക് കൈകൊടുത്ത് ഇരിക്കാനുള്ള കസേല നീക്കിയിട്ടു.

'വാട്ട് ഹാപ്പെൻഡ്... നീ ഒരു പ്രേതത്തെ കണ്ടപോലെ ഉണ്ടല്ലോ.'

പ്രേതത്തെയല്ല ചെകുത്താനെയാണ് കണ്ടതെന്ന് പറയണമെന്നു വിചാരിച്ചു. അവൾ വെറുതെ ചിരിച്ചു.

'എന്താണ് നിന്റെ പ്രശ്നം?'

'സർ...' അവൾ വാക്കുകൾക്കു വേണ്ടി പരതുകയായിരുന്നു.

'പറയൂ.'

'സർ, പുതിയ സിനിമയിൽ എനിക്ക് ചാൻസ് തരുമെന്നല്ലെ പറഞ്ഞത്. എന്നെ അതിനായിട്ടല്ലേ എടുത്തതും. പക്ഷേ, ഇന്നത്തെ പേപ്പറിൽ...'

'ഞാൻ നിന്നെ പുതിയ പ്രോജക്ടിൽ എടുക്കില്ലെന്നൊന്നും എഴുതിയിട്ടില്ലല്ലോ.'

'അങ്ങിനെയല്ല.'

'പിന്നെ?'

അവൾ ഒന്നും പറഞ്ഞില്ല. എങ്ങിനെയാണ് അതു പറയുക. നായികയായി എടുക്കുമെന്നായിരുന്നു എന്റെ പ്രതീക്ഷ, എല്ലാവരും പറഞ്ഞിരുന്നതും അതുതന്നെയായിരുന്നു, എന്നൊക്കെ എങ്ങിനെയാണ് പറയുക. ചൈനാനി ഒരിക്കലും അതു പറഞ്ഞിട്ടില്ല. മാധ്യമങ്ങളിൽ വന്നതു കണ്ടും മറ്റുള്ളവർ പറയുന്നതു കേട്ടും എങ്ങിനെയാണ് ഈ മനുഷ്യനെ അധിക്ഷേപിക്കുക.

ചൈനാനി ഇന്റർകോമിന്റെ ബട്ടനമർത്തി.

'അപർണ്ണയ്ക്ക് എന്തെങ്കിലും തണുത്തത് കൊടുത്തയക്കു. ഒരു മിനുറ്റ്...' അദ്ദേഹം അപർണ്ണയ്ക്കു നേരെ ചോദ്യത്തോടെ നോക്കി. അവൾ തലയാട്ടി. ചൈനാനി തുടർന്നു. 'ശരി, തണുത്തതെന്തെങ്കിലും.'

'നിനക്ക് കാർ കിട്ടിയില്ലേ?'

'കിട്ടി, താങ്ക്സ് സാർ.'

'അത് നിനക്ക് ആവശ്യമാകുംവരെ ഉപയോഗിക്കാം. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഓഫീസിലറിയിച്ചാൽ മതി. പെട്രോളിനുള്ള കൂപ്പൺ ഓഫീസിൽനിന്ന് നിനക്കെത്തിച്ചുതരും. ഹാവെ നൈസ് ടൈം.'

അപർണ്ണയുടെ നാവ് ചലിക്കാതെയായി. കാറു കിട്ടിയ ഉടനെ ചൈനാനിയെ വിളിച്ച് നന്ദി പറയേണ്ട മര്യാദകൂടി താൻ കാണിച്ചില്ല. അവൾക്കിനി ഒന്നും പറയാനില്ല.

ചൈനാനി ചാഞ്ഞിരുന്ന് അവളെ പഠിക്കുകയായിരുന്നു. ഏകദേശം രണ്ടു മിനുറ്റ് നീണ്ടുനിന്ന അവലോകനത്തിനു ശേഷം അദ്ദേഹം സംസാരിക്കാൻ തുടങ്ങി.

'എന്റെ പുതിയ പ്രൊഡക്ഷന്റെ ചിലവ് എന്തു വരുമെന്ന് അറിയാമോ?'

അറിയില്ലെന്ന് അവൾ തലയാട്ടി. നീണ്ട ഗ്ലാസ്സിൽ പഴച്ചാറ് കൊണ്ടുവന്നു. അതു കുടിക്കാൻ ആംഗ്യം കാട്ടിക്കൊണ്ട് ചൈനാനി തുടർന്നു.

'ഒന്നര കോടി. മൂന്ന് നായകന്മാരാണ് ഉള്ളത്. ആരൊക്കെയാണെന്ന് നിനക്കറിയാമല്ലെ. അതിൽ ധീരേന്ദ്രയ്ക്ക് മറ്റുള്ളവരുടെ ഒപ്പം അഭിനയിക്കണമെങ്കിൽ ഇപ്പോൾ കൊടുക്കുന്നതിന്റെ ഇരട്ടി കൊടുക്കണം. അദ്ദേഹത്തിന്റെ റേറ്റ് രഹസ്യമല്ല. ഷൂട്ടിങ്ങിനു വേണം എട്ടു മാസം. ഇത്രയും വലിയ ഒരു സിനിമയെടുത്ത് അതിന് മുതലിറക്കിയ തുക കിട്ടണമെങ്കിൽത്തന്നെ ബോംബെയിലെ നാൽപ്പത്തഞ്ച് സിനിമാ ഹാളുകൾ മൂന്നു മാസം തുടർച്ചയായി ഹൗസ്ഫുള്ളായി ഈ സിനിമ കാണിക്കണം. എങ്കിലേ വേണ്ടത്ര കലക്ഷനുണ്ടാവൂ. അങ്ങിനെയൊരു പ്രോജക്ടിൽ വിജയിക്കുമെന്ന് ഉറപ്പുള്ള ഒരാളെ നായികയാക്കണോ, അതോ ഒരു പുതുമുഖത്തെവച്ച് ടൈ ചെയ്യണോ? എനിക്ക് നഷ്ടപ്പെടാനുള്ളത് എന്താണെന്നറിയില്ലേ?'

അപർണ്ണയ്ക്ക് വാക്കുകൾ നഷ്ടപ്പെട്ടിരിക്കുന്നു. നഷ്ടമുണ്ടാവില്ലെന്നും മറിച്ച് ലാഭമുണ്ടാവുമെന്നും ചൈനാനിക്ക് ഉറപ്പുകൊടുക്കാൻ തനിക്കാകുമോ. അങ്ങിനെ ഉറപ്പു കൊടുക്കുകയാണെങ്കിൽത്തന്നെ ലക്ഷങ്ങളുടെയും കോടികളുടെയും കളികൾക്കിടയിൽ വെറുമൊരു പുതുമുഖമായ തന്റെ വാക്കുകൾക്ക് വല്ല പ്രസക്തിയുമുണ്ടോ.

'യു വിൽ ബി വെരിമച്ച് ഇൻ ദ ന്യൂ വെഞ്ചർ. അത്രതന്നെ അപ്രധാനമല്ലാത്ത ഒരു റോളിൽ. നിനക്ക് മികവ് കാട്ടാൻ പറ്റിയ ഒരു റോൾ. യു കേൻ ഷോ യുവർ മെറ്റ്ൽ. ഇറ്റീസ് അപ് ടു യു.'

അവൾ പുറത്തു കടന്നപ്പോഴും സുനന്ദ രഞ്ജിനിയുടെ മുറിയിലുണ്ടായിരുന്നു. അവൾ രഞ്ജിനിയ്ക്കു കൈവീശി നടന്നുനീങ്ങി. സുനന്ദ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു.

കാർ സ്റ്റാർട്ടാക്കി ഗെയ്റ്റ് കടക്കുമ്പോൾ അപർണ്ണ ആലോചിച്ചു. തനിക്ക് കളിക്കാനിനി കരുക്കളൊന്നും ബാക്കിയില്ല. പക്ഷേ, അടിയറവു പറയാൻ അവളുടെ അഭിമാനം സമ്മതിക്കുന്നില്ല.

# പതിമൂന്ന്

ആരോടാണ് ഒന്ന് ഉള്ളുതുറന്ന് സംസാരിക്കുക. ആരുടെ മുമ്പിലാണ് തനിക്കൊന്ന് പൊട്ടിക്കരയാൻ സാധിക്കുക. ഒരു കാര്യം തീർച്ചയായിരിക്കുന്നു. പുതിയ മൂവി തന്നെപ്പോലെ നൂറുകണക്കിന് പെൺകുട്ടികളെ വിഴുങ്ങാൻ വലുപ്പമുള്ളതാണ്. അങ്ങിനെയുള്ള സിനിമകളിൽ നായിക കഴിഞ്ഞാൽ പിന്നെയുള്ള സ്ഥാനം വളരെ ചുവട്ടിലായിരിക്കും. സുനന്ദയെ അവൾക്ക് ഇപ്പോൾ മുഴുവൻ മനസ്സിലായിരിക്കുന്നു. താൻ ഉയർന്നു വരാൻ അവർ സമ്മതിക്കില്ല. താൻ ഒരു ഭീഷണിയാണെന്ന് അവർ മനസ്സിലാക്കിക്കഴിഞ്ഞു. അവർക്ക് ചൈനാനിയുടെ മേലുള്ള പിടി കാര്യങ്ങൾ എളുപ്പമാക്കുകയും ചെയ്യും. ചൈനാനി കനിഞ്ഞ് ഒരുമാതിരി നല്ല റോൾ തനിക്കു തരികയാണെങ്കിൽത്തന്നെ അതു തന്നിൽനിന്ന് തട്ടിപ്പറിച്ച് മറ്റേതെങ്കിലും നടിക്ക് കൊടുത്തുവെന്നു വരും. രണ്ടാം നിരയിൽ നടികൾക്ക് പഞ്ഞമൊന്നുമില്ല. ഇങ്ങിനെയൊരു മെഗാമൂവിയിൽ ഒന്നാം തരം നടികൾതന്നെ രണ്ടാംതരം റോൾ എടുക്കാൻ തയ്യാറാവും. കാരണം അവർക്ക് ഒരു സാധാരണ മൂവിയിൽ നായികയായി അഭിനയിച്ചാൽ കിട്ടുന്നതിനേക്കാൾ പ്രതിഫലം ഇതിൽനിന്ന് കിട്ടും.

താൻ എന്താണ് ചെയ്യേണ്ടതു? ഇങ്ങിനെയൊരു നിസ്സഹായത ജീവിതത്തിലുണ്ടായിട്ടില്ല. പ്രശ്നങ്ങൾ ഉണ്ടാവുമ്പോഴെല്ലാം ആരെങ്കിലും ആശ്വസിപ്പിക്കാൻ വന്നിരുന്നു. ഇപ്പോൾ താൻ അവരിൽനിന്നെല്ലാം അകന്നിരിക്കയാണ്. ഈ പ്രശ്നവും കൊണ്ട് അവരുടെയാരുടെ അടുത്തും ചെല്ലാൻ അവൾ തയ്യാറുമല്ല. തന്റെ പ്രതിച്ഛായ വളരെ പ്രധാനമാണ്. ഈ പ്രശ്നം പരിഹരിച്ചാലും തനിക്കൊരു ഭാവിയുണ്ട്. അന്ന് അവരാരും പറയരുത്. ‘കണ്ടില്ലേ...’

ഒരു മാതിരി വിജനമായ തെരുവുകളിലൂടെ അവൾ കാറോടിച്ചു കൊണ്ട് പോയി. ഇടയ്ക്കിടക്ക് മുമ്പിൽ വന്നുപെടുന്ന കടൽ അവളെ ആശ്വസിപ്പിച്ചില്ല. കടലിനെപ്പറ്റി വിനോദ് ചന്ദാനി പറഞ്ഞത് അവൾ ഓർത്തു. അവൾ എന്തുകൊണ്ടോ വിനോദിനെ വെറുത്തു. തന്നെ സഹായിക്കാൻ, താൻ വീണു കിടക്കുമ്പോൾ എഴുന്നേൽപ്പിക്കാൻ അയാളുണ്ടാവില്ലെന്ന് അവൾക്ക് ഉറപ്പായി. അയാൾ തന്നെ ഉപയോഗിക്കുക മാത്രമാണ് ചെയ്തത്. സിനിമയിൽ കടന്നുകൂടാനുള്ള തന്റെ വ്യഗ്രതയെ വൃത്തികെട്ട നിലയിൽ ചൂഷണം ചെയ്യുക. അതുകഴിഞ്ഞ് തന്റെ ഒപ്പം നിൽക്കുകയാണെങ്കിൽ ശരി. അങ്ങിനെയല്ല സംഭവിക്കുന്നത്. അര മണിക്കൂർ ഡ്രൈവ് ചെയ്ത ശേഷം അവൾ എത്തിയത് സുനിൽ താമസിക്കുന്ന എട്ടുനില കെട്ടിടത്തിന്റെ പാർക്കിങ് ലോട്ടിലാണെന്നത് അവളെ അദ്ഭുതപ്പെടുത്തിയില്ല. അവളുടെ മനസ്സിലെവിടേയോ ഒരഭയകേന്ദ്രമായി ആ കെട്ടിടവും ഏഴാം നിലയിലെ ഫ്ളാറ്റുമുണ്ടായിരുന്നു.

ഹസിം ആണ് വാതിൽ തുറന്നത്. അയാൾ സാധാരണമട്ടിൽ അതിഭവ്യതയോടെ അവളെ സ്വീകരണമുറിയിലേയ്ക്ക് ആനയിച്ചു. ‘ആയിയേ അപർണ്ണാജീ... ചാ പീയേഗാ, നാ കുച്ച് ടണ്ഡാ...’

‘ഒന്നും വേണ്ട.’

സുനിൽ പുറത്തുവന്നു. അയാൾ ഉറങ്ങുകയായിരുന്നു. അല്ലെങ്കിൽ വെറുതെ കിടക്കുകമാത്രം. അയാളുടെ മുഖം തീരെ പ്രസന്നമല്ല. അപർണ്ണയിരിക്കുന്ന സോഫയുടെ മറ്റെ അറ്റത്ത് വന്നിരുന്ന് അയാൾ അവളെ നോക്കി.

‘നിന്നെ ഞാൻ ഇപ്പോൾ പ്രതീക്ഷിച്ചില്ല.’ സുനിൽ പറഞ്ഞു. ‘എന്താണ് ഫോൺ ചെയ്യാതിരുന്നതു?’

‘ഞാൻ ചൈനാനിയെ കണ്ടിരുന്നു...’ അപർണ്ണ പറഞ്ഞു.

‘നിതിൻ എന്തു പറഞ്ഞു?’

അവൾ പറയാൻ തുടങ്ങി. സുനന്ദയെ ചൈനാനിയുടെ ഓഫീസിൽ വച്ച് കണ്ടതു തൊട്ട് അവൾ പറഞ്ഞു. ഒന്നും ചോർന്നു പോകാതെ, വാക്കുകളിൽ ഒട്ടും ക്ഷോഭം പ്രകടമാകാതെ ശ്രമിച്ചു കൊണ്ട് അവൾ പറഞ്ഞുകൊണ്ടിരുന്നു. അതിനിടയ്ക്ക് ഹസിം രണ്ടു ഗ്ലാസ്സുകളിൽ തണുത്ത വെള്ളം കൊണ്ടു വന്ന് വെച്ചു.

‘സാബ് ഞാൻ മാർക്കറ്റിൽ പോക്വാണ്. കാറെടുക്കട്ടെ?’

സുനിൽ തലയാട്ടി. ഹസിം ഷോകേസിന്മേൽ വച്ച താക്കോലെടുത്ത് പുറത്തേയ്ക്കു പോയി. വാതിലടഞ്ഞപ്പോൾ സുനിൽ ചോദിച്ചു.

‘എന്നിട്ട്?...’

അപർണ്ണ ഗ്ലാസ്സിലെ വെള്ളമെടുത്ത് കുടിച്ചു. അവളുടെ തൊണ്ട വികാരക്ഷോഭംമൂലം വരണ്ടു പോയിരുന്നു.

‘ഞാനിനി എന്താണ് ചെയ്യേണ്ടതു?’ അവൾ ചോദിച്ചു.

‘തൽക്കാലം ഒന്നും ചെയ്യേണ്ട. കാര്യങ്ങൾ എങ്ങിനെ നീങ്ങുന്നുവെന്ന് നോക്കാം.’ സുനിൽ പറഞ്ഞു. ‘ചൈനാനി പുതിയ മൂവിയിൽ നിനക്ക് ചാൻസ് തരുമെന്നത് ഉറപ്പാണ്. ചൈനാനി അറിയാതെ സുനന്ദയെ കൈകാര്യം ചെയ്യേണ്ടതെങ്ങിനെയാണെന്ന് നമുക്ക് നോക്കാം. എന്തായാലും ഇനിതൊട്ട് നീ പത്രങ്ങൾക്കൊന്നും ഇന്റർവ്യൂ കൊടുക്കണ്ട. ആരോടും ഇതിനെപ്പറ്റി സംസാരിക്കുകയും വേണ്ട. സമാധാനമായി പോകൂ.’

അവൾ എഴുന്നേറ്റു. സുനിൽ എഴുന്നേറ്റ് വന്ന് അവളുടെ കൈകൾ ഗ്രഹിച്ചുകൊണ്ട് വീണ്ടും പറഞ്ഞു.

‘സമാധാനമായി പോകൂ.’

# പതിനാല്

സിക്സ്ത്ത് റോഡിന്റെ തിരിവിൽ വച്ചാണ് ഒരു അംബാസ്സഡർ കാർ അവൾക്കെതിരായി വന്നത്. അവൾ പെട്ടെന്ന് വെട്ടിച്ചതു കൊണ്ട് അപകടം ഒഴിവായി. അവൾ ബ്രേയ്ക്കിട്ടു നിർത്തി. അംബാസ്സഡർ കാറും നിർത്തി അതിൽ നിന്ന് രണ്ടു ചെറുപ്പക്കാർ ഇറങ്ങിവന്നു.

'ങാ ഇത് അപർണ്ണാജിയല്ലേ?' അവരിലൊരാൾ പറഞ്ഞു. 'സോ സോറി.'

'ഞങ്ങൾ അപർണ്ണാജിയെ അന്വേഷിച്ച വരികയായിരുന്നു.' മറ്റെയാൾ പറഞ്ഞു.

'എന്തിന്?'

'ചൈനാനി സാബ് കാണണമെന്നു പറഞ്ഞു. ഞങ്ങൾ വീട്ടിൽ പോയി. അവിടെയില്ലെന്നു കണ്ടപ്പോഴാണ് ഇങ്ങോട്ടു വന്നത്.'

'ഞാൻ പൊയ്ക്കോളാം.' അപർണ്ണ പറഞ്ഞു.

'അപർണ്ണാജിയ്ക്ക് സ്റ്റുഡിയോ എവിടെയാണെന്നറിയാമോ?'

'അറിയാം, ഓഫീസിന്റെ അടുത്ത ഗെയ്റ്റല്ലെ?'

'അവിടെയല്ല. സാബിന്റെ ഓപനെയർ സ്റ്റുഡിയോ ഉണ്ട് അന്ധേരിയിൽ.'

'എനിക്കറിയില്ല.'

'ഞങ്ങളുടെ പിന്നാലെ വന്നാൽ മതി.'

'ശരി.'

അവർ കാറിൽ കയറി ഓടിക്കാൻ തുടങ്ങി. ഒരു വെളുത്ത അംബാസഡർ. അവൾ അതിന്റെ നമ്പർ ഹൃദിസ്ഥമാക്കി. അഥവാ പെട്ടെന്ന് കാറുകൾക്കിടയിൽ നഷ്ടപ്പെട്ടുപോയാലോ. എന്താണ് ചൈനാനി പെട്ടെന്ന് തന്നെ വിളിപ്പിക്കാൻ കാരണമെന്നായിരുന്നു അവൾ ആലോചിച്ചു കൊണ്ടിരുന്നത്. അദ്ദേഹത്തിന് മനംമാറ്റമുണ്ടായോ. എല്ലാം കഴിഞ്ഞു തനിക്കുതന്നെ നായികസ്ഥാനം തരുവാൻ തീർച്ചയാക്കിയോ? മുമ്പിലെ കാറിൽ യാത്രചെയ്യുന്നവരെ അവൾ ഇതുവരെ കണ്ടിട്ടില്ല. അഥവാ ഷൂട്ടിങ്ങിന്റെ സമയത്ത് കണ്ടിട്ടുണ്ടെങ്കിൽത്തന്നെ ശ്രദ്ധിച്ചിട്ടില്ല. പക്ഷേ, അവർക്ക് തന്നെ പരിചയമാണെന്നു വന്നല്ലോ.

അപർണ്ണയ്ക്ക് സ്റ്റുഡിയോവിലെത്താൻ ധൃതിയായി. മുമ്പിൽപ്പോകുന്ന കാറിനെ മാത്രം ശ്രദ്ധിച്ച് അവൾ കാറോടിച്ചു. മുമ്പിലെ കാർ ഒരു ഇടനിരത്തിലേയ്ക്ക് തിരിഞ്ഞു പിന്നാലെ അവളും. ഒരു ഫാക്ടറിയുടേതെന്നു തോന്നിക്കുന്ന കെട്ടിടത്തിന്റെ മുമ്പിൽ അവർ കാർ നിർത്തി. അവളും കാർ നിർത്തി തല പുറത്തേയ്ക്കിട്ട് അവരെ നോക്കി. അവർ കാറിൽ നിന്നിറങ്ങി അവളുടെ അടുത്തേയ്ക്കു വന്നു.

'അപർണ്ണാജി, ഈ ഗെയ്റ്റിൽക്കൂടി പോയാൽ എളുപ്പമാണ്. മറ്റത് വളരെ ചുറ്റണം. ഒരു രണ്ടു മിനുറ്റ് നടത്തം മാത്രം.'

അവൾക്ക് പെട്ടെന്ന് എന്തോ വിശ്വാസക്കേട് തോന്നി. ഒരു ചെറിയ ഗെയ്റ്റ്. ഇതു ചൈനാനിയുടെ സ്റ്റുഡിയോവിലേയ്ക്കുള്ള വഴിയാവാൻ വയ്യ. എളുപ്പവഴിയെന്നല്ലേ പറഞ്ഞത്. എന്തായാലും പോയി നോക്കാം. അവൾ പുറത്തു കടന്ന് കാറിന്റെ വാതിലടച്ച് ലോക്ക് ചെയ്തു അവരുടെ ഒപ്പം നടന്നു. അവർ ഗെയ്റ്റു കടക്കുമ്പോൾ മറ്റൊരു കാർ അവളുടെ കാറിന്റെ പിന്നിൽ നിർത്തുന്നതവൾ കണ്ടു. അതിലും രണ്ടുപേരുണ്ടായിരുന്നു. അവരും സ്റ്റുഡിയോവിലേയ്ക്ക് എളുപ്പവഴിക്ക് വന്നതായിരിക്കണം. അവൾ വേഗം നടന്നു.

കെട്ടിടത്തിന്റെ മുമ്പിലെത്തിയപ്പോഴാണ് അവരുടെ സ്വഭാവം മാറിയത്. അവർ അവളുടെ വളരെ അടുത്തുവന്ന് പറഞ്ഞു.

'വരൂ നമുക്കകത്തേയ്ക്കു പോകാം.'

'ഇതാണോ സ്റ്റുഡിയോ?' ഉപയോഗിക്കാതെ ഉപേക്ഷിച്ചിട്ട ഒരു ഫാക്ടറി കെട്ടിടം. നിറയെ പൊടി, മുറ്റത്തും വരാന്തയിലും ചുറ്റുമുള്ള മരങ്ങളുടെ ഇലകൾ അടിഞ്ഞുകൂടിയിരിക്കുന്നു.

'അതെ ഇതുതന്നെ.' അവളുടെ കൈപിടിച്ചുകൊണ്ട് അതിലൊരുത്തൻ പറഞ്ഞു. അവൾ കുതറി രക്ഷപ്പെടാൻ നോക്കി. പക്ഷേ, രണ്ടുപേരും കൂടി അവളെ മുറുകെ പിടിച്ചിരുന്നു. ഒരുത്തൻ അവളുടെ വാ പൊത്തുകയും ചെയ്തു. പിന്നിലുള്ള കാറിലെ രണ്ടു പേരും അടുത്തെത്തിയിരുന്നു. നാലുപേർ കൂടി അവളെ താങ്ങിയെടുത്ത് ഒരു വശത്തുള്ള മുറിയിലേയ്ക്ക് പൊക്കിക്കൊണ്ടു പോയി.

# പതിനഞ്ച്

ബോധം വന്നപ്പോൾ അവൾ ഒരാശുപത്രി മുറിയിലായിരുന്നു. എന്താണുണ്ടായതെന്ന് മനസ്സിലാവാൻ അവൾക്ക് ഏതാനും നിമിഷങ്ങൾ എടുത്തു. പെട്ടെന്നവൾ ഭയന്നു നിലവിളിക്കാൻ തുടങ്ങി. ഒരു നഴ്സ് അകത്തേയ്ക്കു വന്നു. അവൾ അപർണ്ണയുടെ നെറ്റി തലോടി.

'സാരമില്ല. ഇപ്പോൾ ആരുമില്ല. സമാധാനമായി കിടക്കു...'

'ഞാനെവിടെയാണ്?'

'ഒരു നഴ്സിങ്ഹോമാണ്. നിങ്ങളുടെ ആൾക്കാരെ വിവരമറിയിച്ചിട്ടില്ല. ഫോൺ നമ്പർ തന്നാൽ വിളിച്ചുപറയാം. അല്ലെങ്കിൽ നിങ്ങൾക്കുതന്നെ സംസാരിക്കാം.'

'ആരാണെന്നെ ഇങ്ങോട്ടു കൊണ്ടുവന്നതു?'

'ഒരു വാച്ച്മാനാണ്. നിങ്ങളുടെ നിലവിളി കേട്ട് ഓടിച്ചെന്നതാണ്. യുവാർ ആൾറൈറ്റ് നൗ.'

ഒരു കാക്കിക്കുപ്പായക്കാരൻ ഓടിവരുന്നതു കണ്ടിരുന്നു. അതോടെ നാലുപേരും സ്ഥലം വിടുകയും ചെയ്തു. അപ്പോഴേയ്ക്കും അവൾ അബോധാവസ്ഥയിലെത്തിയിരുന്നു.

'എനിക്കൊരു ഫോൺ തരാമോ. ഞാൻ വിളിക്കാം.'

'ശരി.' നഴ്സ് പുറത്തേയ്ക്കുപോയി, ഉടനെത്തന്നെ ഒരു ഫോണുമായി തിരിച്ചുവന്നു. പ്ലഗ്ഗ് ചുമരിലെ സോക്കറ്റിൽ കുത്തിയശേഷം അവൾ ഫോൺ അപർണ്ണയ്ക്കു കൊടുത്തു.

ആരെ വിളിക്കും. അങ്കിളിനെ വിളിക്കാൻ വയ്യ. പിന്നെ ആരാണുള്ളത്. ആരുമില്ല. ആരെയും അറിയിക്കേണ്ട. ഈ നാണക്കേട് തന്നിൽത്തന്നെ ഒടുങ്ങട്ടെ. പക്ഷേ, നഴ്സിങ്ഹോമിൽ നിന്നു പുറത്തു കടക്കണമെങ്കിൽ അവരുടെ ബിൽ കൊടുക്കേണ്ടിവരും. തനിക്ക് ആരെയെങ്കിലും അറിയിക്കാതെ നിവൃത്തിയില്ല. അവൾ ഡയൽ ചെയ്യാൻ തുടങ്ങി.

ഫോണിന്റെ മറുവശത്തുനിന്ന് സുനിലിന്റെ ശബ്ദം കേട്ടു. അപർണ്ണയ്ക്ക് സംസാരിക്കാൻ കഴിഞ്ഞില്ല. അവൾ തേങ്ങിത്തേങ്ങിക്കരയുകയാണ്.

'എന്തുപറ്റി മോളെ, എന്താണുണ്ടായതു? വല്ല അപകടവുമുണ്ടായോ? നീയെവിടെയാണ്...'

'ഞാനിവിടെ ഒരു നഴ്സിങ്ഹോമിലാണ്. ഒന്ന് വരു, ഉടനെ... പേരോ? ഒരു മിനിറ്റ്.' അവൾ നഴ്സിനോട് ചോദിച്ച ശേഷം തുടർന്നു. 'ചോപ്രാ നഴ്സിങ് ഹോം. അന്തേരിയിലാണ്. ഒന്ന് വേഗം വരു. എന്നെ സഹായിക്കു.'

'നീയൊന്ന് പരിഭ്രമിക്കാതിരിക്കു. എനിക്കറിയാം. ഡോ. അരുൺ ചോപ്രയുടെതാണ്. ഞാൻ അടുത്തറിയുന്ന ആളാണ്. ഞാനിപ്പോൾത്തന്നെ അവിടെ എത്താം.'

സുനിൽ വന്നതു് ഡോ. ചോപ്രയുടെ ഒപ്പമാണ്. അയാൾ അടുത്ത് വന്ന് അവളുടെ തലമുടി തടവി.

'സാരമില്ല മോളെ. സബ്ബ് ഠീക് ഹോജായെഗാ.' തിരിഞ്ഞു് ഡോക്ടറോട്ട് അയാൾ പറഞ്ഞു. 'ഞാൻ ഒറ്റയ്ക്ക് ഇവളോട്ട് സംസാരിക്കട്ടെ.'

'ഷീയീസ് സ്റ്റിൽ ഇൻ ട്രോമ.' ഡോക്ടർ പറഞ്ഞു. 'ബീ കേർഫുൾ.'

ഡോക്ടർ പോയി. സുനിൽ നഴ്സിനെ നോക്കി. അവരും പോയി. അയാൾ കട്ടിലിന്നടുത്തിട്ട കസേലയിൽ ഇരുന്നു. അപർണ്ണയുടെ കണ്ണ് നിറഞ്ഞൊഴുകുകയായിരുന്നു. സുനിൽ അവളുടെ കൈപിടിച്ച് വാത്സല്യത്തോടെ തടവി. 'കമോൺ അപർണ്ണ, നിനക്ക് ഇതിലധികം ധൈര്യമുണ്ട്.

സാവധാനത്തിൽ, വളരെ സാവധാനത്തിൽ അയാൾ എന്താണ് നടന്നതെന്ന് അപർണ്ണയോട്ട് ചോദിച്ചു മനസ്സിലാക്കി. അംബാസിഡർ കാറിന്റെ നമ്പർ അവൾക്ക് ഓർമ്മയുണ്ടായിരുന്നു. അവളെ ഉപദ്രവിച്ച നാലു പേരുടെ മുഖഛായയും. സുനിലിന്റെ മുഖം ഭീകരമാകുന്നതു് അപർണ്ണ കണ്ടു.

'ദേ വിൽ പേ ഫോറിറ്റ്.' അയാൾ പല്ലു കടിച്ചുകൊണ്ട് പറഞ്ഞു.

'നമുക്ക് നാളെ പോകാം.' സുനിൽ പറഞ്ഞു. 'നാളേയ്ക്കേ നീ നോർമലാവൂ എന്നാണ് ഡോക്ടർ പറയുന്നതു്. പിന്നെ ഒരു കാര്യം നമ്മൾ ഇതൊന്നും പുറത്താക്കുന്നില്ല. എന്തോ ഭാഗ്യത്തിനാണ് നിന്നെ ഇവിടെത്തന്നെ കൊണ്ടുവന്നതു്. നിന്നെ ഉപദ്രവിച്ചവരുടെ കാര്യം ഞാൻ നോക്കിക്കൊള്ളാം.'

അയാൾ എഴുന്നേറ്റു, കുമ്പിട്ടുകൊണ്ട് അവളുടെ നെറ്റിമേൽ ചുംബിച്ചു.

'ഞാൻ നാളെ വരാം.'

അയാൾ പോയി. അങ്കിളിനോട്ട് എന്താണ് പറയുകയെന്ന് അവൾ ആലോചിച്ചു. രണ്ടു ദിവസം മുമ്പുമാത്രം ഒരു രാത്രി വീട്ടിൽ നിന്ന് വിട്ടുനിന്നു. ഇപ്പോൾ ഇതാ വീണ്ടും. അങ്ങിനെയൊരു കീഴ്‌വഴക്കമുണ്ടാക്കിയിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. അതുകൊണ്ട് രാത്രിക്കുള്ളിൽത്തന്നെ അവൾക്ക് വീട്ടിൽ തിരിച്ചെത്തണമെന്നുണ്ട്. അവൾ സുനിലിനെ തിരിച്ചുവിളിച്ചു.

'ഞാൻ ഇന്നു വൈകുന്നേരംതന്നെ വീട്ടിൽ പോട്ടെ? നാളെ വരാം.'

സുനിൽ ഒരു നിമിഷം ആലോചിച്ചു. 'ശരി, ഞാൻ ഡോക്ടറോട്ട് ചോദിക്കട്ടെ. പിന്നെ കാറിന്റെ താക്കോൽ തരു. ഞാനതു് നഴ്സിങ് ഹോമിലേയ്ക്കു കൊണ്ടുവരാം.'

സുനിൽ മേശപ്പുറത്തിരിക്കുന്ന ഹാന്റ്ബാഗ് തുറന്നു താക്കോലെടുത്തു പുറത്തുപോയി.

അഞ്ചു മിനിറ്റുകഴിഞ്ഞു് തിരിച്ചു വന്ന് അയാൾ പറഞ്ഞു. 'ശരി. നമുക്ക് വൈകുന്നേരം പോകാം. ഞാൻ ഒരു ആറു മണിക്ക് വരാം.'

അവൾ ആശ്വസിച്ചു. സുനിലിനോട്ട് എങ്ങിനെയാണ് നന്ദി പറയേണ്ടതെന്ന് അവൾക്കറിയില്ലായിരുന്നു. ആ മനുഷ്യൻ എന്തിനാണ് തനിക്കു വേണ്ടി കഷ്ടപ്പെടുന്നതു്. ഡോക്ടർ ഉറങ്ങാനുള്ള മരുന്ന് തന്നിട്ടുണ്ടെന്നു തോന്നുന്നു. അവൾ മയക്കത്തിലായി.

വാച്ച്മാൻ ഗെയ്റ്റിന്നരികെ നിൽക്കുന്നുണ്ടായിരുന്നു. സുനിൽ തന്റെ ഹെരാൾഡ് അപർണ്ണയുടെ കാറിനു പിന്നിൽ നിർത്തി, അയാൾക്കു നേരെ നടന്നു. വാച്ച്മാൻ കുറച്ചു പരിഭ്രമിച്ചതായി തോന്നി.

'സാബ്?...'

'നിങ്ങളാണോ ആ പെൺകുട്ടിയെ രക്ഷിച്ചതു?'

'അതേ സാബ്...' അയാൾ സംശയിച്ചുകൊണ്ട് പറഞ്ഞു.

'നല്ല കാര്യമാണ് ചെയ്തതു്. അവൾ എന്റെ കുട്ടിയാണ്. അവർ പിന്നീട് വന്നുവോ?'

'ഇല്ല സാബ്. അവർ വരുമെന്ന് തോന്നുന്നില്ല.'

'ശരി, എന്തായാലും ഇതിരിക്കട്ടെ.' സുനിൽ കീശയിൽനിന്ന് നൂറിന്റെ രണ്ടു നോട്ടുകൾ എടുത്ത് അയാളുടെ കൈയിൽ വച്ചു കൊടുത്തു. 'മറ്റൊരു കാര്യം. ഇങ്ങിനെയൊരു സംഭവം ഇവിടെ നടന്നിട്ടില്ല. മനസ്സിലായോ?'

'ശരി സാബ്.'

'നിങ്ങൾക്ക് ഡ്രൈവിങ് അറിയാമോ?'

'അറിയാം സാബ്.'

'എങ്കിൽ ഈ കാറ് നഴ്സിങ്ഹോമിന്റെ പാർക്കിങ് ലോട്ടിൽ കൊണ്ടു പോയി ഇടണം. ഞാൻ ഒപ്പം വരാം.' അയാൾ കാറിന്റെ താക്കോൽ വാച്ച്മാന് കൊടുത്തു.

ഫ്‌ളാറ്റിലെത്തിയ ഉടനെ സുനിൽ ചെയ്തതു് ഹസീമിനെ ബീയർ വാങ്ങാനായി പറഞ്ഞയക്കുകയായിരുന്നു. പിന്നെ ഫോണെടുത്തു കറക്കി. ഒന്ന് കുളിക്കണം. രണ്ടു കുപ്പി ബീയർ കുടിച്ച് ഭക്ഷണം കഴിച്ച് നന്നായി ഉറങ്ങണം. അതുകഴിഞ്ഞു് വൈകുന്നേരം അപർണ്ണയെ കൂട്ടാൻ അന്തേരിക്ക് പോകണം.

'ഹലോ... ഇതു് സുനിലാണ്. അതെ, നിന്നെ ഒന്ന് കാണണം... അതെ അത്യാവശ്യമാണ്. ഒരു കാര്യം പറയാനാണ്... എനിക്ക് വളരെ വേണ്ടപ്പെട്ട ഒരു കുട്ടിയെ നാലുപേർ കൂടി നശിപ്പിച്ചു. ആരൊക്കെയാണെന്നു മനസ്സിലായോ... അതെ അവർ തന്നെ. ഞാനങ്ങോട്ടു് വരാം. അല്ലെങ്കിൽ വേറെ എവിടെയെങ്കിലും വച്ച്... എവിടെ?... മൈ ഗുഡ്നെസ്സ്, അവിടെയോ? ഞാനൊരു ടാക്സിയിൽ വരാം... കാറെടുക്കുന്നില്ല... രാത്രി എട്ടിന്...'

സുനിൽ ഫോൺ വച്ച് കുളിക്കാനായി ബാത്ത്റൂമിൽ കയറി.

# പതിനാറ്

രണ്ടു ദിവസത്തിനുള്ളിൽ എന്തൊക്കെയാണ് സംഭവിച്ചതു? അപർണ്ണ ആലോചിച്ചു. ഒരു നൂറ്റിരുപതു കിലോമീറ്റർ വേഗത്തിൽ കാറോടിക്കുന്ന പോലെ. ഇത് ഭ്രാന്തു പിടിപ്പിക്കുന്ന വേഗമാണ്. എവിടെയൊക്കെ പോയി ഇടിക്കുമെന്നറിയില്ല. രാവിലെയുണ്ടായതു് അതിന്റെ ഒരു മുന്നോടി മാത്രമാണെന്നവൾക്കു തോന്നി. ഇനി ട്രാൻക്വിലൈസർ ഒന്നും തരേണ്ടെന്ന് അവൾ ഡോക്ടറോട് പറഞ്ഞു. വൈകുന്നേരമാകുമ്പോഴേയ്ക്കു് സാധാരണ മട്ടിലാവണം. മുഖത്തു് പറ്റിയ പോറൽ എന്തെങ്കിലും പറഞ്ഞു് അങ്കിളിനെ ബോധ്യപ്പെടുത്താം. പെട്ടെന്ന് ബ്രേയ്ക്കിടേണ്ടിവന്നുവെന്നൊ മറ്റോ. മനസ്സിലുള്ള പോറലിനോ. അതും വഴിയേ മാറിക്കൊള്ളും. സുനിലിന്റെ മുഖത്തു കണ്ട കടുത്ത ഭാവം അവളെ ഭയപ്പെടുത്തിയിരുന്നു. അയാൾ എന്തെങ്കിലും ചെയ്യുമെന്ന ഭയം. ചെയ്തിട്ടെന്താണ്. രാവിലെയുണ്ടായ സംഭവങ്ങൾ ഓർക്കുമ്പോൾത്തന്നെ അവൾക്കു ഭയം തോന്നുന്നു. മനുഷ്യർ ഇത്ര നീചമായി പെരുമാറുമോ. എല്ലാം നല്ല സുന്ദരന്മാർ. കല്യാണം കഴിക്കുമോ എന്നു ചോദിച്ചാൽ രണ്ടാമതൊന്ന് ആലോചിക്കാതെ മൂളാൻ പറ്റുന്നത്ര ഭംഗിയുള്ളവർ. പക്ഷേ, അവരുടെ മനസ്സിൽ ഇതൊക്കെയല്ലെ.

തന്റെ ഭ്രാന്താണ് ഇതിനൊക്കെ കാരണം. ചൈനാനി തനിയ്ക്കു് അവസരം തരുമെന്ന മോഹത്തിലാണ് അവരുടെ പിന്നാലെ പോയതു്. സാധാരണ നിലയിലാണെങ്കിൽ അവൾ ഒന്ന് ആലോചിച്ചേനെ. വഴിയിൽ വച്ച് കണ്ട രണ്ടുപേർ ചൈനാനി കാണാൻ ആവശ്യപ്പെടുന്നുണ്ടെന്നു പറയുമ്പോൾ അത് വിശ്വസിക്കുമായിരുന്നില്ല. വിശ്വസിച്ചാൽത്തന്നെ എവിടെയെങ്കിലും കയറി ഫോൺ ചെയ്തു് നിജസ്ഥിതി മനസ്സിലാക്കിയേനെ. അവർ സിനിമാലോകവുമായി വളരെ അടുത്ത ബന്ധമുള്ളവരായിരിക്കണം. എന്തായാലും ഇനി താൻ ശ്രദ്ധവെയ്ക്കും.

സുനിൽ ആറു മണിയ്ക്കു് എത്തി. അവൾ കഴിയുന്നതും സാധാരണ മട്ടിലാണെന്നു കാണിക്കാൻ ശ്രമം നടത്തി.

'നീ ഇപ്പോൾ നോർമലായിരിക്കുന്നുവല്ലോ.' സുനിൽ പറഞ്ഞു.

'യെസ്, ഷീയീസ്, പെർഫെക്റ്റ്ലി ആൾറൈറ്റ്.' ഡോക്ടർ പറഞ്ഞു. 'ഷി ക്യാൻ ഗോ ഹോം. നാളെ ഡ്രസ്സിങ്ങ് വേണം. ഒന്ന് വന്നു പൊയ്ക്കോട്ടെ. രണ്ടാഴ്ച കഴിഞ്ഞു് ടെസ്റ്റുകൾക്ക് വരണമെന്നു മാത്രം. അതു നിർബ്ബന്ധമാണ്. വരാതിരിക്കരുത്.' അദ്ദേഹം തിരിഞ്ഞു് നഴ്സിന് നിർദ്ദേശങ്ങൾ കൊടുത്തു.

പുറത്തു് സുനിലിന്റെ കാറു കണ്ടില്ല. അവൾ ചോദ്യത്തോടെ സുനിലിനെ നോക്കി.

'ഞാൻ ടാക്സിയിലാണ് വന്നതു്. നിനക്ക് കാറോടിക്കാൻ മാത്രം ശക്തി കിട്ടിയോ എന്നറിയില്ലല്ലോ.'

അയാൾ താക്കോലെടുത്തു് അവളുടെ കയ്യിൽ വച്ചുകൊടുത്തു, പിന്നെ മറുവശത്തുപോയി, അപർണ്ണ വാതിൽ തുറക്കുന്നതും കാത്തുനിന്നു.

കാർ സ്റ്റാർട്ടാക്കി നീങ്ങിയപ്പോൾ അവൾ ചോദിച്ചു.

'ഇവിടെ ബിൽ എത്ര വന്നു? ഞാൻ തരാം.'

'നീ അതൊന്നും അറിയണ്ട ആവശ്യമില്ല.'

അവൾ ഭംഗിയായി കാറോടിക്കുന്നതു കണ്ടപ്പോൾ സുനിൽ പറഞ്ഞു.

'നിനക്ക് പ്രശ്നമൊന്നുമില്ലല്ലോ.'

അവൾ ചോദ്യപൂർവ്വം അയാളെ നോക്കി.

'എന്നെ പാർളെ സ്റ്റേഷനിൽ വിട്ടാൽ മതി. എനിക്കൊരിടത്തു പോകാനുണ്ട്. നീ ഒറ്റയ്ക്കു പൊയ്ക്കൊള്ളുമെന്ന് ഉറപ്പല്ലേ.'

'യെസ് സേർ.'

സമയം ഏഴുമണിയായിട്ടേയുള്ളു. എട്ടു മണിയ്ക്കേ ബൈഖലയിൽ എത്തേണ്ടു. ധാരാളം സമയമുണ്ട്. പിന്നെ ടാക്സിയിൽ പോകുന്നതെല്ലാം ഓരോ തെളിവുകളായിരിക്കും. ജാക്സനെ കാണാൻ പോകുമ്പോൾ അങ്ങിനെ ചില മുൻകരുതലുകൾ ആവശ്യമാണ്.

'എന്നെ ഇവിടെ വിട്ടാൽ മതി. നീ നേരെ പൊയ്ക്കോ.' അയാൾ പറഞ്ഞു. അപർണ്ണ കാർ നിർത്തി. സുനിൽ അവളുടെ കൈപിടിച്ചമർത്തി. 'എല്ലാം ശരിയാവും, എല്ലാം.' അയാൾ കാറിൽനിന്നിറങ്ങി.

പാർളെ സ്റ്റേഷനിലേയ്ക്കു നടക്കുമ്പോൾ അയാൾ ആലോചിച്ചു. താൻ വിചാരിച്ചതിലും നേരത്തെ അപർണ്ണ വീണ്ടെടുത്തിരിക്കുന്നു. അവളുടെ ഇച്ഛാശക്തിയെയാണതു് കാണിക്കുന്നതു്.

അയാൾ വില്ലെ പാർളെയിൽ നിന്ന് ട്രെയിനിൽ ബാന്ദ്രയിലെത്തി. അവിടെനിന്ന് ഹാർബർ ലൈനിലേയ്ക്കു് മാറി. ഹാർബർ ട്രെയ്ൻ പോകാൻ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു.

വീതി കൂടിയ നിരത്തിൽനിന്ന് വീതി കുറഞ്ഞ നിരത്തിലേയ്ക്കു്, വീണ്ടും വീതി കുറഞ്ഞ നിരത്തു്. വീണ്ടും ഇടവഴികൾ, ഒരു സ്കൂട്ടറിനു പോലും പോകാൻ പറ്റാത്ത വഴികൾ. ഒരുത്തൻ അടുത്തുവന്നു കൊണ്ട് ചോദിച്ചു. 'സാബ്, അച്ഛാ മാൽ ഹെ.'

എന്തു മാൽ? മാൽ എന്നു പറഞ്ഞാൽ എന്തുമാകാം. പട്ടച്ചാരായം, കഞ്ചാവ്, പൊടി, അതുമല്ലെങ്കിൽ വേശ്യകൾ. അയാൾ പറഞ്ഞു. 'ഞാൻ വേറൊരു കാര്യത്തിന് വന്നതാണ്. ശുക്രിയാ.' നന്ദി പറഞ്ഞു കൊണ്ട് ഒഴിവാകുകയാണ് നല്ലതു്. സ്ഥലം മഹാ പിശകാണ്. ഒന്ന് ഉരഞ്ഞു് പറഞ്ഞാൽ മതി പിന്നെ കത്തികൊണ്ടുള്ള കളിയാവും. അവന്റെ ആൾക്കാരായിരിക്കും ചുറ്റുവട്ടവും. വല്ലാത്തൊരു സ്ഥലം.

ജാക്സൻ ജോയന്റിൽത്തന്നെയുണ്ടായിരുന്നു. സുനിലിനെ കണ്ടപ്പോൾ അയാൾ കുടി നിർത്തി മുറിക്കു പുറത്തേയ്ക്കു വന്നു. ജീൻസും നീല ഡെനിംതുണിയുടെ ജാക്കറ്റും വേഷം. മുകളിലെ രണ്ടു ബട്ടൺ തുറന്നിട്ടതിലൂടെ അയാളുടെ രോമനിബിഢമായ മാറും കഴുത്തിൽ തൂങ്ങിക്കിടക്കുന്ന സ്വർണ്ണമാലയും കാണാനുണ്ട്.

'ടെൽ മി, വാട്സ് യുവർ പ്രോബ്ലം?'

അയാൾ ഒരു ഗോവനായിരുന്നു. ജാക്സൻ ഡിസൂസ. മുപ്പത്തഞ്ചു വയസ്സു പ്രായം തോന്നും. കട്ടിമീശ, ഫ്രഞ്ചുതാടി.

'നമുക്കൊരു കാര്യം ചെയ്യാം ജാക്സൻ.' സുനിൽ പറഞ്ഞു. 'ഏതെങ്കിലും റെസ്റ്റോറണ്ടിൽ പോയിരുന്ന് സംസാരിക്കാം, അല്ലെങ്കിൽ ബാറിൽ.'

'ചലോ... റെസ്റ്റോറണ്ട് മേൻ ജായെഗാ.'

റെസ്റ്റോറണ്ടിൽ മേശക്കിരുവശത്തുമിരുന്ന് അവർ സംസാരിച്ചു.

'നിനക്ക് മനസ്സിലായോ ആരാണ് കക്ഷിയെന്ന്?'

'മനസ്സിലായെന്നോ? അവന്റെ പേരു് ഇവിടെ പറഞ്ഞു പോവരുതു്. കഴിഞ്ഞ പ്രാവശ്യം അവനെ വെറുതെ വിട്ടതു് നിങ്ങൾ പറഞ്ഞിട്ടാണ്. ഓർക്കുന്നുണ്ടോ.'

'ഓർക്കുന്നുണ്ട് ജാക്സൻ. എന്റെ തെറ്റാണ്. അപ്പോൾതന്നെ കൊടുക്കേണ്ടതായിരുന്നു.'

ഒരു പാവപ്പെട്ട മറാത്തി കുടുംബത്തിന്റെ താങ്ങായിരുന്നു അവൾ. ജാക്സനാണ് സുനിലിനോട്ട് അവൾക്ക് എന്തെങ്കിലും ജോലി കൊടുക്കാൻ പറഞ്ഞതു്. സിനിമയിൽ ഒരു എക്സ്ട്രയാക്കുകയും ചെയ്തു. വലിയ കുഴപ്പമില്ലാതെ പൊയ്ക്കൊണ്ടിരുന്നപ്പോഴാണ് അവർ...

അന്ന് ജാക്സനെ തണുപ്പിക്കാൻ വളരെ പാടുപെട്ടു. ഇനിയും ഇതു തുടരാൻ അനുവദിച്ചുകൂടാ.

'ഞാൻ എന്താണ് ചെയ്യേണ്ടതു്. കാച്ചിക്കളയട്ടെ? കതം കർദ്ദൂം?'

'രണ്ടുപേരെ കാച്ചിക്കോ. മറ്റു രണ്ടുപേരെ ഇനി അതു ചെയ്യാൻ പറ്റില്ലാത്ത വിധത്തിലാക്കിക്കോ.'

ജാക്സൻ ഒരു വഴുതിനങ്ങ നുറുക്കുന്നപോലെ ആംഗ്യം കാട്ടി. 'ഇതോ?'

'അതെ. ഇനിയവർ മറ്റൊരു പെൺകുട്ടിയെ നശിപ്പിക്കരുതു്.' സുനിൽ പറഞ്ഞു. 'ആട്ടെ എത്ര ചെലവു വരും?'

'സുനിൽ സാബ്...' സുനിലിന്റെ കൈയ്യിൽ അമർത്തിപ്പിടിച്ചു കൊണ്ട് ജാക്സൻ പറഞ്ഞു. 'അവനെ തട്ടാൻ എനിക്ക് പണം വേണ്ട. പക്ഷേ, എന്റെ പിള്ളാർക്ക് എന്തെങ്കിലും കൊടുക്കണം. അവരുടെ ബിസിനസ്സാണിതു്. ഒരു പത്തു് കരുതിക്കോ. എല്ലാം കഴിഞ്ഞിട്ടു കൊടുത്താൽ മതി.'

'ഞാനിനി രംഗത്തില്ല.' സുനിൽ പറഞ്ഞു.

'വേണ്ട, പോയ്ക്കോ. ഞാൻ ബിൽ കൊടുത്തു് പൊയ്ക്കോളാം.'

സുനിൽ എഴുന്നേറ്റു.

# പതിനേഴ്

രാവിലെ എഴുന്നേറ്റപ്പോൾ അപർണ്ണയ്ക്ക് ഉണർവ്വു തോന്നി. കാലുകൾക്കിടയിലെ വേദന അപ്പോഴുമുണ്ടായിരുന്നു. രാവിലെ നഴ്സിങ് ഹോമിൽ പോകണമെന്ന് അതവളെ ഓർമ്മിപ്പിച്ചു. ഇന്ന് ഷൂട്ടിങ്ങിനു പോകാൻ തോന്നിയില്ല. ബീച്ചിൽ മൂന്നാം ദിവസവും ഷൂട്ടിങ്ങുണ്ടാവുമെന്ന് അവൾക്കറിയാം. പെട്ടെന്ന് അവൾ ആ ഹെലിക്കോപ്ടർ അപകടം ഓർത്തു. പത്രത്തിൽ അതിന്റെ വിശദ വിവരങ്ങൾ ഉണ്ടായിരുന്നു. ബോട്ട് അടുത്തെത്തുമ്പോൾ ചാടാനായി തയ്യാറെടുത്തു നിന്ന നടന് ഹെലിക്കോപ്ടർ പെട്ടെന്ന് പൊന്തിയതു കാരണം പിടുത്തം വിടുകയാണുണ്ടായത്. അയാൾ മുറുകെ പിടിക്കാൻ ശ്രമിച്ചു. അത് കൂടുതൽ കുഴപ്പമുണ്ടാക്കി. അപ്പോൾത്തന്നെ പിടി വിട്ടിരുന്നെങ്കിൽ അധികം ഉയരമില്ലാത്തിടത്തുനിന്നു തന്നെ വീണേനെ. അത്ര അപകടമുണ്ടാക്കില്ലായിരുന്നു, കാരണം അടുത്തെത്തിയ ബോട്ടിലെ ആൾക്കാർക്ക് അയാളെ രക്ഷിക്കാൻ പറ്റുമായിരുന്നു. സാധു മനുഷ്യൻ. ദയനീയമായിട്ടുള്ളത് അയാളുടെ കുടുംബമാണ്. സ്ട്രെച്ചറിൽ ഭർത്താവിന്റെ മൃതദേഹത്തിന്നെതിരെയുള്ള ചുവരിന്നരികിൽ അയാളുടെ ഭാര്യ വീണുകിടന്നിരുന്നു. ആ പാവം സ്ത്രീ കരഞ്ഞുതളർന്ന് കിടക്കുകയായിരുന്നു.

എന്തൊരു ജീവിതം! സിനിമാലോകത്തേയ്ക്കു പ്രവേശിക്കുന്നതിനെപ്പറ്റി അപർണ്ണയ്ക്കു ആദ്യമായി വീണ്ടു വിചാരമുണ്ടായി. അതിനു മാത്രമൊക്കെയുണ്ടോ വെള്ളിത്തിരയിലെ ജീവിതം?

അവൾ പത്രമെടുത്ത് ആദ്യംതൊട്ട് അവസാനംവരെ വായിച്ചു. തനിക്കു പറ്റിയ അപകടത്തെപ്പറ്റി എങ്ങിനെയെങ്കിലും വാർത്ത പുറത്തു വന്നിട്ടുണ്ടോ എന്നറിയാൻ. ഇല്ല, ഒന്നും വന്നിട്ടില്ല. എന്തോ ഭാഗ്യത്തിന് അവളെ ആ നഴ്സിങ് ഹോമിൽ ആക്കി. എന്തൊക്കെയോ നന്മകൾ ഈ കലുഷാവസ്ഥയിലും തനിക്കനുകൂലമായി വർത്തിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേതാണ് സുനിൽ മൽഹോത്ര.

'ഫോണുണ്ട്... അപർണ്ണയ്ക്ക് ഫോണുണ്ട്.' ചുവട്ടിലെ നിലയിൽ നിന്ന് മിസ്സിസ്സ് പാണ്ഡേ വിളിച്ചു പറഞ്ഞു.

സുനിലായിരുന്നു.

'എങ്ങിനെയുണ്ട് അപർണ്ണാ ഇപ്പോൾ?'

'കുഴപ്പമില്ല.'

'ഇന്ന് നഴ്സിങ്ഹോമിൽ പോകണം. ഞാൻ ഒമ്പതു മണിക്ക് അവിടെ വരാം.'

'ഞാൻ ഒറ്റയ്ക്ക് പോയാൽപ്പോരെ?'

'എന്താ ഞാൻ വരുന്നതുകൊണ്ട് വല്ല കുഴപ്പവുമുണ്ടോ?'

'അല്ലാ, ഞാൻ സുനിലിനെ കുറേ ബുദ്ധിമുട്ടിക്കുന്നുണ്ട്.'

'പെണ്ണെ തമാശ പറയാതെ തയ്യാറായി നിന്നോ. കൃത്യം ഒമ്പതു മണിക്ക് ഞാൻ അവിടെ എത്തും. ഹോണടിക്കാനൊന്നും ഇടയാക്കണ്ട.'

'ശരി സർ.'

അവൾ പോകാനായി വാതിൽവരെ എത്തിയപ്പോൾ മിസ്സിസ്സ് പാണ്ഡേ ഓടി വന്നു.

'അപർണ്ണാ, ആജ് നാരിയേൽക്കാ ചട്ടിണി ബനായാ?'

'അറിയില്ല ആന്റി. ഉണ്ടെങ്കിൽ രേണുവിന്റെ കൈയിൽ കൊടുത്തയക്കാം.'

കോണി കയറുമ്പോൾ അവൾ ആലോചിച്ചു, താൻ ചെയ്യുന്ന ഫോണുകളുടെ ചാർജ് അവർ ഈടാക്കുന്നത് നാളികേരച്ചട്ടിണി ചോദിച്ചു വാങ്ങിയിട്ടാണെന്ന് തോന്നുന്നു.

അവൾ കുളിച്ചു പുറപ്പെടാൻ തുടങ്ങി.

ഹെരാൾഡിൽ യാത്ര ചെയ്യുന്നത് ഒരു വിചിത്രാനുഭവമാണ്. നിങ്ങൾ ഒരു ബൈക്കിലാണ് പോകുന്നതെന്ന പ്രതീതിയുണ്ടാവും. ഇടയ്ക്ക് വല്ല കുഴിയിലും ചാടി തല മുകളിലടിക്കുമ്പോഴാണ് കാറിലാണെന്നു മനസ്സിലാവുക. അപർണ്ണ പറഞ്ഞു.

'സുനിലിന് ഒരു നല്ല കാർ വാങ്ങിക്കൂടെ?'

അയാൾ അവളെ നോക്കി ചിരിച്ചു.

'നിനക്കൊരു കാര്യം അറിയാമോ?'

'ങും?'

'എനിക്ക് ചെയ്യാമായിരുന്ന കാര്യങ്ങൾ എന്തൊക്കെയുണ്ടായിരുന്നു. അതൊന്നും ചെയ്തില്ല. എനിക്കു വയസ്സ് മുപ്പത്തിരണ്ടായി. കല്യാണം കഴിച്ചില്ല. ഞാനൊരു നടനാണ്. പക്ഷേ, ഇതുവരെ ഒരു സിനിമയിൽ നായകന്റെ വേഷ മണിഞ്ഞിട്ടില്ല. എന്റെ കയ്യിൽക്കൂടി ലക്ഷങ്ങൾ കടന്നു പോയിട്ടുണ്ട്. വില്ലെപാർളെയിൽ ഒരു ബങ്ക്ളാവ് വാങ്ങുന്നതിനെപ്പറ്റി ഞാൻ ആലോചിച്ചിട്ടില്ല. നഷ്ടപ്പെടുത്തിയ അവസരങ്ങളുടെ ഒരു ആൽബമാണ് എന്റെ ജീവിതം. അല്ലെങ്കിൽ ഇതിലൊക്കെ എന്തിരിക്കുന്നു.'

'നിങ്ങൾ ഒരദ്ഭുതമനുഷ്യനാണ്.' അപർണ്ണ പറഞ്ഞു.

അവർ നഴ്സിങ്ഹോമിലെത്തിയിരുന്നു. ഡോക്ടറുണ്ടായിരുന്നില്ല. നഴ്സ് അവളെ ഉള്ളിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി. അയാൾ പോക്കറ്റിൽ നിന്ന് ഒരു സിഗരറ്റെടുത്ത് ചുണ്ടിൽവച്ചു, പിന്നെ അതു വേണ്ടെന്നു തീരുമാനിച്ച് തിരിച്ച് കൂട്ടിൽത്തന്നെയിട്ടു.

നഴ്സ് വന്ന് അയാളോടു പറഞ്ഞു. 'രണ്ടാഴ്ച കഴിഞ്ഞു വരണം. ഒന്നുരണ്ട് ടെസ്റ്റുകൾ നടത്തണം. അത് ഇപ്പോൾ നടത്തിയതു കൊണ്ട് കാര്യമില്ല.'

'എന്തു ടെസ്റ്റ്?'

'ഇങ്ങിനെയുള്ള കേസുകളിൽ അതാവശ്യമാണ്.'

സുനിലിനു മനസ്സിലായി. ആറു മാസം മുമ്പ് അയാൾക്ക് ഒരനുഭവമുണ്ടായിട്ടുണ്ട്. ആ മറാത്തി കുട്ടിയുടെ കാര്യ ത്തിൽ. പക്ഷേ, ടെസ്റ്റുകൾ നടത്തേണ്ടി വന്നില്ല. അതിനുമുമ്പ് അവൾ എന്നെന്നേയ്ക്കുമായി യാത്രയായി. മോർച്ചറിയിൽ അവളുടെ ശവശരീരം കിടക്കുന്നത് ഓർമ്മ വന്നപ്പോൾ അയാൾ പല്ലിറുമ്മി.

കാറിൽ കയറുമ്പോൾ അയാൾ ചോദിച്ചു. 'എന്താണ് നിന്റെ പരിപാടി?'

'ഇന്നോ?'

'അതെ. വേറെ പരിപാടിയൊന്നും ഇട്ടിട്ടില്ലെങ്കിൽ നമുക്ക് ലഞ്ചിനു പോകാം. നിനക്ക് കുറച്ചൊരു റിലാക്സേഷൻ കിട്ടും.'

'അത് എവിടേയ്ക്കു ക്ഷണിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും.'

'എന്താണ് വേണ്ടതു? ചൈനീസ് ഓർ കോൺടിനെന്റൽ.'

'ചൈനീസ് മതി.'

'എങ്കിൽ നമുക്ക് ഫ്ളോറയിൽ പോകാം.'

അവൾ ഫ്ളോറയിൽ പോയിട്ടുണ്ടായിരുന്നില്ല. അവൾ പറഞ്ഞു.

'ശരി.'

ഫ്ളോറ വർളിയിലായിരുന്നു. അയാൾ കാർ സ്റ്റാർട്ടാക്കി.

# പതിനെട്ട്

നഗരത്തിൽ കൊലപാതകങ്ങൾ കൂടിയിട്ടുണ്ടെന്നത് അങ്കിളിന്റെ സ്ഥിരം ആവലാതിയാണ്. രാവിലെ ആദ്യത്തെ ചായയുടെ ഒപ്പം അദ്ദേഹം പത്രം വായിക്കുന്നു. ഒരു ട്രെയിൽ ചായകൂട്ടാനുള്ള കെറ്റിലും, പാലും പഞ്ചസാരയുമുള്ള പാത്രങ്ങളും ഒരു കപ്പും സോസറുമായി രേണു ബാൽക്കണിയിൽ കൊണ്ടുപോയി വയ്ക്കുന്നു. അങ്ക്ൾ സ്വന്തം ഇഷ്ടത്തിനനുസരിച്ച് ചായകൂട്ടി കുടിക്കുന്നു. ഒരു മൂന്നു കപ്പ് ചായ അകത്താക്കുമ്പോഴേയ്ക്ക് പത്രം മുഴുവൻ വായിച്ചു തീർന്നിട്ടുണ്ടാകും.

'അപർണ്ണാ...' അദ്ദേഹം വിളിച്ചു.

അവൾക്ക് ഉറക്കച്ചടവു മാറിയിരുന്നില്ല. ചായകുടി നിർത്തി അവൾ ബാൽക്കണിയിലേയ്ക്ക് പോയി.

'എന്താണ് അങ്ക്ൾ?'

സാധാരണ അങ്ങിനെ വിളിക്കാറുണ്ട്. അപ്പോഴാണ് അവളുടെ അന്നത്തെ പരിപാടിയെക്കുറിച്ചൊക്കെ അദ്ദേഹം ചോദിക്കാറുള്ളത്.

'നിന്റെ പ്രൊഡ്യൂസർ ഒരു സിന്ധിയല്ലേ?' അവൾ തലയാട്ടിയപ്പോൾ അദ്ദേഹം തുടർന്നു. 'ചൈനാനി?' അവൾ വീണ്ടും തലയാട്ടി.

'അയാളുടെ മകൻ മരിച്ചു.'

'എങ്ങിനെ?' അവൾ പേപ്പർ തട്ടിപ്പറിച്ചു.

ഒന്നാമത്തെ പേജിൽത്തന്നെ വലിയ അക്ഷരത്തിൽ വാർത്ത കൊടുത്തിരിക്കുന്നു. ഫിലിം പ്രൊഡ്യൂസർ ചൈനാനിയുടെ മകനും സ്നേഹിതനും വെടിയേറ്റു മരിച്ചു. അവൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയിരുന്നു. ചൈനാനിയ്ക്ക് രണ്ടു മക്കളുണ്ടായിരുന്നുവെന്നറിയാം. മൂത്തവൻ രണ്ടു വർഷം മുമ്പ് മരിച്ചുവെന്നും. അവൾ വായിക്കാൻ തുടങ്ങി. ചൈനാനിയുടെ മകൻ രാകേഷും സ്നേഹിതൻ മഹേഷും അക്രമികളുടെ വെടിയേറ്റു മരിച്ചു. ഖാറിലെ ലിങ്ക് റോഡിൽ വച്ചാണ് സംഭവം. കാറിൽ വരികയായിരുന്ന രണ്ടു പേരേയും എതിർ വശത്തുനിന്നു കാറിൽ വന്ന രണ്ടുപേർ കാർ നിർത്തി നിറയൊഴിക്കുകയായിരുന്നു. രണ്ടുപേരും ഉടനെ മരിച്ചു. അക്രമികൾ വന്ന കാറിൽത്തന്നെ രക്ഷപ്പെട്ടു

താഴെ കൊടുത്ത ചിത്രത്തിൽ ഒരു വെള്ള അംബാസഡർ കാറിനുള്ളിൽ തല കുനിച്ച മട്ടിൽ രണ്ടു പേരുടെ ശവശരീരം. അപർണ്ണയുടെ കാലുകൾക്ക് ബലക്ഷയം പോലെ തോന്നി. അവൾ ആദ്യം ആലോചിച്ചത് അവളുടെ വിധിയെപ്പറ്റിയായിരുന്നു. തനിക്ക് ചെറിയതെങ്കിൽ ചെറിയ ഒരു ചാൻസ് സിനിമയിൽ കിട്ടുമെന്നായപ്പോൾ ഇങ്ങനെയും ഒരു കുഴപ്പം. ഇനി ചൈനാനി അദ്ദേഹത്തിന്റെ പ്ലാനുകൾ മാറ്റുമോയെന്ന് ആരു കണ്ടു. അവളുടെ കണ്ണുകൾ അപ്പോഴാണ് ആ രണ്ടു ഫോട്ടോകളിലേയ്ക്കു പതിഞ്ഞത്. അടുത്ത കോളത്തിൽ മരിച്ച രണ്ടു ചെറുപ്പക്കാരുടെ ഫോട്ടോകൾ കൊടുത്തിരുന്നു. പെട്ടെന്ന് അവൾക്ക് തല കറങ്ങുന്നതായി തോന്നി. ഒരു നിമിഷത്തിനുള്ളിൽ അവൾ ബോധം കെട്ട് നിലത്തു വീണു.

ബോധം വന്നപ്പോൾ അവൾ കട്ടിലിൽ കിടക്കുകയായിരുന്നു. അങ്ക്ൾ അടുത്തുതന്നെ ഇരിക്കുന്നുണ്ട്.

'കീ ഹോലോ കീ?' അദ്ദേഹം ചോദിച്ചു.

എന്താണുണ്ടായതു? അവൾക്ക് വീണ്ടും ബോധക്ഷയം വരുന്ന പോലെ തോന്നി. അങ്ക്ൾ വീണ്ടും കുറച്ച് വെള്ളമെടുത്ത് അവളുടെ മുഖം തുടച്ചു.

'ഛി, ഛി, ഒരു വാർത്ത കണ്ട് ഇങ്ങിനെയായാലോ? ഇതൊക്കെ ഈ നഗരത്തിൽ എന്നും സംഭവിക്കണതല്ലെ? നിനക്ക് ഇത്രയും ധൈര്യമില്ലാതായോ.'

ചിത്രത്തിൽ കണ്ട രണ്ടുപേർ അംബാസഡർ കാറിൽ വന്ന് അവളെ ഉപദ്രവിച്ചവരായിരുന്നു. അയാൾ ചൈനാനിയുടെ മകനോ? അവരെ ആർ എങ്ങിനെ...

'കുഴപ്പമില്ല അങ്ക്ൾ. ഇപ്പോൾ ശരിയായി.'

'എനിക്ക് മനസ്സിലായി മോളെ.' അയാൾ പറഞ്ഞു. 'സാരംല്ല്യ. എഴുന്നേൽക്കു.'

അങ്കിളിന് ഒന്നും മനസ്സിലായിട്ടില്ലെന്ന് അവൾ ഓർത്തു. എന്തു കൊണ്ടോ അവൾക്ക് ഓർമ്മ വന്നത് സുനിലിന്റെ വാക്കുകളാണ്. 'ദേ വിൽ പേ ഫോ റിറ്റ്.' അവർ വില കൊടുത്തു കഴിഞ്ഞു. പക്ഷേ, എന്തു വില! ആരാണതു ചെയ്തിട്ടുണ്ടാവുക? അവൾക്ക് സുനിലുമായി സംസാരിക്കണമെന്ന് തോന്നി. ചൈനാനിയോടും സംസാരിക്കണം. അവൾ കുളിച്ച് പുറത്തു പോകാൻ തയ്യാറെടുത്തു.

സാധാരണ വിളിക്കാറുള്ള ബൂത്തിൽ നിന്നു വിളിക്കാതെ അല്പം അകലെയുള്ള ബൂത്തിൽ നിന്നാണ് അവൾ വിളിച്ചത്.

'ചൈനാനി ഫിലിംസ്.' രഞ്ജിനിയുടെ ശബ്ദം കേട്ടു.

'ചൈനാനി സാബുണ്ടോ.'

'ഇല്ല, ആരാണ് സംസാരിക്കുന്നത്. ഇന്ന് സാബുണ്ടാവില്ല.'

'ഇത് ഞാനാണ് അപർണ്ണ.'

'ഓ, അപർണ്ണാജി വിവരമറിഞ്ഞില്ലേ.'

'അറിഞ്ഞു.'

പത്തു മണിക്ക് വന്നോളൂ. കൺഡോലൻസ് പുസ്തകം ഇവിടെ വച്ചിട്ടുണ്ട്. ഒപ്പിട്ടുപോകാം.'

'ചൈനാനി സാബിനെ കാണാൻ പറ്റില്ലേ?'

'ഇന്നു പറ്റില്ല.'

'ശരി.'

അവൾ സുനിലിന്റെ നമ്പർ വിളിച്ചു. അയാൾ അവിടെയുണ്ടാകുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല. പക്ഷേ, രണ്ടാമത്തെ റിങ്ങിൽത്തന്നെ സുനിൽ ഫോണെടുത്തു.

'ഹലോ, സുനിൽ ഹിയർ.'

'ഇത് ഞാനാണ് അപർണ്ണ.'

'ബോലോ അപർണ്ണ, ക്യാ ഹാൽ ഹെ.'

അവൾ ഒരു മിനുറ്റ് നിശ്ശബ്ദയായി. പിന്നെ ചോദിച്ചു. 'നിങ്ങൾ പ്രവാചകനാണോ?'

'നീ ചൈനാനിയെ വിളിച്ചോ.'

'വിളിച്ചു, കിട്ടിയില്ല. പത്തു മണിക്ക് ചെന്നാൽ കൺഡോലൻസ് ബുക്കിൽ ഒപ്പിടാമെന്ന് പറഞ്ഞു രഞ്ജിനി.'

'ഞാൻ നിതിന്റെ വീട്ടിലായിരുന്നു രാത്രി മുഴുവൻ. ഇപ്പോൾ തിരിച്ചെത്തിയിട്ടേ ഉള്ളൂ. ഹീയീസെ ടോട്ടൽ റെക്ക്. ആദ്യത്തെ മകൻ രണ്ടു കൊല്ലം മുമ്പാണ് പോയത്. അതൊരു ആക്സിഡണ്ടായിരുന്നു. ഇപ്പോഴിതാ രണ്ടാമത്തേതും.'

'സുനിലിനു മനസ്സിലായോ ആരായിരുന്നു എന്നെ...' അവൾ മുഴുവൻ പറഞ്ഞു.

'എനിക്കറിയാം. ബിഗ് ബ്രദർ നോസ് എവിരിതിങ്. നീ ഇങ്ങോട്ടു വരൂ. നമുക്കൊപ്പം ചൈനാനിയുടെ ഓഫീസിൽ പോകാം.'

'ശരി ഞാൻ പത്തു മണിയ്ക്ക് വരാം.'

'ഞാൻ അപ്പോഴേയ്ക്കും ഒന്ന് കുളിച്ചു തയ്യാറാവാം.'

തിരിച്ച് വീട്ടിലേയ്ക്കു നടക്കുമ്പോൾ അവൾ ആലോചിച്ചു. സംഭവങ്ങൾ വളരെ വേഗത്തിലാണ് നടക്കുന്നത്. തനിക്കതുൾക്കൊള്ളാൻ കഴിയുന്നില്ല. ഒരു സംഭവം തന്റെ ഉള്ളിൽ ഒരു ആഘാതമുണ്ടാക്കി അതിൽനിന്ന് എഴുന്നേൽക്കുന്നതിനു മുമ്പുതന്നെ മറ്റൊന്നുണ്ടാവുന്നു. ഇങ്ങിനെ പോയാൽ എവിടെ എത്തും? ഇതാണോ താൻ ഉദ്ദേശിച്ച ജീവിതം? ജീവിതത്തെപ്പറ്റി അവൾ ആദ്യമായി ചിന്തിക്കാൻ തുടങ്ങി. അതിന്റെ നിരർത്ഥകതയെപ്പറ്റി. എന്താണ് സംഭവിക്കുക. തനിക്ക് ചൈനാനി ഒരു ചാൻസു തന്നു. അടുത്ത സിനിമയിൽ നായികസ്ഥാനം തന്നെ തന്നുവെന്നിരിക്കട്ടെ. താൻ ഒരു ഹിറ്റാവുന്നു. കൂടുതൽ പ്രൊഡ്യൂസർമാർ തന്നെ അന്വേഷിച്ചു വരുന്നു. കോൺട്രാക്റ്റുകൾ ഒപ്പിടുന്നു. കാൾ ഷീറ്റുകൾ. ഒന്നിനും സമയമില്ലാതെ ഒരു സെറ്റിൽനിന്ന് വേറൊരു സെറ്റിലേയ്ക്ക് ഓട്ടം. പണം വാരുന്നു. അതിനിടയ്ക്ക് തനിക്ക് രണ്ടു ദിവസം മുമ്പ് സംഭവിച്ചതുപോലെ അപകടങ്ങൾ. ദുരൂഹമായ ഈ തിരക്കഥയിൽ ജീവിതമെന്ന കഥാപാത്രത്തിന് എവിടെ സ്ഥാനം.

പാർകിങ് ലോട്ടിൽ വാച്ച്മാൻ ചൂണ്ടിക്കാട്ടിയ സ്ഥലത്ത് കാർ പാർക്ക് ചെയ്തു അപർണ്ണ ഇറങ്ങി. കാർ പൂട്ടിയിട്ടില്ലേ എന്ന് പരിശോധിച്ച് അവൾ നടന്നു. ചൈനാനിയുടെ ഓഫീസിലേയ്ക്ക് യാത്ര സുനിലിന്റെ കാറിലായിരിക്കണം. ലിഫ്റ്റിൽ സംഗീതമുണ്ടായിരുന്നു. അവൾക്ക് അപ്പോൾ അത് കുറച്ച് അനവസരത്തിലുള്ളതായി തോന്നി. ഏഴാം നിലയിൽ ലിഫ്റ്റ് നിന്നു. അവൾ പുറത്തിറങ്ങി. സമയം, സിനിമയിൽ സ്ലോമോഷനിൽ കാണിക്കും പോലെ നീളുന്നതായി അവൾക്കു തോന്നി. ലിഫ്റ്റിൽനിന്ന് സുനിലിന്റെ വാതിൽക്കലെത്താൻ ഇത്രയധികം സമയമോ?

ബെല്ലടിച്ചപ്പോൾ വാതിൽ തുറന്നത് സുനിൽ തന്നെയായിരുന്നു. അയാൾ അകത്തേയ്ക്കു നോക്കി ഹസീമിനോട് എന്തോ വിളിച്ചു പറഞ്ഞ് അവളുടെ ഒപ്പം ലിഫ്റ്റിലേയ്ക്കുതന്നെ നടന്നു.

ചൈനാനിയുടെ ഓഫീസിനു മുമ്പിലെ തിരക്ക് അവൾ പ്രതീക്ഷിച്ചില്ലായിരുന്നു. നിറയെ ആൾക്കാർ, ഓഫീസ് കോമ്പൗണ്ടിന്നകത്തും പുറത്തും. അകത്തും പുറത്തും നിറയെ കാറുകൾ. കാമറയുടെ ഫ്ളാഷുകൾ. അവർ അകത്തേയ്ക്കു കയറി. ഫ്ളാഷുകൾ മിന്നി. സ്വീകരണമുറിയിൽത്തന്നെ രാകേഷിന്റെ ഒരു വലിയ ഫോട്ടോയ്ക്കു മീതെ പുഷ്പഹാരം. ഒരു വലിയ താലത്തിൽ പൂക്കൾ നിറച്ചിരുന്നു. വരുന്നവരെല്ലാം അതിൽനിന്ന് പൂക്കളെടുത്ത് ഫോട്ടോവിനു താഴെ അർപ്പിച്ചു. സുനിലും ഒരു കുടന്ന പൂക്കളെടുത്ത് ഫോട്ടോവിലേയ്ക്ക് ഇട്ട് കൈകൂപ്പി. ഫ്ളാഷുകൾ മിന്നുന്നുണ്ടായിരുന്നു. അപർണ്ണ കുനിഞ്ഞു പൂക്കളെടുത്തു ഫോട്ടോവിലേയ്ക്കു നോക്കി. ഈ മനുഷ്യനാണ് രണ്ടു ദിവസം മുമ്പ് തന്നെ കൊല്ലാൻ ശ്രമിച്ചത്. നാലു പേരുടെയും ഊഴം കഴിഞ്ഞപ്പോൾ അയാളാണ് പറഞ്ഞത്. 'കതം കർദോ; നാതോ ഗുൽമാൽ ഹോ ജായഗാ.'

പിന്നീടുണ്ടായേക്കാവുന്ന കുലുമാലുകൾ ഒഴിവാക്കാൻ അവളെ കൊല്ലാൻ. ഉടനെ മറ്റൊരുത്തൻ അവളുടെ കഴുത്തിൽ പിടിക്കുകയും ചെയ്തു. അവൾ ഉച്ചത്തിൽ അലറുന്നുണ്ടായിരുന്നു. ഭാഗ്യത്തിനാണ് വാച്ച്മാൻ വന്നതും അവർ നാലുപേരും ഓടി രക്ഷപ്പെട്ടതും. അവൾ സുനിലിന്റെ നേരെ നോക്കി. അയാൾ ഒന്നും പറയാതെ അവളെ ശ്രദ്ധിച്ചു നോക്കുകയാണ്. ഫ്ളാഷുകൾ മിന്നുന്നുണ്ടായിരുന്നു. അവൾ പൂക്കൾ ഫോട്ടോവിനു മുമ്പിൽ ഇട്ട് തിരിഞ്ഞു നടന്നു.

അവർ അപ്പോൾത്തന്നെ മടങ്ങി.

'വല്ലാത്തൊരു യോഗമാണ് എന്റേത്.' അപർണ്ണ പറഞ്ഞു. സുനിൽ അവളെ ഒരു ചോദ്യത്തോടെ നോക്കി. അവർ എസ്സ് റോഡിൽനിന്ന് മെയിൻ റോഡിലേയ്ക്കു കടക്കുകയാണ്.

'എന്നെ ബലാൽസംഗം ചെയ്തശേഷം കൊല്ലുവാനുള്ള ഓർഡറും കൊടുത്ത ഒരു മനുഷ്യന്റെ ഫോട്ടോവിനു മുമ്പിൽ പുഷ്പമർപ്പിക്കുക. ലോകത്ത് ഒരു പെൺകുട്ടിയ്ക്കും ഈ ഗതികേട് ഉണ്ടായിട്ടുണ്ടാവില്ല.'

'ശരിയാണ്.' സുനിൽ പറഞ്ഞു.

'ഞാൻ ഒരു കാര്യം ചോദിക്കട്ടെ. രാകേഷിന്റെ മരണവും ദേ വിൽ പേ ഫോറിറ്റ് എന്ന സുനിലിന്റെ പ്രവചനവുമായി വല്ല ബന്ധവുമുണ്ടോ?'

'നിനക്കെന്താണ് തോന്നുന്നതു?'

'ഞാനാകെ ആശയക്കുഴപ്പത്തിലാണ്. എനിക്ക് എന്തൊക്കെയോ സംഭവിച്ചുകൊണ്ടിരിക്കയാണ്. ചുറ്റും നടക്കുന്നതെല്ലാം ശരിക്കുള്ളതാണോ അതോ സ്വപ്നം കാണുന്നതാണോ എന്നുകൂടി സംശയമാകും വിധം ഞാൻ ആശയക്കുഴപ്പത്തിലാണ്.'

'ഞാനൊരു ദൈവവിശ്വാസിയാണ്.' സുനിൽ പറഞ്ഞു. 'ഞാൻ അമ്പലങ്ങളിൽ പോകും പള്ളികളിൽ പോകും, ഗുരുദ്വാരകളിൽ പോകും. പ്രാർത്ഥിക്കും. അനീതികൾ എനിക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറത്താണ്. അനീതികൾക്കെതിരായി നടപടിയെടുക്കാൻ ഞാൻ ദൈവത്തിന് ഒന്നല്ല പല അവസരവും കൊടുക്കും. ഒന്നും നടക്കുന്നില്ലെന്നു കണ്ടാൽ നീതിയ്ക്കായി ഞാൻ മറ്റു ദൈവങ്ങളെ ആശ്രയിക്കുന്നു. അവർ എന്നെ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ല.'

'ഏതാണാ ദൈവങ്ങൾ.'

സുനിൽ ഗെയ്റ്റു കടന്നു. അയാൾ പറഞ്ഞു. 'ഇറങ്ങിക്കോളൂ.' അവൾ ഇറങ്ങി.

'പിന്നെ...' സുനിൽ അവളോടു പറഞ്ഞു. 'ഇന്നത്തെ പേപ്പറിൽ അഞ്ചാമത്തെ പേജിൽ മറ്റൊരു ന്യൂസുണ്ട്. അതു കൂടി വായിക്കണം.'

അയാൾ കാർ, പാർകിങ് ലോട്ടിലേയ്ക്കെടുത്തു. അപർണ്ണ ഒരു നിമിഷം അവിടെ നിന്നു. സുനിൽ വന്നു അവളുടെ കൈ പിടിച്ചു കുലുക്കി. 'ശരി ഇനി കാണാം. ഞാൻ പോട്ടെ, കുറച്ചു തിരക്കുണ്ട്.'

'ശരി.'

# പത്തൊമ്പത്

വീട്ടിലെത്തിയ ഉടനെ അവൾ നോക്കിയത് അന്നത്തെ പത്രമായിരുന്നു. അഞ്ചാം പേജിൽ അവൾ പരതി. ചെറിയ ചെറിയ വാർത്തകൾക്കിടയിൽ അവൾ അതു കണ്ടു പിടിച്ചു. രണ്ടു ചെറുപ്പക്കാർ സന്നിഗ്ദാവസ്ഥയിൽ ആശുപത്രിയിൽ. ബീച്ചിൽ രണ്ടു ചെറുപ്പക്കാരെ ചോര വാർന്ന നിലയിൽ കണ്ടെത്തി. അവരുടെ സ്വകാര്യ അവയവങ്ങൾ ഛേദിച്ച മട്ടിലായിരുന്നു. അവയവങ്ങൾ വീണ്ടുകിട്ടിയിട്ടില്ല. അവർ ഇപ്പോഴും സന്നിഗ്ദാവസ്ഥയിൽ തുടരുന്നു. അതിജീവിക്കാനുള്ള സാധ്യത കുറവ്.

അപർണ്ണ തളർന്നു. രണ്ടു പേജുകളിൽ വെവ്വേറെ കിടക്കുന്ന സംഭവങ്ങൾ തമ്മിലുള്ള ബന്ധം അവൾക്കു മനസ്സിലായിത്തുടങ്ങിയിരുന്നു. സ്വന്തം അതിജീവനംതന്നെ ഒരു പ്രശ്നമായി അവൾക്കു തോന്നി. എന്തിനാണ് ഇതൊക്കെ? എന്താണ് ഇതുകൊണ്ടൊക്കെ നേടുന്നതു?

അവൾ രാത്രി ഉറങ്ങുന്നതിനുമുമ്പ് അങ്ക്ളിന്റെ മരുന്നുപെട്ടി പരതി ഒരു ഉറക്കഗുളിക മോഷ്ടിച്ചു. ഇന്ന് ഉറക്കം വരണമെങ്കിൽ അതുമാത്രമേ ശരണമുള്ളൂ. അവൾ രാത്രി സുഖമായി ഉറങ്ങി.

രാവിലെ എഴുന്നേറ്റപ്പോൾ അവൾ ആലോചിച്ചത് ഇതാണ്. ഇന്ന് എന്താണ് ചെയ്യുക. ഒന്നും ചെയ്യാനില്ലാത്ത ഒരവസ്ഥയാണ്. കുറേ ദിവസത്തേയ്ക്ക് ഷൂട്ടിങ് ഉണ്ടാകുമെന്ന് തോന്നുന്നില്ല. വിനോദിന്റെ അടുത്തു പോകാൻ അവൾക്ക് യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല. സുനിലാകട്ടെ ഇന്നലെത്തന്നെ അവളെ ഒഴിവാക്കുന്ന മട്ടിലാണ് സംസാരിച്ചത്. സാധാരണ അയാൾ അവളെ വീട്ടിലേയ്ക്കു ക്ഷണിക്കാറുണ്ട്. ഇന്നലെ അതുണ്ടായില്ല. ഒരുപക്ഷേ, അയാൾ തിരക്കിലായിരിക്കും. അല്ലെങ്കിൽ സംസാരിക്കാനുള്ള മൂഡിലായിരിക്കില്ല. അവൾ മറ്റുള്ളവർക്ക് സംശയത്തിന്റെ ആനുകൂല്യം കൊടുത്തു.

ഒമ്പതു മണിക്കാണ് മിസ്സിസ്സ് പാണ്ഡേ വിളിച്ചു പറഞ്ഞത്.

'അപർണ്ണാ, ഫോൺ...'

അവൾ താഴേയ്ക്കു പോയി. സുനിലായിരുന്നു.

'ഒരു ചീത്ത വാർത്ത തരാനാണ് വിളിച്ചത്.'

ഇപ്പോൾ നടന്ന കാര്യങ്ങളെക്കാൾ ചീത്തയായി എന്താണുണ്ടാവുക? അവൾ ചോദിച്ചു. 'എന്തേ?'

'ചൈനാനി പുതിയ മൂവി ഡ്രോപ്പ് ചെയ്തിരിക്കുന്നു. അതിനു വേണ്ടി കൊടുത്ത കോൺട്രാക്ടുകളെല്ലാം കാൻസൽ ചെയ്യുകയാണ്.'

അപർണ്ണ ഒന്നും പറയാനാകാതെ ഫോണും പിടിച്ചു നിന്നു. വിശ്വസിക്കാൻ പ്രയാസം. താൻ സ്വപ്നം കാണുകയാണോ? ഇതു പകലാണോ, അതോ രാത്രിയോ.

'പിന്നെ കാണാം. ഞാൻ ഇതു പറയാൻ വിളിച്ചതാണ്.'

'ശരി' അവൾ ഫോൺ വെച്ചു.

അവൾ ഒരു മയക്കത്തിലെന്നപോലെ മുകളിലേയ്ക്കു പോയി. അങ്ക്ൾ ഓഫീസിലേയ്ക്കു പോയിരുന്നു. രേണു പച്ചക്കറി വാങ്ങാൻ പോവുകയാണ്. വാതിലടച്ച് കുറ്റിയിട്ട് അവൾ കിടക്കയിൽ പോയി വീണു. എല്ലാ സ്വപ്നങ്ങളും തകർന്നുവെന്ന് അവൾക്കു മനസ്സിലായി. താൻ കഴിഞ്ഞ ഏതാനും മാസങ്ങളായി നട്ടു വളർത്തിയ സ്വപ്നം വേരു പിടിക്കുന്നതിനു മുമ്പുതന്നെ വാടിക്കരിഞ്ഞിരിക്കുന്നു. ഇനി അപർണ്ണ എന്ന നായിക ഇല്ല. വെള്ളിത്തിരയിൽ നിറഞ്ഞുനിന്ന തന്റെ സ്വപ്നമാണ് ഒരു നിമിഷം കൊണ്ട് ഇല്ലാതായിരിക്കുന്നത്. ഇനി ജീവിച്ചിരുന്നിട്ടെന്തു കാര്യം.

അവൾ എഴുന്നേറ്റ് അങ്ക്ളിന്റെ മുറിയിലേയ്ക്കു പോയി. മരുന്നുപെട്ടി പുറത്തുതന്നെയുണ്ടായിരുന്നു. അവൾ അതു തുറന്നു. രണ്ടു സ്ലീപ്പ് ഉറക്കഗുളികകൾ. ഇന്നലെ പുതുതായി വാങ്ങിയതായിരിക്കണം. അവൾ അതുമെടുത്ത് അടുക്കളയിലേയ്ക്കു നടന്നു.

എപ്പോഴോ വാതിൽക്കൽ മുട്ടുന്ന ശബ്ദം കേട്ടിരുന്നു. പിന്നെ ചുറ്റും അതിവേഗം വളർന്നു വന്ന തമോഗർത്തത്തിൽ ആ ശബ്ദം ഇല്ലാതായി. അവൾ ഒരു ആഴമുള്ള കുഴിയിലേയ്ക്ക് തലകുത്തി വീഴുകയാണ്. കരയാനുള്ള ഒരു ശ്രമം തുടക്കത്തിലേ പരാജയപ്പെട്ടു.

# ഇരുപത്

മൂന്നുപേർ തന്നെ അമർത്തിപ്പിടിച്ചിരിക്കയാണ്. അവൾ കുതറുന്നു. നാലാമത്തവൻ തന്റെ വസ്ത്രങ്ങൾ അഴിച്ചു മാറ്റുകയാണ്. അവൾ ഉറക്കെ ശബ്ദമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷേ, ശബ്ദം തൊണ്ടയിലെവിടേയോ ഉടക്കി നിൽക്കുന്നു. അവൾ വീണ്ടും കുതറാൻ ശ്രമിച്ചു. പെട്ടെന്നവൾ കണ്ണു തുറന്നു. ഉണർന്നപ്പോൾ ആദ്യം കണ്ടത് അങ്കിളിനെയായിരുന്നു. പിന്നിൽ സുനിലും രേണുവും. ആശുപത്രിയിലാണ്. കാര്യങ്ങളുടെ സ്ഥിതി മനസ്സിലാക്കാൻ അവൾക്ക് കുറച്ചു സമയമെടുത്തു. അവളുടെ കവിളിൽക്കൂടി കണ്ണീരൊലിച്ചിറങ്ങി.

'എന്തിനാ മോള് ഇങ്ങിനെയൊക്കെ ചെയ്തതു?' അങ്കിൾ ചോദിച്ചു. 'എന്തോ ഭാഗ്യത്തിന് രേണു പണമെടുക്കാൻ മറന്നു. അവൾ തിരിച്ചു വന്നപ്പോൾ വാതിൽ തുറക്ക്ണില്ല്യാന്നു കണ്ടപ്പോൾ മിസ്സിസ്സ് പാണ്ഡേയുടെ അടുത്തു പോയി ബഹളമുണ്ടാക്കി. അതുകൊണ്ട് എന്റെ മോള് രക്ഷപ്പെട്ടു.

'ഇപ്പോൾ എങ്ങിനെയുണ്ട്?' സുനിൽ ചോദിച്ചു. അയാൾ അവളുടെ തലമുടിയിൽ തലോടി. 'ഇങ്ങിനെയൊന്നും ചെയ്യാൻ പാടില്ല മോളെ. ഇതൊക്കെ ഒരു സിനിമാതാരമായി വിജയിച്ച് വർഷങ്ങൾ കഴിഞ്ഞ് ചെയ്യേണ്ട കാര്യമാണ്. തുടങ്ങുന്നതിനു മുമ്പു തന്നെ വേണ്ടതല്ല. കാര്യങ്ങൾക്കൊക്കെ അതിന്റേതായ ഒരു ക്രമമില്ലെ. അതു തെറ്റിക്കാൻ പാടില്ല.'

സുനിലിന്റെ മുഖത്ത് ചിരിയൊന്നുമില്ല. എന്തുകൊണ്ടോ താൻ ജീവിച്ചിരിക്കുന്നു എന്നതിൽ അവൾക്ക് ആശ്വാസം തോന്നി. അവൾ അയാളുടെ കൈ പിടിച്ചമർത്തി.

# ഇരുപത്തിയൊന്ന്

സൺ ഏന്റ് സാന്റിലെ സ്വിമ്മിങ്പൂളിന്റെ കരയിലിട്ട വെളുത്ത മേശകളിലൊന്നിൽ അവർ അഭിമുഖമായി ഇരുന്നു. കടലിൽ നിന്നുള്ള കാറ്റ് വളരെ സുഖകരമായിരുന്നു. സ്വിമ്മിങ്പൂളിൽ ആളുകൾ കുറവാണ്. ഒരു സായ്‌വും മദാമ്മയും മാത്രം. അവർ ഭാര്യാഭർത്താക്കന്മാരോ കാമുകരോ ആണ്. ഓരോ വട്ടം നീന്തിക്കഴിഞ്ഞാലും അവർ കോണിമേൽ തൂങ്ങിനിന്ന് ചുംബിക്കുകയും വീണ്ടും നീന്താൻ തുടങ്ങുകയും ചെയ്യും. വീണ്ടും തിരിച്ചുവന്ന് കണിശമായി... സുനിലിന് ദേഷ്യം പിടിച്ചു.

'ഗുഡ് മോർണിങ് മിസ്റ്റർ മൽഹോത്ര.' ഒരു സ്റ്റുവാഡ് അടുത്തു വന്നു. 'മോണിങ് മേം.'

'ഗുഡ് മോണിങ്.'

അയാൾ രണ്ട് മെന്യൂ കാർഡുകൾ അവരുടെ മുമ്പിൽ വച്ച് തിരിച്ചു പോയി.

'നീ എന്താണ് കഴിക്കുന്നത്?'

'നോക്കട്ടെ.' അവൾ മെനു തുറന്നു.

'നീ കാർ തിരിച്ചു കൊടുത്തത് നന്നായി.' സുനിൽ പറഞ്ഞു. 'ഇനി നിതിന് എന്തെങ്കിലും പ്ലാനുകളുണ്ടെങ്കിൽ അയാൾ നിന്നെ വിളിക്കും. അതുവരെ ഹോളിഡേ.'

അയാൾ മെനു തുറന്ന് ഒന്നോടിച്ചുനോക്കിയ ശേഷം അടച്ചു വച്ചു. അയാൾ അപർണ്ണയെ നോക്കി. അവൾ ഗൗരവമായി മെനു പഠിക്കുകയാണ്. പെട്ടെന്ന് അയാളുടെ ഉള്ള് സ്നേഹം കൊണ്ട് നിറഞ്ഞു. അയാൾ പറഞ്ഞു. 'നോക്ക് അപർണ്ണ, അതിനിടയ്ക്ക് നമുക്കും ചിലതെല്ലാം പ്ലാൻ ചെയ്യാം. എന്തുകൊണ്ട് നമുക്ക് സ്വന്തമായി ഒരു സിനിമ എടുത്തുകൂടാ.'

'നമുക്കോ, സ്വന്തമായോ?' അവൾ അദ്ഭുതത്തോടെ സുനിലിനെ നോക്കി.

'വൈ നോട്ട്? വലിയ ബജറ്റ് സിനിമകളൊന്നും പറ്റില്ല. എന്റെ ഒരു സ്നേഹിതന്റെ കയ്യിൽ ഒരു സ്ക്രിപ്റ്റുണ്ട്. വലിയ ചെലവില്ലാതെ ഉണ്ടാക്കാൻ പറ്റുന്ന ഒരെണ്ണം. വലിയ സെറ്റിങ്ങുകളൊന്നുമില്ല.'

'അങ്ങിനത്തെ സിനിമകളാണ് നല്ലത്.' അപർണ്ണ പറഞ്ഞു. 'കഴിയുന്നത്ര ഔട്ഡോർ ഷൂട്ടിങ് മതി. സ്റ്റുഡിയോവിൽ വച്ചാവുമ്പോൾ വാടകയും മറ്റും കൊടുത്ത് മുടിയും.'

സുനിൽ അവളെ ആദരവോടെ നോക്കി. 'നീ ഇപ്പോൾത്തന്നെ ഒരു വിദഗ്ദയായിട്ടുണ്ടല്ലോ. നിന്റെ തലയിലൊന്നുമില്ലെന്നാണ് ഞാൻ കരുതിയത്.'

'ഒന്നുരണ്ട് അവാർഡുകൾ തരമാക്കാൻ എനിക്കാവും.' സുനിൽ തുടർന്നു. 'അതിൽത്തന്നെ ചെലവ് കഴിയും. ഒന്നുകിൽ ഞാൻ ഹീറോ. അതു ശരിയാവില്ലെന്നു തോന്നുവാണെങ്കിൽ നമുക്ക് മറ്റാരെയെങ്കിലും വിളിക്കാം. പ്രതിഫലത്തിന് വല്ലാതെ ആർത്തിയില്ലാത്ത ഒന്നുരണ്ടു പേരെ എനിക്കറിയാം. നീ നായിക.'

സ്റ്റുവാഡ് ഓർഡറെടുക്കാൻ വന്നു.

'കുറച്ചു കഴിയട്ടെ, തീർച്ചയാക്കിയിട്ടില്ല.'

'ശരി സർ.' അയാൾ പോയി.

'ഹീറോ ആയി മറ്റാരും വേണ്ട. സുനിലിനെന്താണ് കുറവ്?'

'പടം ഓടുകയും വേണം. കാരണം ഞാൻതന്നെയാണ് പണമിറക്കുന്നത്.'

'ഓടാതെന്താണ്? കുറച്ചൊക്കെ മസാല ചേർക്കണം.'

'അല്പം സെക്സും സ്റ്റണ്ടും അല്ലേ?'

'അതെ.'

കടലിൽ നിന്ന് വരുന്ന കാറ്റിന് തണുപ്പ്. ഒരു ക്ലോക്കിന്റെ കണിശത്തോടെ ചുംബിക്കുന്ന ദമ്പതിമാർ സ്വിമ്മിങ് പൂളിൽനിന്ന് അപ്രത്യക്ഷരായിരിക്കുന്നു. വേറെ മൂന്നുപേർ ആണ് ഇപ്പോൾ. രണ്ടു സ്ത്രീകളും ഒരു പുരുഷനും. അയാൾ വീണ്ടും വെറുതെ മെന്യൂ കാർഡ് തുറന്നു മറിച്ചു കൊണ്ടിരുന്നു.

അപർണ്ണ മെന്യൂ അടച്ചു വെച്ചു.

'സുനിൽ, ഞാനൊരു കാര്യം പറയട്ടെ?'

അയാൾ ചോദ്യത്തോടെ മുഖമുയർത്തി.

'നിങ്ങൾ ക്ലാർക് ഗേബിളിനെപ്പോലെയുണ്ട്.'

'അതെന്റെ...' അയാൾ നിർത്തി, അവളെ നോക്കി ചിരിച്ചു. അവളുടെ ചുണ്ടുകൾ നേരിയതാണ്. ഭംഗിയുള്ള നീണ്ട മൂക്ക്. തലമുടി നാലു ഭാഗത്തുനിന്നും മുകളിലേയ്ക്കു കയറ്റി നെറുകയിൽ കെട്ടിവച്ചകാരണം വെളുത്ത നിറമുള്ള നീണ്ട കഴുത്ത് മുഴുവൻ കാണാനുണ്ട്. കഴുത്തിനു പിന്നിലുള്ള നേരിയ ചെമ്പിച്ച രോമങ്ങൾ കാറ്റിലിളകുന്നു. അയാൾ പറഞ്ഞു.

'നിനക്കറിയാമോ, നീ അതിസുന്ദരിയാണ്.'

□

## ഇ. ഹരികുമാർ



1943 ജൂലൈ 13-ന് പൊന്നാനിയിൽ ജനനം. അച്ഛൻ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ. അമ്മ ഇടക്കണ്ടി ജാനകി അമ്മ. കൽക്കത്തയിൽ വച്ച് ബി. എ. പാസ്സായി. 1972-ൽ ലളിതയെ വിവാഹം ചെയ്തു. മകൻ അജയ് വിവാഹിതനാണ് (ഭാര്യ: ശുഭ). കൽക്കത്ത, ദില്ലി, ബോംബെ എന്നീ നഗരങ്ങളിൽ ജോലിയെടുത്തു. 1983-ൽ കേരളത്തിലേയ്ക്ക് തിരിച്ചു വന്നു. 1962 തൊട്ട് ചെറുകഥകളെഴുതി തുടങ്ങി. ആദ്യത്തെ കഥാസമാഹാരം 'കൂറകൾ' 72-ൽ പ്രസിദ്ധപ്പെടുത്തി. പതിനഞ്ചു കഥാസമാഹാരങ്ങളും ഒമ്പത് നോവലുകളും ഒരു അനുഭവക്കുറിപ്പും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### പുരസ്കാരങ്ങൾ

- 1988-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം 'ദിനോസറിന്റെ കുട്ടി' എന്ന കഥാസമാഹാരത്തിന്.
- 1997-ലെ പത്മരാജൻ പുരസ്കാരം 'പച്ചപ്പയ്യിനെ പിടിക്കാൻ' എന്ന കഥയ്ക്ക്.
- 1998-ലെ നാലപ്പാടൻ പുരസ്കാരം 'സൂക്ഷിച്ചുവച്ച മയിൽപ്പീലി' എന്ന കഥാസമാഹാരത്തിന്.
- 2006-ലെ കഥാപീഠം പുരസ്കാരം 'അനിതയുടെ വീട്' എന്ന കഥാസമാഹാരത്തിന്.
- 2012-ലെ ഏറ്റവും മികച്ച കഥയ്ക്കുള്ള കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി അവാർഡ് 'ശ്രീപാർവ്വതിയുടെ പാദം' എന്ന കഥയ്ക്ക്.

ആഡിയോ റിക്കാർഡിങ്, വെബ് ഡിസൈനിങ്, മൾട്ടി മീഡിയ പ്രൊഡക്ഷൻ, പുസ്തകപ്രസിദ്ധീകരണം എന്നിവയിൽ ഏർപ്പെട്ടിട്ടുണ്ട്. 1998 മുതൽ 2004 വരെ കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.